March 2016
Volume 48 Issue 10

# വ്യവസായ കേരളം
## VYAVASAYA KERALAM

Kerala
Business - to - Business Meet 2016



# കേരളം തയ്യാർ നിക്ഷേപത്തിനായി

JACKFRUIT PRO- 2016

# EMPiRE FOODS

*For healthy bites*

**Our products**

- Chappathi
- Pathiri
- Vellayappam
- Palappam
- Idiyappam
- Idly

**Empire Foods**
Iringappuram
Guruvayur 680103
Ph : 7559001900



For wholesale and retail distribution
Contact : AHAMED SHAJI.P
PH: 9895282515

Vyavasaya Keralam
# വ്യവസായകേരളം
www.keralaindustry.org

മാർച്ച് 2016
March 2016

പുസ്തകം48
Volume 48

ലക്കം 10
Issue 10

കവർസ്റ്റോറി

20 കേരളത്തിലേയ്ക്ക് 300 കോടിയുടെ വ്യാപാര അന്വേഷണങ്ങൾ

26 കൗതുകം പകർന്ന് ചക്ക ഉല്പന്നങ്ങൾ






14 ലക്ഷ്യം പരിസ്ഥിതി സൗഹൃദ വ്യവസായ വികസനം
ഡോ. മേരി ജോർജ്



18 ക്ലീനിംഗ് ഉല്പന്നങ്ങൾക്ക് ആവശ്യക്കാരേറെ
ബൈജു നെടുങ്കേരി

പടവുകൾ

6 വികസന വീഥി

## പംക്തികൾ

10 ജൈവസാങ്കേതികവിദ്യ വ്യവസായത്തിൽ
ലോറൻസ് മാത്യു

13 കെട്ടിടനിർമാണസാമഗ്രികളുടെ വിലനിലവാരം

32 മാർകറ്റ് സ്കാൻ: നികുതി ഇളവിന് ന്യൂ പെൻഷൻ സിസ്റ്റം
അലക്സ് കെ. ബാബു

34 നികുതി ജാലകം: ഒഴിവാക്കപ്പെട്ടിട്ടുള്ള പെർക്വിസിറ്റുകൾ
കെ.സി. ജോസഫ് വർഗീസ്

36 കൃഷിയും വ്യവസായവും: കറുത്ത പൊന്നിന്റെ പെരുമ കളയരുത്
ആർ. ഹേലി

50 വാർത്താജാലകം

39 വ്യവസായകേരളം ഒറ്റനോട്ടത്തിൽ

# മൂന്ന് ദിനങ്ങളിൽ 300 കോടിയുടെ വ്യാപാര അന്വേഷണങ്ങൾ

ഗ്രാമ നഗര ഭേദമില്ലാതെ കേരളത്തിലെ ചെറുകിട-ഇടത്തരം വ്യവസായ മേഖലയിൽ പ്രവർത്തിക്കുന്ന ലക്ഷക്കണക്കിന് മനുഷ്യരുടെ മനസ്സിൽ നവോർജ്ജവും ആത്മവിശ്വാസത്തിന്റെ കരുത്തും നിറച്ചാണ് കഴിഞ്ഞ ഫെബ്രുവരിയിലെ ആദ്യ ആഴ്ച കടന്നുപോയത്. കൊച്ചി സിയാൽ ട്രേഡ് ഫെയർ പ്രദർശനകേന്ദ്രത്തിൽ ഫെബ്രുവരി നാലിന് തുടങ്ങിയ ബി ടു ബി മീറ്റ് മൂന്ന് ദിവസത്തിനകം 300 കോടി രൂപയുടെ വ്യാപാര അന്വേഷണങ്ങൾ ഈ കൊച്ചു കേരളത്തിലേയ്ക്ക് എത്തിച്ചു. നമ്മുടെ ചെറുകിട ഉല്പാദകരുമായി ബന്ധപ്പെട്ട് 7200 ബിസിനസ് കൂടിക്കാഴ്ചകൾക്ക് ആ മൂന്ന് ദിനങ്ങൾ സാക്ഷിയായി. 28 വിദേശ രാജ്യങ്ങളിൽ നിന്നെത്തിയ 77 പേരുൾപ്പെടെ 469 ബയർമാരാണ് നമ്മുടെ ചെറുകിട ഉല്പാദകരുമായി ബിസിനസ് കരാറുകളിലേർപ്പെടാൻ ആവേശപൂർവം മത്സരിച്ചത്. ഇത് അതിവിശാലമായ ഒരു വിജയപാതയിലേയ്ക്കുള്ള ആദ്യപടികളാണ്. പുറംമോടികളിൽ വീണുപോകാതെ അതീവ ജാഗ്രതയോടെ കടന്നു ചെന്നാൽ ആദ്യഘട്ടത്തിലെ കല്ലും മുള്ളും തരണം ചെയ്ത് വിജയ പാതയിലേയ്ക്കുള്ള പ്രവേശനം ലളിതമാകും. അതിന് നമ്മുടെ തനി നാടൻ ഉല്പന്നങ്ങളുടെ നിർമാണവും അവയുടെ ആകർഷകമായ പായ്ക്കിങ്ങും അന്താരാഷ്ട്ര തലത്തിലുള്ള ഗുണനിലവാരത്തിലേയ്ക്ക് ഉയരേണ്ടതുണ്ട്.

ആധുനിക ലോകത്തിന്റെ ആവശ്യകതകൾ കണ്ടറിഞ്ഞ് തയ്യാറാക്കുന്ന ഉല്പന്നങ്ങൾക്ക് ഒരു കാരണവശാലും പിന്തിരിഞ്ഞു നോക്കേണ്ടി വരില്ല. പുകയില്ലാത്തതും പരിസ്ഥിതി സൗഹൃദപരവുമായ ന്യൂജൻ വിറകെന്ന് വിളിക്കാവുന്ന ബ്രിക്കറ്റിനും പരമ്പരാഗത നിർമാണ രീതികൾ പുത്തൻ തലമുറയിലേയ്ക്ക് പുനരാവിഷ്കരിച്ചുണ്ടാക്കിയ തടി ഫർണിച്ചറുകൾക്കും, രുചിയും ആരോഗ്യവും കൈവിടാതെ തയ്യാറാക്കിയ വ്യത്യസ്തങ്ങളായ തിന്നാൻ തയ്യാർ വിഭവങ്ങൾക്കും ബി ടു ബി മീറ്റിലുണ്ടായ പ്രചാരം അതിലേയ്ക്കാണ് വഴി ചൂണ്ടുന്നത്. എണ്ണ ഉപയോഗിക്കാതെ പ്രത്യേക സാങ്കേതികവിദ്യ ഉപയോഗിച്ച് വറുത്ത ഭക്ഷ്യ വസ്തുക്കൾ പല വിദേശ രാജ്യങ്ങളിലെയും ബയർമാരെ ആകർഷിച്ചു. ഉല്പന്നങ്ങൾക്ക് ഓർഡർ നൽകുന്നതിൽ മാത്രമല്ല, തങ്ങളുടെ രാജ്യത്ത് വ്യവസായം തുടങ്ങാൻ എല്ലാ അടിസ്ഥാന സഹായങ്ങളും ചെയ്യാമെന്ന വാഗ്ദാനവുമായി അവർ നമ്മുടെ ഉല്പാദകരെ സമീപിക്കുന്നുണ്ടായിരുന്നു. ശ്രീലങ്ക, ആഫ്രിക്ക തുടങ്ങിയ രാജ്യങ്ങൾ ചെറുകിട വ്യവസായങ്ങൾക്കായി നികുതി രഹിത പ്രത്യേക മേഖലകൾ ഒരുക്കിയിട്ടുണ്ട്. അവിടേയ്ക്കാണ് പലർക്കും ക്ഷണം ലഭിച്ചത്. ഈ പരിപാടിയിലൂടെ അങ്ങിങ്ങ് ചെറു ചലനങ്ങൾ സൃഷ്ടിക്കാൻ കഴിഞ്ഞതിന്റെ ചാരിതാർത്ഥ്യത്തിലാണ് ഞങ്ങൾ.

ബി ടു ബി ക്ക് സമാന്തരമായി അത്താണിയിൽ നടത്തിയ ചക്ക ഉല്പന്നങ്ങളുടെ ഉത്സവവും ബയർമാർ ഏറെ കൗതുകത്തോടെയും ആവേശത്തോടെയുമാണ് സ്വീകരിച്ചത്. നിരവധി മൾട്ടി നാഷണൽ കമ്പനികളുൾപ്പെടെ നൂറിലധികം ബയേഴ്സ് ചക്കയുടെ ഗുണവിശേഷങ്ങൾ അറിഞ്ഞെത്തിയിരുന്നു. 27 ചെറുകിട ഉല്പാദകർ പങ്കെടുത്ത മേളയിലൂടെ ഒന്നരക്കോടി രൂപയുടെ വ്യാപാര ഇടപാടുകൾക്ക് വഴിയൊരുങ്ങി. ചക്ക മാത്രമല്ല പപ്പായ, മുരിങ്ങ, ഔഷധ സസ്യങ്ങൾ തുടങ്ങി നമ്മുടെ നാട്ടിൽ സുലഭമായ പല തനിനാടൻ ഭക്ഷ്യ വസ്തുക്കളുടെയും ഗുണമേന്മ തിരിച്ചറിഞ്ഞ്, വൈവിധ്യമാർന്ന മൂല്യവർദ്ധിത ഉല്പന്നങ്ങൾ വരും കാലങ്ങളിൽ ഉണ്ടാവുക തന്നെ ചെയ്യും. ലോകത്ത് വിഷരഹിതമായ ഭക്ഷണത്തിനു വേണ്ടി മുറവിളി ഉയർന്നുകഴിഞ്ഞു. ഈ പശ്ചാത്തലം മനസ്സിലാക്കി ഗുണമേന്മയിൽ യാതൊരു വിട്ടുവീഴ്ചയ്ക്കും വശംവദരാവാതെ അന്താരാഷ്ട്ര ഗുണനിലവാരം പുലർത്തുന്ന കൂടുതൽ മൂല്യവർദ്ധിത ഉല്പന്നങ്ങളിലേയ്ക്ക് കടന്നു വരാൻ നമ്മുടെ സംരംഭകർ തയ്യാറാവുമെന്നു തന്നെ പ്രതീക്ഷിക്കാം. അവർക്കു വേണ്ട അടിസ്ഥാന സൗകര്യങ്ങളൊരുക്കാനും ആത്മധൈര്യം പകരാനും ഞങ്ങൾ എന്നും ഒപ്പമുണ്ടാവും.

ചീഫ് എഡിറ്റർ


**ചീഫ് എഡിറ്റർ**
പി.എം. ഫ്രാൻസിസ് ഐ.എ.എസ്
ഡയറക്ടർ, വ്യവസായ വാണിജ്യ വകുപ്പ്

**എഡിറ്റർ**
വി.പി.അശ്വതി

**കവർ, ഡിസൈൻ & ലേഔട്ട്**
ദീപക് മൗത്താട്ടിൽ

**ടൈപ്പ് സെറ്റിംഗ്**
വി. അഭിലാഷ്

**അഡ്മിനിസ്ട്രേറ്റീവ് സപ്പോർട്ട്**
ഇന്ദിരാഭായി പിള്ള അമ്മ പി.എസ്.,
കെ.എൻ. ശ്രീലേഖ,
ക്ലാരമ്മ ജെയിംസ്,
ആതിര ജി.,
ഡി.എൽ. അനിതകുമാരി,
പി. ബാലകൃഷ്ണൻ,
ബേബി. വൈ

**പ്രതിനിധികൾ– തിരുവനന്തപുരം** : ഇ. സലാഹുദ്ദീൻ ● **കൊല്ലം** : അബ്ദുൾ സലാം ● **പത്തനംതിട്ട**: സി.എം. ഷാജഹാൻ ● **ആലപ്പുഴ** : യു. അജിത്കുമാർ ● **കോട്ടയം** : ആർ. സുരേഷ്ബാബു ● **ഇടുക്കി** : ദീപ ● **എറണാകുളം** : ഇ.എം. നാസർ ● **തൃശൂർ** : കെ.എസ്. കൃപകുമാർ ● **പാലക്കാട്** : ഡി.എസ്. ഷിബുകുമാർ ● **മലപ്പുറം** : കെ.റ്റി. അബ്ദുൾ മജീദ് ● **കോഴിക്കോട്** : ഹയറുന്നീസ ● **വയനാട്** : പി.ബി. സത്യജിത് ● **കണ്ണൂർ** : നിധിൻ ഇ.ആർ. ● **കാസർഗോഡ്** : റ്റി. ദിനേശൻ

**എഡിറ്റോറിയൽ ഓഫീസ്**
വ്യവസായകേരളം
ഡോക്യുമെന്റേഷൻ സെന്റർ
ഡി.ഐ.സി. ബിൽഡിങ്
വെള്ളയമ്പലം
തിരുവനന്തപുരം – 695 033

**ഫോൺ:** 0471 2322789
**ഇമെയിൽ**– vyavasayakeralam@gmail.com
**വെബ്സൈറ്റ്**– www.keralaindustry.org

വ്യവസായകേരളം vyavasayakeralam



ലേഖകരുടെ അഭിപ്രായങ്ങൾ സർക്കാരിന്റേതായിരിക്കണമെന്നില്ല.
അവയുടെ ഉത്തരവാദിത്വം ലേഖകർക്ക് മാത്രമാണ്.





പി.കെ. കുഞ്ഞാലിക്കുട്ടി
(വ്യവസായ -ഐടി വകുപ്പ് മന്ത്രി)

# സമാനതകളില്ലാത്ത നേട്ടങ്ങളുടെ അഞ്ച് വർഷങ്ങൾ

അതുല്യമായ വികസന നേട്ടങ്ങൾ കേരളത്തിന് സമ്മാനിച്ച അഞ്ച് വർഷങ്ങളായിരുന്നു കടന്നുപോയത്. അക്ഷരാർത്ഥത്തിൽ വികസനവും കരുതലും എന്ന മുദ്രാവാക്യത്തെ നടപ്പിൽവരുത്തിയ സർക്കാരായിരുന്നു ഇത്. കേരളം ഇതുവരെ കാണാത്തനിലയിലുള്ള വികസന പ്രവർത്തനങ്ങൾക്കാണ് നാം സാക്ഷ്യം വഹിച്ചത്. വൻകിട വികസന പദ്ധതികളും അതോടൊപ്പം ക്ഷേമപ്രവർത്തനങ്ങളും വൻതോതിൽ യാഥാർത്ഥ്യമായി. ജനകീയ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കുന്നതിൽ വലിയ ശ്രദ്ധയാണ് സർക്കാർ നൽകിയത്. അടിസ്ഥാന സൗകര്യവികസനത്തിന് ഒരുകാലത്തുമില്ലാത്ത വിഹിതം ഈ സർക്കാർ നൽകി. ഇതെല്ലാം ഭാവിയെ ലക്ഷ്യം വെച്ചുള്ള നടപടികളായിരുന്നു.

വ്യവസായ-ഐടി വകുപ്പുകളിലും വലിയ നേട്ടങ്ങളാണ് സാധ്യമായത്. ചെറുകിട വ്യവസായമേഖല സമഗ്രമായി ഉണർന്നു. വൻതോതിൽ തൊഴിലവസരവും നിക്ഷേപവും ഉറപ്പാക്കികൊണ്ട്, പരിസ്ഥിതി നാശമൊന്നും സൃഷ്ടിക്കാതെ കേരളത്തിന് യോജിച്ച മേഖലയാണെന്ന് വ്യക്തമാക്കിയാണ് ചെറുകിട മേഖല വളർന്നത്. കേരളത്തിന് യോജിച്ച മികച്ച നിക്ഷേപാവസരങ്ങളും എമർജിംഗ് കേരള വഴി തുറന്നുകിട്ടി. വനിതാ സംരംഭകസംഗമം, യുവസംരംഭക സംഗമം എന്നിവ സമാനതകളില്ലാത്തതും ഇന്ത്യയിലെ തന്നെ നടാടെയുള്ളതുമായ ഇടപെടലുകളായി. യുവാക്കളെയും വനിതകളെയും കൂടുതലായി സംരംഭകരാക്കുക എന്ന പ്രഖ്യാപിത ലക്ഷ്യത്തിലേക്ക് നടന്നടുക്കാൻ നമുക്കായി. യുവസംരംഭക സംഗമത്തിന്റെ വിജയത്തെ തുടർന്ന് സ്റ്റാർട്ട്അപ്പുകളെ പ്രോത്സാഹിപ്പിക്കാൻ പ്രത്യേക നയപരിപാടി തന്നെ രൂപീകരിച്ചു. വിദ്യാർത്ഥികളെ വളരെ ചെറിയ പ്രായത്തിൽ തന്നെ സംരംഭക ശീലമുള്ളവരാക്കാൻ ഉപകരിക്കുംവിധമുള്ള പദ്ധതികൾ ആവിഷ്കരിച്ചു. അത്ഭുതത്തോടെ നമ്മുടെ രാജ്യം കേരളത്തിന്റെ സ്റ്റാർട്ട്അപ് പദ്ധതികളെ അംഗീകരിക്കുന്നതും നാം കണ്ടു. അനുകരണമാണ് നമ്മുടെ ഇടപെടൽ വിജയം കണ്ടു എന്നതിനുള്ള ഏറ്റവും വലിയ സാക്ഷ്യപത്രം. നമ്മുടെ സ്റ്റാർട്ട്അപ് മാതൃക ആദ്യം ആന്ധ്രാപ്രദേശും പിന്നീട് ഗുജറാത്തും അതിന് ശേഷം കേന്ദ്രസർക്കാരും തന്നെ അനുകരിക്കുന്ന നിലവന്നു.

കൈത്തറി-ടെക്സ്റ്റൈൽ മേഖലയിലും നൂതന പദ്ധതികൾ ആവിഷ്കരിക്കാനും നെയ്ത്തുകാർക്ക് പരമാവധി സഹായം ഉറപ്പാക്കി അവരെ കടക്കെണിയിൽ നിന്നും മുക്തരാക്കാനും ഈ സർക്കാരിനായി. പരമ്പരാഗത വ്യവസായ മേഖലകളായ കശുവണ്ടി, കയർ, ഖാദി, നെയ്ത്ത്, കരകൗശലം തുടങ്ങി സർവമേഖലകൾക്കും സമാനതകളില്ലാത്ത കൈത്താങ്ങാണ് ഈ സർക്കാർ നൽകിയത്. ഐടി മേഖലയിലും വലിയ വളർച്ചയാണ് നമുക്ക് സാധ്യമായത്. 3000 കോടിയിൽ നിന്നും അഞ്ച് വർഷംകൊണ്ട് 15,000 കോടിയിലേക്ക് നമ്മുടെ നേരിട്ടുള്ള ഐടി കയറ്റുമതി വരുമാനം വർദ്ധിച്ചു. ഒരു ലക്ഷത്തിലധികം പേർക്ക് നേരിട്ട് തൊഴിൽ നൽകുന്ന മേഖലയായി ഐടി മാറി. സ്മാർട്ട്സിറ്റി, യു.എൽ. സൈബർ പാർക്ക് എന്നിവയും യാഥാർത്ഥ്യമായി.

ഐടി അധിഷ്ഠിത സേവനങ്ങൾ വ്യാപകമായി ജനങ്ങൾക്ക് ഉറപ്പാക്കി അവരെ ചുവപ്പ് നാടയിൽ നിന്ന് കരകയറ്റിയ സർക്കാരാണിത്. ഇത്തരം നടപടികളുടെ ഭാഗമായി 2016 ഫെബ്രുവരി 27 ന് ആദരണീയനായ രാഷ്ട്രപതി കേരളത്തെ ഇന്ത്യയിലെ ആദ്യ ഡിജിറ്റൽ സംസ്ഥാനമായി കോഴിക്കോട്ട് വെച്ച് പ്രഖ്യാപിച്ചു. ഏറ്റവും അഭിമാനം തോന്നിയ നിമിഷമായിരുന്നു അത്. നൂറുകണക്കിന് വികസന ക്ഷേമ പദ്ധതികളിൽ കാര്യമായ സംഭാവനകൾ വ്യവസായ-ഐടി വകുപ്പുകൾക്ക് നൽകാനായതിൽ എനിക്ക് ചാരിതാർത്ഥ്യമുണ്ട്. ഇക്കാര്യത്തിൽ സഹകരിച്ച മുഴുവൻ പേരോടും വ്യക്തിപരമായ നന്ദി അറിയിക്കുന്നു.

# വേണ്ടത് പരിസ്ഥിതി സൗഹൃദ വ്യവസായങ്ങൾ

കേരളത്തിന് അനുയോജ്യം ചെറുകിട-ഐ. ടി വ്യവസായങ്ങളാണെന്നും പരിസ്ഥിതി മലിനീകരണം ഉൾപെടെയുള്ള പ്രശ്നങ്ങൾക്ക് ഇതിലൂടെ പരിഹാരമാകുമെന്നും മന്ത്രി പി. കെ. കുഞ്ഞാലിക്കുട്ടി പറഞ്ഞു. പുഴക്കൽ പാടത്ത് വ്യവസായ വാണിജ്യ വകുപ്പ് നിർമിച്ച ബഹുനില വ്യവസായ സമുച്ചയം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ഒരു ലക്ഷം ചതുരശ്ര അടിയിൽ ഒന്നാം ഘട്ട നിർമാണമാണ് പൂർത്തീകരിച്ചത്. അഞ്ചു വർഷത്തിനകം മൂന്നു ഘട്ടങ്ങളിലായി അഞ്ചു ലക്ഷം ചതുരശ്രയടി കെട്ടിടം




കൂടി നിർമിക്കും. എല്ലാ ജില്ലകളിലും ബഹുനില വ്യവസായ കോംപ്ലക്സുകൾ നിർമിക്കുമെന്നും ഇതിലൂടെ കൂടുതൽ തൊഴിലവസരമുണ്ടാകുമെന്നും മന്ത്രി വിശദീകരിച്ചു.

ഇലക്ട്രിക് ലൈറ്റുകൾ, ഫാർമ, ഇലക്ട്രോണിക്സ്, പേപ്പർ യൂണിറ്റ് തുടങ്ങിയ സംരംഭങ്ങൾക്കാണ് ആദ്യഘട്ടത്തിൽ സ്ഥലം അനുവദിച്ചിട്ടുള്ളതെന്ന് വ്യവസായ വകുപ്പ്- ഐ. ടി. സെക്രട്ടറി പി. എച്ച്. കുര്യൻ പറഞ്ഞു. മലിനീകരണം ഇല്ലാത്ത വ്യവസായങ്ങൾ മാത്രമേ ഇവിടെ അനുവദിക്കുകയുള്ളൂ എന്നും കുര്യൻ വ്യക്തമാക്കി. 136 പേരാണ് അപേക്ഷ നൽകിയത്. അടങ്കൽ ചെലവ് 15 കോടി രൂപയാണ്. ചടങ്ങിൽ തേറമ്പിൽ രാമകൃഷ്ണൻ എം. എൽ. എ അധ്യക്ഷത വഹിച്ചു.

ജില്ലയിൽ ഐ. ടി. പാർക്കുകൾ ഒഴിച്ചു നിർത്തിയാൽ ഇത്തരം ബഹുനില വ്യവസായ സമുച്ചയം നിർമിക്കുന്നത് ആദ്യമായാണ്. വ്യവസായ വകുപ്പ് ചെറുകിട വ്യവസായ വികസനത്തിന് 2000 മെയ് ഒമ്പതിന് ഏറ്റെടുത്ത 51.41 ഏക്കറിൽ 40 ഏക്കർ ഭൂമി 2006 ൽ കിൻഫ്രയ്ക്ക് കൈമാറിയ ശേഷം വന്ന 11.41 ഏക്കർ ജില്ലാ വ്യവസായകേന്ദ്രത്തിന്റെ കീഴിൽ ബഹുനില വ്യവസായ സമുച്ചയം നിർമിക്കാൻ തീരുമാനിക്കുകയായിരുന്നു. ഇതിൽ 2.50 ഏക്കർ സ്ഥലത്താണ് വ്യവസായ സമുച്ചയം പൂർത്തിയായിട്ടുള്ളത്. നാല് ഘട്ടങ്ങളിലായി സ്ഥാപിക്കാൻ ഉദ്ദേശിച്ചിട്ടുള്ള വ്യവസായ പാർക്കിന്റെ ആദ്യഘട്ടത്തിന്റെ ഉദ്ഘാടനമാണ് നടന്നത്. ഭാവിയിൽ ഇവിടെ ഇത്തരം മൂന്ന് വ്യവസായ സമുച്ചയം കൂടി നിർമിക്കും. ജില്ലാ വ്യവസായകേന്ദ്രത്തിന്റെ കീഴിൽ അത്താണി, കുന്നംകുളം, വേളക്കോട്, അയ്യൻകുന്ന് എന്നീ നാല് വ്യവസായ പ്ലോട്ടുകൾ ഉണ്ടെങ്കിലും ഇത്രയും വലിയ മുതൽ മുടക്കിൽ നിർമിക്കുന്ന ആദ്യത്തെ ബഹുനില വ്യവസായ സമുച്ചയമാണ് പുഴയ്ക്കൽപാടത്തേത്. 15 കോടി രൂപ മുതൽ മുടക്കി ഒരു ലക്ഷം ചതുരശ്ര അടി വിസ്തീർണത്തിൽ മൂന്ന് നിലകളിലായാണ് കെട്ടിടം നിർമിച്ചിട്ടുള്ളത്. 2012 ൽ വ്യവസായമന്ത്രി പി. കെ. കുഞ്ഞാലിക്കുട്ടി തന്നെയാണ് ഈ സമുച്ചയത്തിന്റെ ശിലാസ്ഥാപനം നിർവഹിച്ചത്. കെട്ടിടത്തിന്റെ നിർമാണം സംസ്ഥാന ചെറുകിട വ്യവസായ വികസന കോർപറേഷനാണ് ഏറ്റെടുത്തത്.

പദ്ധതി യാഥാർത്ഥ്യമായതോടെ 50 കോടി രൂപയുടെ നവ നിക്ഷേപവും 1000 തൊഴിലവസരങ്ങളും പ്രതീക്ഷിക്കുന്നു. സംരംഭകർക്ക് അവരുടെ സ്വപ്ന പദ്ധതി സാക്ഷാത്കരിക്കുന്നതിനുള്ള എല്ലാവിധ അടിസ്ഥാന സൗകര്യങ്ങളോടും കൂടിയാണ് സമുച്ചയം വിഭാവന ചെയ്തത്. വ്യവസായ സംരംഭങ്ങൾക്ക് ഭൂമിയുടെ ദൗർലഭ്യം ഏറ്റവും വലിയ പ്രതിസന്ധിയായിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ ഉയരത്തിൽ വികസിക്കുക എന്ന ആശയത്തെ മുൻനിർത്തിയാണ് ഇത്തരമൊരു പദ്ധതി നടപ്പിലാക്കുന്നത്. കാർഷിക-ഭക്ഷ്യ സംസ്കരണം, വസ്ത്ര നിർമാണം, ഇലക്ട്രിക്കൽ, ഇലക്ട്രോണിക്സ്, ലൈറ്റ് എഞ്ചിനീയറിംഗ്, ഫാർമസ്യൂട്ടിക്കൽ, പേപ്പർ



അധിഷ്ഠിത ഉല്പന്നങ്ങൾ തുടങ്ങി പരിസ്ഥിതി സൗഹൃദ വ്യവസായങ്ങൾ ആരംഭിക്കുന്നതിനാണ് പ്രാമുഖ്യം നൽകുക.

പരിസ്ഥിതി സൗഹൃദ വ്യവസായങ്ങൾക്കാണ് ഇവിടെ സ്ഥലം അനുവദിക്കുന്നത് എന്നതിനാൽ യൂണിറ്റുകൾ പ്രവർത്തനം ആരംഭിക്കുന്നതിന് കാലവിളംബം ഉണ്ടാകുന്നില്ല എന്ന നേട്ടവുമുണ്ട്. അനുമതി പത്രങ്ങൾ ലഭിക്കുന്നതിലുള്ള കാലതാമസം സംരംഭകരെ മനം മടുപ്പിക്കുന്നു എന്ന പ്രശ്നത്തിന് പരിഹാരം കൂടിയാവും ഇത്തരം ബഹുനില വ്യവസായ സമുച്ചയങ്ങൾ. വിദേശ രാജ്യങ്ങളിൽ നിന്നും മടങ്ങി വരുന്ന മലയാളികൾക്ക് ഏറെ പ്രതീക്ഷയേകുന്ന ഇത്തരം ബഹുനില വ്യവസായ സമുച്ചയങ്ങൾ സംസ്ഥാനത്ത് എല്ലാ ജില്ലകളിലും സ്ഥാപിച്ച് വരികയാണ്.

സർക്കാർ ഇത്തരം പദ്ധതികളിൽ മുടക്കുന്ന നിക്ഷേപം ചുരുങ്ങിയ കാലം കൊണ്ട് തന്നെ വിൽപന നികുതിയിനത്തിൽ സർക്കാരിന് തിരികെ ലഭിക്കേണ്ടതിനാൽ ഏറ്റവും കൂടുതൽ പദ്ധതി ചെലവ് വരുന്ന വ്യവസായശാലകൾക്കാണ് സ്ഥലം അനുവദിക്കുന്നതിൽ മുന്തിയ പരിഗണന നൽകുന്നത്.

ചതുരശ്ര അടിക്ക് താഴത്തെ നിലയിൽ 10 രൂപയും ഒന്നാം നിലയിൽ 12 രൂപയും രണ്ടാം നിലയിൽ 14 രൂപയും പ്രതിമാസ വാടക നിരക്കിൽ 10 വർഷത്തെ ലീസ് വ്യവസ്ഥയിലാണ് ഇവിടെ സ്ഥലം അനുവദിക്കുന്നത്.

സ്ഥലം കിട്ടുന്നതിനായി 136 അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്നും അലോട്ട്മെന്റ് നടപടികൾ ഉടൻ പൂർത്തിയാകുമെന്നും ജില്ലാ വ്യവസായകേന്ദ്രം ജനറൽ മാനേജർ അറിയിച്ചു.



# പ്രതിരോധ പാർക്കിന് ശിലയിട്ടു




ഉല്പാദനമേഖലയ്ക്ക് ഉണർവു പകരുന്ന വ്യവസായനയമുള്ളതുകൊണ്ടു തന്നെ സർക്കാരുകൾ മാറുന്നത് വ്യാവസായിക പുരോഗതിക്ക് മങ്ങലേല്പിക്കില്ലെന്ന് മന്ത്രി. പി. കെ. കുഞ്ഞാലിക്കുട്ടി പറഞ്ഞു. ഒറ്റപ്പാലത്ത് കിൻഫ്ര വ്യവസായ പാർക്കിന്റെ ഉദ്ഘാടനവും പ്രതിരോധ പാർക്കിന്റെ ശിലാസ്ഥാപനവും നിർവഹിക്കുകയായിരുന്നു മന്ത്രി. തൊഴിലിനായി എപ്പോഴും അന്യ നാടുകളെ ആശ്രയിക്കുന്ന സ്ഥിതി മാറ്റി നമ്മുടെ നാട്ടിൽതന്നെ മികച്ച അവസരങ്ങൾ ഇനിയും സൃഷ്ടിക്കപ്പെടണമെന്നും മന്ത്രി പറഞ്ഞു. എം. ഹംസ എം. എൽ. എ അദ്ധ്യക്ഷനായിരുന്നു.

വ്യവസായ പാർക്കിൽ ഭക്ഷ്യ സംസ്കരണ വ്യവസായം ആരംഭിക്കുന്നതിന് ഇറാം ഗ്രൂപ്പ് ചെയർമാനും മാനേജിങ് ഡയറക്ടറുമായ ഡോ. സിദ്ദിക് അഹമ്മദുമായി കിൻഫ്ര ധാരണാപത്രം ഒപ്പുവച്ചു. പാർക്കിൽ റെഡിമെയ്ഡ് ഗാർമെന്റ്സ് യൂണിറ്റ് തുടങ്ങുന്ന ബ്ലിസ്ഫുൾ അപ്പാരൽസ് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിനുള്ള സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറി ബിൽഡിങിന്റെ ആദ്യ അലോട്ട്മെന്റ് മാനേജിങ് പാർട്ണർ ശങ്കരനാരായണന് കൈമാറി.



പ്രതിരോധ മേഖലയിലുപയോഗിക്കുന്ന യന്ത്ര സാമഗ്രികൾ നിർമിക്കുന്ന പൊതുമേഖലയിലെ ഇന്ത്യയിലെ ആദ്യത്തെ പ്രതിരോധ പാർക്കിനാണ് തറക്കല്ലിട്ടത്. വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി പി. എച്ച്. കുര്യൻ, കിൻഫ്ര എം. ഡി. ഡോ. ജി. സി. ഗോപാല പിള്ള സംബന്ധിച്ചു.




ഡിജിറ്റൽ ഇൻഡ്യ സമിറ്റിന്റെ ഉദ്ഘാടനം കോവളം താജ് വിവാന്റയിൽ മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി നിർവഹിക്കുന്നു. വ്യവസായമന്ത്രി പി.കെ. കുഞ്ഞാലിക്കുട്ടി സമീപം.

# എടയാറിൽ എസ്. എം. ഇ ടവർ



സൂക്ഷ്മ-ചെറുകിട സംരംഭങ്ങളുടെ വളർച്ചയ്ക്ക് പുതുജീവൻ നൽകുന്നതിന് വ്യവസായ വാണിജ്യ വകുപ്പ് ആവിഷ്കരിച്ച കേരളത്തിലെ ആദ്യത്തെ ബഹുനില വ്യവസായ സമുച്ചയം എറണാകുളം ജില്ലയിലെ എടയാർ വ്യവസായമേഖലയിൽ പ്രവർത്തനസജ്ജമായി. എസ്. എം. ഇ. ടവർ എന്ന് പേരിട്ട ഈ സമുച്ചയം സംസ്ഥാന പൊതുമരാമത്ത് വകുപ്പ് മന്ത്രി വി. കെ. ഇബ്രാഹിംകുഞ്ഞ് ഉദ്ഘാടനം ചെയ്തു. എറണാകുളം എം. പി. പ്രൊഫ. കെ. വി. തോമസ് അദ്ധ്യക്ഷനായിരുന്നു. വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി പി. എച്ച്. കുര്യൻ, ഡയറക്ടർ പി. എം. ഫ്രാൻസിസ്, അഡീഷണൽ ഡയറക്ടർ കെ. സുധീർ, ജില്ലാ വ്യവസായകേന്ദ്രം ജനറൽ മാനേജർ കെ. എൻ. കൃഷ്ണകുമാർ, ത്രിതല പഞ്ചായത്ത് ഭരണസമിതി അംഗങ്ങൾ, സ്ഥലത്തെ രാഷ്ട്രീയ പ്രമുഖർ സന്നിഹിതരായിരുന്നു.




പരമ്പരാഗത പശ്ചാത്തല വികസന സമ്പ്രദായങ്ങളിൽ നിന്ന് വ്യതിചലിച്ചുകൊണ്ട് വ്യവസായ ഭൂമിയുടെ അപര്യാപ്തത പരിഗണിച്ച് ഉയരത്തിൽ വികസിക്കുക എന്ന കാഴ്ചപ്പാടോടെയാണ്, കൂടുതൽ വ്യവസായ സംരംഭങ്ങൾ ഒരിടത്ത് കേന്ദ്രീകരിക്കുന്ന വ്യവസായ സമുച്ചയങ്ങൾ സർക്കാർ വിഭാവനചെയ്തിട്ടുള്ളത്. 85 സെന്റ് വ്യവസായ ഭൂമിയിൽ ആറ് കോടിയോളം രൂപ ചെലവഴിച്ച് ഏകദേശം 30000 ച. അടി വിസ്തീർണത്തിൽ പണികഴിപ്പിച്ച ഈ സമുച്ചയത്തിൽ വൈദ്യുതി, വെള്ളം, ഇൻഡസ്ട്രിയൽ ലിഫ്റ്റ് തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്. ആദ്യഘട്ടത്തിൽ 18 സൂക്ഷ്മ-ചെറുകിട സംരംഭങ്ങളെയാണ് ഇവിടേയ്ക്ക് തിരഞ്ഞെടുത്തിട്ടുള്ളത്. ആകെ 10 കോടി രൂപയുടെ നിക്ഷേപവും പ്രത്യക്ഷമായും പരോക്ഷമായും 200 പേർക്ക് തൊഴിലവസരങ്ങളുമാണ് ഇതിൽ നിന്ന് പ്രതീക്ഷിക്കുന്നത്.

കേരളത്തിൽ പൊതുവേയും എറണാകുളം ജില്ലയിൽ പ്രത്യേകിച്ചും ഭൂമിയുടെ ദൗർലഭ്യവും ഉയർന്ന വിലയും മൂലം സംരംഭകർ നേരിടുന്ന പ്രശ്നത്തിന് ഒരു പരിധിവരെ ആശ്വാസമേകുവാൻ എസ്. എം. ഇ ടവറിന് കഴിയുമെന്ന പ്രത്യാശയിലാണ് വ്യവസായ വകുപ്പ്.

# പൊതുമേഖലയ്ക്ക് കെ. എസ്. എഫ്. ഇ മികച്ച മാതൃക

കേരളത്തിലെ പൊതുമേഖലാ സ്ഥാപനങ്ങൾക്ക് ലാഭകരമായി പ്രവർത്തിക്കാമെന്നതിനുള്ള മികച്ച മാതൃകയാണ് കെ. എസ്. എഫ്. ഇ യെന്ന് മന്ത്രി പി. കെ. കുഞ്ഞാലിക്കുട്ടി പറഞ്ഞു. കെ. എസ്. എഫ്. ഇ യുടെ മലപ്പുറം മേഖലാ ഓഫീസ് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

സാധാരണക്കാരെയും ഇടത്തരക്കാരെയും സാമ്പത്തിക ചൂഷകരിൽ നിന്ന് ആവശ്യമായ സഹായങ്ങൾ നൽകി സംരക്ഷിക്കാൻ കെ. എസ്. എഫ്. ഇ മികച്ച സേവനമാണ് നടത്തുന്നത്. മലപ്പുറത്തിനു ലഭിച്ച പുതുവത്സര സമ്മാനമാണ് മേഖലാ ഓഫീസെന്നും അദ്ദേഹം പറഞ്ഞു. ഉബൈദുള്ള എം. എൽ. എ അദ്ധ്യക്ഷത വഹിച്ചു. കെ. എസ്. എഫ്. ഇ ചെയർമാൻ പി. ടി. ജോസ്, നഗരസഭാ ചെയർപേഴ്സൺ സി. എച്ച്. ജമീല ടീച്ചർ, ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് സക്കീന പുൽപ്പാടൻ, നഗരസഭ വൈസ് ചെയർമാൻ പെരുമ്പള്ളി സെയ്ത് സംബന്ധിച്ചു.

ലോറൻസ് മാത്യു

ടെക്നോ ട്രെന്റ്സ്

# ജൈവസാങ്കേതികവിദ്യ വ്യവസായത്തിൽ



ഈയടുത്ത കാലത്തായി ഉയർന്നു വന്ന ഒരു സാങ്കേതികവിദ്യയാണ് ജൈവ സാങ്കേതിക വിദ്യ (ബയോ ടെക്നോളജി). ഇന്ന് വ്യവസായരംഗം തന്നെ ഒട്ടനവധി മാറ്റങ്ങൾക്ക് വിധേയമായിക്കൊണ്ടിരിക്കുന്ന കാലഘട്ടത്തിൽ ബയോടെക്നോളജി അനുബന്ധ വ്യവസായങ്ങൾക്ക് ഏറെ പ്രസക്തിയുണ്ട്. ശാസ്ത്ര സാങ്കേതിക രംഗത്തുണ്ടാവുന്ന മാറ്റങ്ങൾ വ്യവസായരംഗത്ത് പ്രതിഫലിക്കുമ്പോഴേ അത് സാധാരണക്കാർക്ക് പ്രയോജനകരമായി തീരുകയുള്ളൂ. ഇന്ത്യയിൽ ഇന്ന് ബയോടെക്നോളജി അധിഷ്ടിത വ്യവസായങ്ങൾക്ക് വളരെ സാധ്യതയുണ്ടെന്നതാണ് സത്യം. ഏഷ്യ പെസഫികിലെ ബയോടെക്നോളജിയധിഷ്ഠിത വ്യവസായങ്ങളിൽ ഇന്ത്യയ്ക്ക് മൂന്നാം സ്ഥാനമാണുള്ളത്. ഇന്ത്യയ്ക്ക് വിവിധ ജൈവമാറ്റം വരുത്തിയ പച്ചക്കറികളുടെ ഉൽപാദനരംഗത്ത് മുന്നേറുവാൻ കഴിയുമെന്നാണ് കണക്കുകൾ കാണിക്കുന്നത്. ഇന്ന് ഏറെ ഗവേഷണം നടക്കുന്ന ഒരു മേഖലയും കൂടിയാണിത്. അതിനാൽ തന്നെ വരും നാളുകളിൽ ഈ സാങ്കേതികവിദ്യയിൽ അധിഷ്ഠിതമായ വ്യവസായങ്ങൾ ഏറെയുണ്ടാകുമെന്നതിന് പക്ഷാന്തരമില്ല.

### എന്താണ് ബയോടെക്നോളജി

ജൈവ വസ്തുക്കളെ അനുദിന ജീവിതത്തിൽ ഉപകാരപ്രദമായ വിധത്തിൽ സാങ്കേതികവിദ്യയുടെ സഹായത്തോടെ ഉപയോഗിക്കുന്ന ശാസ്ത്രശാഖയാണ് ബയോടെക്നോളജി. ജെനെറ്റിക്സ്, മോളിക്കുലാർ ബയോളജി, ബയോകെമിസ്ട്രി, എംബ്രിയോളജി, സെൽ ബയോളജി എന്നിവ ബയോടെക്നോളജിയിൽ ഒന്നിക്കുന്നു. ഇവ കെമിക്കൽ എഞ്ചിനീയറിംഗ്, ഇൻഫർമേഷൻ ടെക്നോളജി എന്നീ മേഖലകളിൽ തുടർന്ന് ഉപയോഗപ്പെടുത്തുന്നു. അവസാന ഘട്ടത്തിൽ കൃഷി, ഫുഡ് സയൻസ്, മെഡിസിൻ എന്നീ മേഖലകൾ ഇതിൽ നിന്നും പ്രയോജനം സ്വീകരിക്കുന്നു.

### വ്യാവസായിക സാധ്യതകൾ

മനുഷ്യനഭിമുഖീകരിക്കുന്ന ഒട്ടു മിക്ക പ്രശ്നങ്ങൾക്കും ബയോ ടെക്നോളജിയിൽ പരിഹാരമുണ്ടെന്നതാണ് വസ്തുത. അതിനാൽ തന്നെ വിവിധ രംഗങ്ങളിലെ വ്യവസായവത്കരണത്തിന് ഈ ടെക്നോളജി സഹായകരമാകും.

### ജലദൗർലഭ്യം

ഭൂമിയുടെ മൂന്നിൽ രണ്ട് ഭാഗവും വെള്ളമാണെങ്കിലും ശുദ്ധജലദൗർലഭ്യം ഒരു പ്രശ്നം തന്നെയാണിന്ന്. ലോകജനസംഖ്യയിൽ 100 കോടിയിലധികം പേർക്ക് ശുദ്ധമായ കുടിവെള്ളം ലഭ്യമല്ല. യൂനിസെഫിന്റെ കണക്കനുസരിച്ച് മലിനജലം ഉപയോഗിക്കുന്നത് മൂലം 15 ലക്ഷം കുട്ടികളാണ് പ്രതിവർഷം മരണമടയുന്നത്. ബയോടെക്നോളജിസ്റ്റുകൾക്ക് ഇവിടെ ഫലപ്രദമായി ഇടപെടുവാൻ സാധിക്കും. സമുദ്രജലത്തേയും മറ്റ് മലിനജലത്തേയും ശുദ്ധജലമാക്കി മാറ്റുവാനുള്ള പ്ലാന്റുകൾ സ്ഥാപിക്കുവാൻ കഴിയും. അതുവഴി ഉപയോഗിച്ച ജലത്തെ വീണ്ടും റീസൈക്കിൾ ചെയ്ത് പുനരുപയോഗം നടത്തുവാൻ കഴിയും.

### പരിസ്ഥിതി സംരക്ഷണം

ഹസാർഡ്സ് ആയ മാലിന്യങ്ങളെ മൈക്രോ ഓർഗാനി

ക്സിന്റെ സഹായത്താൽ മാലിന്യമുക്തമാക്കുവാൻ കഴിയും. പരിസ്ഥിതിക്ക് ദോഷമുണ്ടാക്കുന്ന മാലിന്യങ്ങളെ ബാക്ടീരിയ ഉപയോഗിച്ച് ശുദ്ധീകരിക്കുവാനും കഴിയും.

### ഇന്ധനക്ഷാമം

അനതി വിദൂരഭാവിയിൽ ലോകം നേരിടാൻ പോകുന്ന അതിഭീകരമായ ഒരു വിപത്താണ് ഇന്ധനക്ഷാമമെന്നത്. പച്ചക്കറി വേസ്റ്റും മൃഗക്കൊഴുപ്പുമെല്ലാം ബയോഡീസലാക്കി മാറ്റുന്നതിലൂടെ ഈ ക്ഷാമം ഒരു പരിധി വരെ പരിഹരിക്കുവാൻ കഴിയും. ജനറ്റിക് എഞ്ചിനീയറിങ്ങിന്റെ സഹായത്താൽ പച്ചക്കറി വേസ്റ്റിലെ ഡീസലിന്റെ അളവ് കൂട്ടുവാനുള്ള ശ്രമങ്ങൾ ഗവേ



ഷണത്തിലാണ്. 1998-ൽ അമേരിക്കയിൽ നടത്തിയ പഠനത്തിൽ പറയുന്നത് ബയോഡീസൽ ഉപയോഗിച്ചാൽ പുറന്തള്ളപ്പെടുന്ന കാർബണിന്റെ അളവ് 78 ശതമാനമായി കുറയ്ക്കുവാൻ കഴിയുമെന്നാണ്.

### പോളിമർ സയൻസും ബയോടെക്നോളജിയും

പോളിമർ വ്യവസായത്തിലെ മാറ്റങ്ങളുടെ നാന്ദിയെന്നോണം ടയറിന്റെ ഉൽപാദനത്തിൽ ബാക്ടീരിയ ഉപയോഗിക്കുന്ന ഒരു പുതിയ ടെക്നോളജിക്ക് തുടക്കം കുറിച്ചിരിക്കുന്നു. പ്രമുഖ ടയർ കമ്പനിയായ ഡുഡിയറിനു വേണ്ടി ബഹുരാഷ്ട്ര ബയോ ടെക്നോളജി ഗവേഷണ സ്ഥാപനമായ ജീനിൻകോറാണ് സൂക്ഷ്മജീവികളെ ഉപയോഗിച്ചുകൊണ്ടുള്ള റബ്ബറുൽപാദനരീതി വികസിപ്പിച്ചെടുത്തത്. പുനരുപയോഗിക്കാൻ (റിന്യൂവബിൾ) കഴിയുമെന്നതിനാൽ ഈ പുതിയ ബയോടെക് റബർ സ്വാഭാവിക റബ്ബറിന് ഭീഷണിയാകും. ഇപ്പോൾ ടയർ വ്യവസായത്തിൽ കൃത്രിമ റബ്ബർ ഉപയോഗിക്കുന്നത് മൂലമുള്ളതിനേക്കാൾ വലിയ ഭീഷണിയാണിതുയർത്തുന്നത്. ടയർ നിർമിക്കാനുപയോഗിക്കുന്ന വൾക്കനൈസ് ചെയ്ത റബ്ബറിലെ അടിസ്ഥാന ഘടകമായ ഐസോ പ്രീൻ ബാക്ടീരിയയിലൂടെ വൻതോതിൽ നിർമിക്കുന്ന രീതിയാണ് ഇപ്പോൾ വികസിപ്പിച്ചെടുത്തിരിക്കുന്നത്. കരിമ്പിൽ നിന്നുള്ള പഞ്ചസാരയിൽ വളർത്തിയെടുക്കുന്ന ഇകോളജി ഇനത്തിൽപെട്ട ബാക്ടീരിയ അതിന്റെ ദഹനപ്രക്രിയയ്ക്ക് ചെറിയ തോതിൽ ഐസോപ്രീൻ ഉത്പാദിപ്പിക്കുന്നുണ്ടെന്ന തിരിച്ചറിവാണ് പുതിയ കണ്ടെത്തലിലേയ്ക്ക് നയിച്ചത്. ഈ ബാക്ടീരിയയുടെ ദഹനപ്രക്രിയ ജനിതക വിദ്യ ഉപയോഗിച്ച് ഇരട്ടിയാക്കുകയായിരുന്നു. ഇതാണ് ടയറിന്റെ വ്യാവസായിക ഉത്പാദനത്തിന് ബാക്ടീരിയയിൽ നിന്നുള്ള ഐസോപ്രീൻ ഉപയോഗിക്കാമെന്ന സ്ഥിതിയിലേയ്ക്ക് എത്തിച്ചത്. ഇപ്പോൾ പെട്രോളിയത്തിൽ നിന്നാണ് കൃത്രിമ റബ്ബർ ഉണ്ടാക്കുന്നത്. എന്നാൽ ക്രൂഡോയിലിന്റെ വിലക്കയറ്റമാണ് ഈ രീതിയിൽ ചിന്തിക്കുവാൻ പ്രേരകമായത്.

### കൃഷിയും ബയോടെക്നോളജിയും

കൃഷിയാണ് ഈ സാങ്കേതിക വിദ്യയ്ക്ക് കൂടുതലായി ഇടപെടുവാൻ കഴിയുന്നൊരു പ്രധാനമേഖല. ഗവേഷകരുടെ അഭിപ്രായത്തിൽ അടുത്ത 50 വർഷങ്ങൾക്കുള്ളിൽ ലോകം ഭക്ഷ്യക്ഷാമം നേരിടും. കാരണം ഭക്ഷ്യ ഉപയോഗം അതിന്റെ ഉല്പാദനത്തേക്കാൾ കൂടുന്നുണ്ട്. കുറഞ്ഞ കൃഷിയിടത്തിൽ നിന്നും കൂടുതൽ വിളവ് നേടുന്നതിന് ബയോടെക്നോളജി ഉപയോഗപ്പെടുത്താവുന്നതാണ്. ബയോ റീജനറേഷൻ, ബയോ ആഗ്മെന്റേഷൻ എന്നിവയാണ് ഇവിടെ ഉപയോഗിക്കുന്ന സാങ്കേതിക വിദ്യകൾ, മണ്ണിനെ കൂടുതൽ ഫലഭൂയിഷ്ടമാക്കുവാൻ ഈ സാങ്കേതികവിദ്യയ്ക്കാവും.

തെങ്ങിനെ ബാധിക്കുന്ന മണ്ഡരി പോലുള്ള അസുഖങ്ങൾ, മറ്റ് കാർഷിക വിളകളെ ബാധിക്കുന്ന രോഗങ്ങൾ തുടങ്ങിയവയ്ക്ക് ഫലപ്രദമായ പ്രതിവിധികൾ ഈ സാങ്കേതികത വഴി കണ്ടുപിടിക്കുവാൻ കഴിയും. ടിഷ്യുകൾച്ചർ ഇപ്പോൾത്തന്നെ വ്യാപകമായി ഉപയോഗിക്കപ്പെടുന്ന ഒരു സാങ്കേതികവിദ്യയാണ്. ജനറ്റിക് എഞ്ചിനീയറിങ്ങിന്റെ സഹായത്താൽ പുഷ്പങ്ങളുടെ നിറത്തിനും ഗന്ധത്തിനുമെല്ലാം മാറ്റം വരുത്തുവാൻ സാധിക്കും

### കാർഷിക മൂല്യവർദ്ധിത ഉൽപാദനമേഖല


സാധാരണയായി വെളിച്ചെണ്ണയുണ്ടാക്കുന്നത് കൊപ്രാ ആട്ടിയാണ്. ഇതിനായി തേങ്ങാ ചൂടാക്കുമ്പോൾ അപകടകരമായ അഫ്ളാടോക്സിൻ എന്ന രാസവസ്തു ഉണ്ടാകാറുണ്ട്. എന്നാൽ ബയോളജിക്കൽ രീതിയിലൂടെ ഇതിനെ ഒഴിവാക്കുവാൻ കഴിയും. മാത്രവുമല്ല പരമ്പരാഗതമായ വെളിച്ചെണ്ണ ഉൽപാദനത്തിൽ പകരമായി തേങ്ങാപ്പാലിനെ ഫെർമെന്റേഷൻ നടത്തി ഇത് ഉൽപാദിപ്പിക്കുവാൻ സാധിക്കും. നിരവധി മൈക്രോബിയൽ സ്ട്രെയിൻസ് ഇതിനായി ഉപയോഗിക്കാവുന്നതാണ്. ഇപ്രകാരം എൻസൈം ഉപയോഗിച്ച് നിർമിക്കുന്ന വെളിച്ചെണ്ണയിൽ ലോറിക് ആസിഡ് കൂടുതലായിരിക്കുമെന്നൊരു ഗുണവും കൂടിയുണ്ട്. ഇപ്പോഴത്തെ ഗവേഷണങ്ങൾ ഇങ്ങനെ പുരോഗമിക്കു

കയാണെങ്കിൽ വരുംകാലങ്ങളിൽ കോക്കനട്ട് ക്ലോണിങ് തന്നെ സംഭവിച്ച് കൂടായ്കയില്ല.

കയറിൽ നിന്നും നിരവധി മൂല്യവർദ്ധിത ഉൽപന്നങ്ങൾ ഉണ്ടാക്കുവാൻ സാധിക്കും. ഇതിനായി ചകിരി പ്രോസസ് ചെയ്യുന്നുണ്ട്. എന്നാലിത് ബയോടെക്നോളജിയുടെ സഹായത്താൽ ബാക്ടീരിയ കൺസോർഷ്യം ഉപയോഗിച്ച് ചെയ്താൽ സമയം ലാഭിച്ചും മാലിന്യമില്ലാതെയും ചെയ്യുവാൻ സാധിക്കും. ബയോ ബ്ലീച്ചിങ്ങ് ചെയ്തെടുക്കുന്ന കയറിൽ ലിഗ്നിന്റെ അളവ് കൂടുതലായിരിക്കുമെന്ന ഗുണവുമുണ്ട്.

കുരുമുളക് വിദേശരാജ്യങ്ങളിൽ ഏറെ പ്രിയമുള്ളയൊന്നാണെങ്കിലും അതിന്റെ കറുത്ത നിറം അവർക്ക് ഇഷ്ടമല്ല. എന്നാലിന്ന് ബാക്ടീരിയയുടെ സഹായത്താൽ വെളുപ്പിക്കുവാൻ കഴിയും. അതിനാൽതന്നെ നമുക്ക് ഏറെ വിദേശനാണ്യം നേടിത്തരുന്ന ഇതിന്റെ കയറ്റുമതിക്ക് ജൈവസാങ്കേതിക വിദ്യ സഹായകരമാകും.

ചിലതരം ചെടികൾക്ക് ഔഷധ ഗുണമുണ്ടെന്നറിയാമല്ലോ. ഈ ഗുണം ഒരു പക്ഷേ അതിന്റെ കാണ്ഡത്തിലോ, ഇലയിലോ, കായിലോ, വേരിലോ മാത്രമേ ഉണ്ടായിരിക്കുകയുള്ളൂ.



ഈ ഔഷധ ഗുണമുള്ള സസ്യഭാഗം എടുത്ത് ടിഷ്യുകൾച്ചർ മുഖേന കാലസ് ഉണ്ടാക്കിയെടുത്ത് അതിൽനിന്നും നേരിട്ട് ഔഷധഗുണമുള്ള വസ്തു വേർതിരിച്ചെടുക്കാനുള്ള ഒരു ടെക്നോളജിയിപ്പോൾ ഗവേഷണത്തിലാണ്. ഇത്തരം രീതിയിൽ ഔഷധം വേർതിരിച്ചെടുക്കുമ്പോൾ സസ്യങ്ങൾ പറിച്ചെടുത്ത് നേരിട്ട് ഉപയോഗിക്കുന്നത് ഒഴിവാക്കാം. അതിനാൽത്തന്നെ ബയോ ഡൈവേഴ്സിറ്റി നശിപ്പിക്കാതെ വിവിധ ഔഷധങ്ങളും മറ്റും വ്യാവസായികമായി ഉൽപാദിപ്പിക്കുവാൻ കഴിയും. ഇതേ മാതൃകയിൽതന്നെ മൂല്യവർദ്ധിത ഉൽപന്നങ്ങളേയും വേർതിരിച്ചെടുക്കാൻ സാധ്യമാണ്.

### ആരോഗ്യരംഗം

ബയോടെക്നോളജിയുടെ വരവിനാൽ ഏറ്റവുമധികം മാറ്റം വരുന്നയൊരു മേഖലയാണ് ആരോഗ്യമേഖല. വിവരസാങ്കേതികവിദ്യയുടേയും നാനോ സാങ്കേതിക വിദ്യയുടെയും സഹായത്തോടെ രോഗനിർണയം വേഗത്തിലും ചെലവു കുറഞ്ഞതുമാക്കാൻ കഴിയും.

ഇന്ന് അപകടം മുഖാന്തിരമോ മറ്റോ നാശം വന്ന ശരീര ഭാഗങ്ങൾ പുനരുജ്ജീവിപ്പിക്കുവാൻ കഴിയുമെന്നതിലേയ്ക്ക് ശാസ്ത്രമെത്തി നിൽക്കുന്നു. മാത്രവുമല്ല ശരീരഭാഗങ്ങൾ ലബോറട്ടറിയിൽ ഉൽപാദിപ്പിക്കുവാനും കഴിയും. മെഡിക്കൽ സയൻസിന്റെ ഈ വിഭാഗമാണ് റീ ജനറേറ്റീവ് മെഡിസിനെന്നത് കൊണ്ടർത്ഥമാക്കുന്നത്.

### ഭക്ഷ്യസംസ്കരണം

ഭക്ഷ്യ സംസ്കരണത്തിൽ ബയോ ടെക്നോളജിയുടെ സംഭാവനകൾ ഏറെയാണ്. ഭക്ഷ്യവസ്തുക്കളുടെ ഷെൽ ലൈഫും രുചിയും വർദ്ധിപ്പിക്കുവാൻ എൻസൈമുകളെ ഉപയോഗിക്കുവാൻ കഴിയും. ഭക്ഷ്യ വസ്തുക്കളിലെ മാലിന്യം ഈ സാങ്കേതിക വിദ്യ കൊണ്ട് എളുപ്പത്തിൽ കണ്ടുപിടിക്കുവാൻ കഴിയുമെന്നത് ഭക്ഷ്യസുരക്ഷയിൽ ശ്രദ്ധേയമായ ഒരു ചുവടുവെയ്പാണ്. ഡി എൻ എ ബാർകോഡിങ്ങാണ് ഭക്ഷ്യ വസ്തുക്കളുടെ തിരിച്ചറിയലിന് ഇനിയുള്ള കാലഘട്ടത്തിൽ വ്യാപകമായി ഉപയോഗിക്കപ്പെടാൻ പോകുന്നയൊന്ന്. ഭക്ഷ്യ വസ്തുക്കളിലെ ന്യൂട്രിയൻസുകളുടെ ഉപയോഗം ഇതുവഴി വർദ്ധിപ്പിക്കുവാൻ കഴിയും. ശരീരത്തിലെ വൈറ്റമിൻ എ യുടെ ഉൽപാദകരായ ബീറ്റാ കരോട്ടിനടങ്ങിയ ഗോൾഡൻ റൈസ് ഇതിനുദാഹരണമാണ്.

### സൗന്ദര്യ വർദ്ധക ഉല്പന്നമേഖല

സൗന്ദര്യ വർദ്ധക വസ്തുക്കളുടെ നിർമാണത്തിലും മാറ്റങ്ങൾ വരുത്തുവാൻ ബയോടെക്നോളജിക്കാകും. സിന്തറ്റിക് കളറുകളുപയോഗിക്കുന്നിടത്ത് വ്യത്യസ്ത സ്പീഷിസിലുള്ള മൈക്രോ ആൽഗേ ഉപയോഗിച്ചാൽ നാച്വറൽ കളറിലേയ്ക്ക് മാറുവാൻ കഴിയും. ഇന്ന് ചെടികളിൽ നിന്ന് മാത്രമല്ല മൃഗങ്ങളിൽ നിന്നുമുള്ള എക്സ്ട്രാറ്റും ഈ രംഗത്ത് ഉപയോഗിക്കുന്നുണ്ട്. ബ്രസീലിൽ നിന്നുള്ള കമ്പനികൾ ഇത് വ്യാപകമായി ചെയ്യുന്നുണ്ട്.

### ഇന്ത്യയിലെ സ്ഥിതി

ഇന്ത്യയിൽ ഇന്നും ഈ സാങ്കേതികവിദ്യ ലബോറട്ടറിയിലാണെന്ന് പറഞ്ഞാൽ അത് അതിശയോക്തിയല്ല. ജൈവ സാങ്കേതികവിദ്യയിലധിഷ്ഠിതമായ വ്യവസായങ്ങളിൽ ശ്രദ്ധ പതിയേണ്ടിയിരിക്കുന്നു. കേന്ദ്ര ബയോടെക്നോളജി വകപ്പും തെലുങ്കാന സർക്കാരും ചേർന്ന് ഹൈദരാബാദിൽ സ്ഥാപിച്ച ഷാപൂർജി പല്ലോൺജി ബയോടെക് പാർക്ക് (എസ്. പി. ബി. പി) എന്ന ബയോടെക്നോളജി പാർക്ക് ഈ രംഗത്തെ ആശാവഹമായ ഒരു ചുവടുവെയ്പാണ്. ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കെമിക്കൽ ടെക്നോളജിയും ഒരു ഇൻകുബേഷൻ സെന്റർ ആരംഭിച്ചിട്ടുണ്ട്. തിരുവനന്തപുരത്തെ രാജീവ് ഗാന്ധി സെന്റർ ഫോർ ബയോടെക്നോളജി മറ്റൊരു സ്ഥാപനമാണ്.

വരും നാളുകളിൽ വ്യാവസായിക രംഗത്ത് അഭൂതപൂർവമായ മാറ്റങ്ങളുണ്ടാക്കുവാൻ പര്യാപ്തമായ ഒരു സാങ്കേതികവിദ്യയാണ് ബയോടെക്നോളജി. ഗവേഷണശാലകളിൽ നിന്നും ഇത് വ്യവസായത്തിലേയ്ക്ക് ഇപ്പോൾതന്നെ ഇറങ്ങി വന്നിട്ടുണ്ടെങ്കിലും കൂടുതൽ സംരംഭങ്ങൾ ഈ ദിശയിൽ ആരംഭിക്കേണ്ടിയിരിക്കുന്നു. അഭ്യസ്ത വിദ്യരായ യുവ സംരംഭകരുടെ സത്വര ശ്രദ്ധ ഈ വഴിക്ക് തിരിയേണ്ടിയിരിക്കുന്നു. ■

# Subscribe/Renew today
# Vyavasaya Keralam

## SUBSCRIBER'S APPLICATION

I would like to subscribe Vyavasaya Keralam for One year at Rs. 300/- (12 issues)

Please send my copies to:

Name..........................................................................................................

Address.......................................................................................................

...................................................................................................................

...................................................................................................................

District.........................................................................................................

Pincode.........................................Phone.............................................................




Demand Draft for Rs.300/- drawn in favour of

"K-Bip. Vyavasayakeralam", payable at Thiruvananathapuram

is enclosed (D.D No............................................dated.....................................

of.........................................................................................................Bank

**Send to**

The Editor<br>
Vyavasayakeralam<br>
DIC Building,<br>
Vellayambalam,<br>
Thiruvananthapuram<br>
Pin:695033<br>
Phone: 0471-2322789


# കെട്ടിടനിർമാണസാമഗ്രികളുടെ വിലനിലവാരം

**ഫെബ്രുവരി അവസാനവാരം വിപണികളിൽനിന്നു ശേഖരിച്ചത്**

| | *തിരുവനന്തപുരം* | *കൊച്ചി* | *കോഴിക്കോട്* |
|---|---|---|---|
| സിമന്റ് (ബാഗിന്)ലോക്കൽ പർചേസ് | 400 | 395 | 365(സുവാരി) |
| സ്റ്റീൽ (കി.ഗ്രാം) | 40 | 43 | 41.50 |
| തടി ( ക്യുബ്ക് അടി) താന്നി | | | 872.15 |
| തടി ( ക്യുബ്ക് അടി) സെക്കന്റ് ക്ലാസ് ഹാർഡ് | 2100(വയലറ്റ്) | 1850(വയലറ്റ്) | 2300(ഇരുൾ) |
| എം.സാന്റ്(ക്യുബ്ക് അടി) | 57 | 47 | 62 |
| ക്വാറി ഡസ്റ്റ് | – | 48 | – |
| മെറ്റൽ (3/4 ഇഞ്ച്) | 29.50 | 32 | 35 |
| മെറ്റൽ (1/4 ഇഞ്ച്) | 26 | 32 | 35 |
| മെറ്റൽ ($1^1/_2$ ഇഞ്ച്) | 23 | 32 | 35 |
| ഹോളോ ബ്ലോക്ക് (8 ഇഞ്ച്) | 33.50 | 38 | 49 |
| ഹോളോ ബ്ലോക്ക് (6 ഇഞ്ച്) | – | – | – |
| ഹോളോ ബ്ലോക്ക് (4 ഇഞ്ച്) | 19.5 | 38 | – |
| സോളിഡ് ബ്ലോക്ക് (6 ഇഞ്ച്) | 33.00 | 27 | – |
| സോളിഡ് ബ്ലോക്ക് (4 ഇഞ്ച്) | 23.75 | 20 | 28.20 |
| ഇഷ്ടിക | 5.50 | 7.50 | 7.50 |
| റെഡിമിക്സ് | 6100 | 5750 | – |

*അവലംബം : സതേൺ ഇൻവെസ്റ്റ്മെന്റ്സ് (Si) പ്രൈവറ്റ് ലിമിറ്റഡ്*

ഡോ. മേരി ജോർജ്



## ലക്ഷ്യം

# പരിസ്ഥിതി സൗഹൃദ വ്യവസായ വികസനം

അഞ്ചു വർഷം പൂർത്തിയാക്കി ഭരണം വിട്ടിറങ്ങുമ്പോൾ ഗവൺമെന്റിന് അഭിമാനിക്കാൻ നിരവധി നേട്ടങ്ങളുണ്ട്. ആ നേട്ടങ്ങളിൽ പലതും വ്യവസായ വകുപ്പിലൂടെ നേടിയതാണെന്ന് വരുമ്പോൾ പ്രസ്തുത വകുപ്പിനും അതിന്റെ സാരഥികൾക്കും അതുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്ന ജീവനക്കാർക്കും ആഹ്ലാദിക്കാൻ കാരണങ്ങൾ നിരവധിയാണ്. വിദേശ നിക്ഷേപകർ എക്കാലത്തും ചൂണ്ടിക്കാണിക്കാറുള്ളത് ഇന്ത്യ ഒരു വ്യവസായ വാണിജ്യ സൗഹൃദനയമുള്ള രാജ്യമല്ല എന്നാണ്. അവർ നിരത്തുന്ന കാരണങ്ങൾ സുതാര്യവും സ്ഥിരതയുള്ളതുമായ നികുതി നയങ്ങളുടെ അഭാവം, ചുവപ്പു നാട, തൊഴിൽ തേടുന്നവർ (വിദ്യാഭ്യാസമുള്ളവരാണെങ്കിൽ പോലും) ഇന്റേൺ ഷിപ്പിന്റെ അഭാവം മൂലം എംപ്ലോയബിലിറ്റി ഇല്ലായ്മ തുടങ്ങിയവയൊക്കെയാണ്. എന്നാൽ കേരളത്തിന്റെ കാര്യം വരുമ്പോൾ ഇതോടൊപ്പം മോശം തൊഴിൽ സംസ്കാരം കൂടി കൂട്ടിച്ചേർക്കപ്പെടും. എന്നാൽ ഇത്തരം ഘടകങ്ങളെയൊക്കെ വരുതിയിലാക്കി പുതിയൊരു വ്യവസായ സൗഹൃദാന്തരീക്ഷം സൃഷ്ടിക്കാൻ വ്യവസായ വകുപ്പിനു കഴിഞ്ഞു എന്നതിന്റെ തെളിവാണ് വ്യവസായമന്ത്രി പി. കെ. കുഞ്ഞാലിക്കുട്ടിയെ തേടിവന്ന ഏറ്റവും മിടുക്കനായ മന്ത്രിക്കുള്ള സംസ്ഥാനതല അവാർഡ്. വളരെ കർശനമായ വ്യവസ്ഥകളെ അതിജീവിച്ചാണ് അദ്ദേഹം ആ പദവിയിലേയ്ക്ക് എത്തിപ്പെട്ടത്. അതുപോലെ തന്നെയാണ് നാമമാത്ര-ചെറുകിട ഇടത്തരം സംരംഭങ്ങളുടെ വളർച്ചയിൽ ഇന്ത്യയിൽ ഒന്നാം സ്ഥാനം, കരസ്ഥമാക്കി അവാർഡ് ഏറ്റുവാങ്ങാൻ സാധിച്ചത്. വ്യവസായ മേഖലയെ പരിസ്ഥിതി സൗഹൃദമാക്കി വ്യവസായ സൗഹൃദ അന്തരീക്ഷം സൃഷ്ടിച്ച ഒരു കാലഘട്ടത്തിനാണ് 2016-17 കാലഘട്ടത്തോടെ തിരശ്ശീല വീഴുന്നത്. കേരള ബജറ്റിൽ വ്യവസായത്തെ വിഷൻ 2030-മായി ഇണക്കിച്ചേർക്കാൻ എന്തു നടപടിയാണ് ഗവൺമെന്റ് കൈക്കൊണ്ടിരിക്കുന്നതെന്ന് പരിശോധിക്കുന്നത് ഈ സാഹചര്യത്തിൽ കരണീയമായിരിക്കും. വ്യവസായവളർച്ച വർദ്ധിപ്പിച്ച് ഈ മേഖല സംസ്ഥാന മൊത്ത ആഭ്യന്തര ഉൽപാദന (ജി. എസ്. ഡി. പി.) മേഖലയ്ക്ക് നൽകുന്ന സംഭാവന 25 ശതമാനമായി ഉയർത്തുക എന്നത് വിഷൻ ഡോക്യുമെന്റ് മുമ്പോട്ടുവയ്ക്കുന്ന ലക്ഷ്യമാണ്. ഈ ലക്ഷ്യപ്രാപ്തിയിലേയ്ക്ക് എത്തിച്ചേരാൻ വ്യവസായ-വാണിജ്യ ഡയറക്ടറേറ്റ്, കെ. എസ്. ഐ. ഡി. സി., സിഡ്കോ, കേരള ഇൻഡസ്ട്രിയൽ ഇൻഫ്രാ സ്ട്രക്ചർ ഡവലപ്മെന്റ് കോർപറേഷൻ എന്നിവ കൈകോർത്തു എന്നതും ഇത്തരുണത്തിൽ സ്മർതവ്യമാണ്.

ഏതാനും തിരഞ്ഞെടുത്ത വർഷങ്ങളിൽ വ്യവസായ/അനുബന്ധ മേഖലകളുടെ വികസനം ലാക്കാക്കി ബജറ്റിൽ നടത്തിയ വിഭവവിന്യാസം എത്രയെന്ന് പരിശോധിക്കാം.

വ്യവസായ വികസനത്തിനായി നീക്കിവച്ച തുക (തിരഞ്ഞെടുത്ത വർഷങ്ങളിൽ. (കോടി രൂപയിൽ)

| വർഷം | നീക്കി വച്ച തുക | ആകെ വികസനച്ചെലവിന്റെ ശതമാനമായി |
|---|---|---|
| 2000-2001 | 178.34 | 2.79 |
| 2010-11 | 704.37 | 4.28 |
| 2011-12 | 742.45 | 3.22 |
| 2012-13 | 1035.65 | 3.88 |
| 2013-14 | 981.90 | 3.40 |
| 2014-15 | 1210.97 | 3.57 |
| 2015-15 (RE) | 1179.26 | 3.01 |
| 2016-17 (BE) | 1321.04 | 2.92 |

പട്ടിക പരിശോധിക്കുമ്പോൾ 2000-01 ൽ 178.34 കോടി ചെലവാക്കിയ സ്ഥാനത്ത് 2016-17 ൽ 1321.04 കോടി വിന്യസിച്ചു



എന്നുകാണാം. എന്നാൽ വ്യവസായക്കുതിപ്പിന് ഇതിന്റെ പതിന്മടങ്ങ് നിക്ഷേപം ആവശ്യമാണെന്ന് കാണാം. ധനപ്രതിസന്ധി നിലനിന്നിരുന്ന വർഷങ്ങളിലും ഈ തുക വെട്ടിച്ചുരുക്കിയില്ലെന്നത് ഗവൺമെന്റ് ഈ മേഖലയുടെ സത്വര വളർച്ചയിൽ പ്രതിജ്ഞാബദ്ധമാണെന്ന് കാണിക്കുന്നു.

വ്യവസായ അനുകൂല സാഹചര്യം സൃഷ്ടിക്കുന്നതിന് അടിസ്ഥാന സൗകര്യവികസനം അനിവാര്യമാണ്. അടിസ്ഥാന സൗകര്യമേഖലയ്ക്ക് കൊടുക്കുന്ന ഊന്നൽ അതുകൊണ്ടുതന്നെ വ്യവസായത്തിന് കിട്ടുന്ന ഊന്നലായി വിലയിരുത്താം. ഇതേ വീക്ഷണ കോണിലൂടെ നോക്കേണ്ടതുണ്ട് സാങ്കേതിക മികവ് ലക്ഷ്യമിട്ടുള്ള വിദ്യാഭ്യാസനൈപുണി വികസനചെലവുകളെയൊക്കെ. ഈ മേഖലകളിലൊക്കെ ബജറ്റ് എങ്ങനെ ഇടപെടുന്നുവെന്ന് പരിശോധിക്കാം.

### ചെറുകിട വ്യവസായം

സൂക്ഷ്-ചെറുകിട ഇടത്തരം സംരംഭങ്ങൾക്ക് അടിസ്ഥാന സൗകര്യമൊരുക്കുന്നതിനായി 110.54 കോടിയാണ് നീക്കിവച്ചിരിക്കുന്നത്. ഇതിൽ കപ്പാസിറ്റി ബിൽഡിങ്ങിനായി 7.5 കോടി വകയിരുത്തിയപ്പോൾ അങ്ങനെ മുമ്പോട്ടു വരുന്ന സംരംഭക പ്രതിഭകളെ കൈപിടിച്ചുയർത്താനായി 45 കോടി വകയിരുത്തി. സംരംഭകത്വ മികവോടെ പുതിയ ഉല്പാദന/ സേവന നിർമാണ പദ്ധതിയുമായി മുമ്പോട്ടു വരുന്നവർക്ക് അഥവാ സ്റ്റാർട്ടപ്പുകൾക്ക് സാമ്പത്തികസഹായം നൽകാൻ രണ്ടു കോടി വകകൊള്ളിച്ചിരിക്കുന്നു. ഇന്ത്യയ്ക്കാകെ മാതൃകയാക്കാവുന്ന സ്റ്റാർട്ടപ്പ് വിപ്ലവത്തിന് തുടക്കം കുറിച്ച കേരളം ഇതിനായി കൂടുതൽ തുക വകയിരുത്തേണ്ടിയിരുന്നു. പ്രത്യേകിച്ചും കേരളത്തിലെ അതിരൂക്ഷമായ തൊഴിലില്ലായ്മ കണക്കിലെടുത്ത്. തൊഴിൽ സാധ്യതകൾ വർധിപ്പിക്കുന്നതിനായി പരമ്പരാഗത മേഖലയ്ക്ക് മാറ്റിവച്ചിരിക്കുന്ന രണ്ട് കോടിയും എങ്ങുമെത്തുകയില്ല.

കാർഷിക അനുബന്ധ വ്യവസായങ്ങൾ വളർന്നുവന്നാലെ കർഷകരുടെ ഉല്പന്നങ്ങൾക്ക് സ്ഥിരമായി ഉയർന്ന വില ലഭിക്കൂ. റബ്ബർ നമുക്ക് നൽകുന്ന പാഠം അതാണ്. റബ്ബറധിഷ്ഠിത വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുന്ന ഒരു വ്യവസായ ഇടനാഴി കേരളത്തിലുണ്ടായിരുന്നെങ്കിൽ റബ്ബർ കർഷകരും കേരളത്തിന്റെ വികസനവും അന്താരാഷ്ട്ര ചരടു വലിയിൽ നിന്ന് മുക്തമായേനെ. ഇതു മനസ്സിലാക്കി ബിസിനസ് ഇൻകുബേഷൻ ശൃംഖല വളർത്തിയെടുക്കാൻ കേന്ദ്ര പദ്ധതിയായ ആസ്പയറിനോട് ചേർന്ന് ഒരു ബൃഹത് പദ്ധതിക്ക് തുടക്കമിടുന്നുണ്ട്. പ്ലാന്റിന്റെയും മെഷിനറിയുടെയും ചെലവിന്റെ 50% ഒറ്റത്തവണയായി കേന്ദ്രസർക്കാർ നൽകും. നിലവിലുള്ള യൂണിറ്റുകൾക്ക് 30 ലക്ഷം ധനസഹായവും പുതിയവയ്ക്ക് ഒരു കോടിയുമാണ് കേന്ദ്രം നൽകുക. ഈ കേന്ദ്ര പദ്ധതി പ്രവൃത്തിപഥത്തിലെത്തുമ്പോൾ കൂടുതൽ പ്രയോജനകരമാക്കുന്നതിനുള്ള തയ്യാറെടുപ്പിന്റെ കാലമായിരിക്കട്ടെ ഈ ധനവർഷം. കേന്ദ്രസഹായ പദ്ധതികളോട് പൊതുവെ പുലർത്തുന്ന അലംഭാവം ഇവിടെ ഉണ്ടാകരുത്. കൈവിട്ടു പോകുന്ന അവസരങ്ങൾ തിരിച്ചുവരില്ലെന്ന് നാം തിരിച്ചറിയണം. നമ്മുടെ നാളികേരം, സുഗന്ധദ്രവ്യങ്ങൾ എന്നിവയും അവയെ ആശ്രയിച്ചു കഴിയുന്ന കർഷകരും രക്ഷപ്പെടണമെങ്കിൽ ഈ ആശയം വിജയിക്കണം.

കുടുംബശ്രീ മിഷൻ പോലൊരു വനിതാ സംരംഭക മിഷൻ അഭിലഷണീയമാണ്. കുടുംബശ്രീയുടെ കീഴിൽ രൂപം കൊണ്ട സൂക്ഷ്മ സംരംഭങ്ങൾ പാവപ്പെട്ട കേരളീയ കുടുംബങ്ങളിൽ നിന്ന് പട്ടിണിയകറ്റി കുട്ടികൾക്ക് മുന്തിയ ജീവിത സാഹചര്യമൊരുക്കി അനുകരണീയമായ മോഡലായി വളർന്നു.





ലോകം ഉയർത്തിപ്പിടിക്കുന്ന സ്ത്രീശാക്തീകരണ മന്ത്രമായി അതു മാറി. അങ്കമാലിയിൽ 2016-17 ബജറ്റ് വിഭാവന ചെയ്തിട്ടുള്ള വനിതാ വ്യവസായ വികസന മേഖല ഈ തരത്തിൽ വളർന്ന് യശ്ശസ്സുയർത്താൻ പരുവത്തിലാകും. കാരണം കേരളത്തിലെ സ്ത്രീശക്തി വിദ്യയും നിശ്ചയദാർഢ്യവും കൈമുതലായുള്ളവരാണ്.

ചേർത്തലയിൽ മെഗാഫുഡ് പാർക്കിന് നീക്കിവച്ചിരിക്കുന്ന 16 കോടി മറ്റൊരു വിപ്ലവത്തിന്റെ ആരംഭമാവും. ഈ ഫുഡ് പാർക്ക് വഴി കേരളത്തിന്റെ പരമ്പരാഗത രുചികൾ, പലഹാരങ്ങൾ എന്നിവ ആഗോളതലത്തിൽ തരംഗങ്ങൾ സൃഷ്ടിച്ചേയ്ക്കാം. അതിനുള്ള വഴിയൊരുക്കുന്നതാണ് കേന്ദ്ര ബജറ്റ് കൊണ്ടുവന്നിട്ടുള്ള ഒരു പദ്ധതി. അതനുസരിച്ച് 100% വിദേശ നിക്ഷേപത്തോടെ ഇന്ത്യൻ നിർമിത ഭക്ഷ്യവസ്തുക്കളുടെ ആഗോളതല വ്യാപാരം സാധ്യമാണ്. കുടുംബശ്രീ നാമമാത്ര സംരംഭങ്ങൾ നിർമിക്കുന്ന കേരളത്തനിമയുള്ള പലഹാരങ്ങൾ ലോകവ്യാപാര സംഘടനയുടെ സൈറ്റോ-സാനിട്ടറി സർട്ടിഫിക്കറ്റുമായി വിപണിയിൽ ഇറങ്ങിയാൽ അതൊരു പുത്തൻ ചുവടുവയ്പാകും, ഒരു കുതിപ്പിന്റെ ആരംഭം.

ഒറ്റപ്പാലത്തെ പ്രതിരോധ പാർക്കിന് ടോക്കൺ തുകയാണ് വക കൊള്ളിച്ചിട്ടുള്ളതെങ്കിലും പുതിയ ഗവൺമെന്റ് അതൊരു പദ്ധതിയായി ഏറ്റെടുക്കുന്നതിനുള്ള സമ്മർദ്ദം ജനപക്ഷത്തു നിന്ന് ഉണ്ടാകേണ്ടത് അനിവാര്യമാണ്.

തിരുവനന്തപുരം-കാസർഗോഡ് (570 കി. മീ) അതിവേഗ റെയിൽ ഇടനാഴി തത്വത്തിൽ അംഗീകരിക്കപ്പെട്ടു കഴിഞ്ഞതാണ്. ഗവൺമെന്റിന്റെ തന്നെ ഹൈസ്പീഡ് റെയിൽ കോർപറേഷൻ-ഡി. എം. ആർ. സി. കൂട്ടുകെട്ടിൽ ഇത് നടപ്പാവുന്നതിന് കാത്തിരിക്കാം. 71245 കോടി അടങ്കൽ തുകയെന്ന കടമ്പ പബ്ലിക് പ്രൈവറ്റ് പാർട്ടിസിപ്പേഷൻ മോഡിൽ അതിജീവിക്കേണ്ടി വരുമെന്നു മാത്രം.

## ഭൂമി ഏറ്റെടുക്കൽ

കേരളത്തെ സംബന്ധിച്ച് വ്യാവസായിക/അടിസ്ഥാന സൗകര്യ ആവശ്യങ്ങൾക്കായി ഭൂമി ഏറ്റെടുക്കുന്നത് അതീവ ഗുരുതര പ്രശ്നമാണ്. അതിനാൽ ഒരു ലാന്റ് അക്യുസിഷൻ ബോർഡ് സ്ഥാപിക്കേണ്ടതുണ്ട്. വികസന ആവശ്യങ്ങൾക്കായി ഏറ്റെടുക്കുന്ന ഭൂമിയിൽ നിന്ന് പറിച്ചുമാറ്റപ്പെടുന്നവരുടെ "വേരറുക്കൽ ക്ഷതം" അഗാധമാണ്. അതുകൊണ്ടുതന്നെ പൊന്നും വില കൊടുത്തു മാത്രം ഭൂമി ഏറ്റെടുക്കുക, അവരുടെ പുനരധിവാസം പൂർത്തിയാകുന്നതുവരെ അവരോടൊപ്പം നിൽക്കുക എന്നിങ്ങനെ ചുമതലകളുള്ള, അത് അക്ഷരംപ്രതി നടപ്പിലാക്കുന്ന ഒരു സ്ഥാപനം അനിവാര്യമാണ്. ബജറ്റ് പൂർവ ചർച്ചകളിൽ ഈ ആവശ്യം ഉയർത്തിയിരുന്നെങ്കിലും ഒന്നും നടന്നു കണ്ടില്ല.



വിവരസാങ്കേതിക വിദ്യ, അതാണ് സാം പിത്രോഡയുടെ ഭാഷയിൽ കേരളത്തിന് അനുയോജ്യമായ വ്യവസായസാധ്യത. ഇന്ത്യയിലെ ഒന്നാമത്തെ ഡിജിറ്റൽ സംസ്ഥാനമായ കേരളം മൊബൈൽ ഫോണും യൂ ട്യൂബുമൊക്കെ പിന്തള്ളി ഒരുപാട് മുന്നേറേണ്ടിയിരിക്കുന്നു. നാം 483 കോടിയോളം രൂപ വകയിരുത്തിയിട്ടുള്ള



ഈ മേഖല ദ്രുതവളർച്ചയുടെ പാതയിലാണ്. വിവരസാങ്കേതിക മിഷന് 95 കോടിയോളം അനുവദിച്ചിട്ടുണ്ട്. ടെക്നോപാർക്കിന് 76 കോടി, ഇൻഫോ പാർക്കിന് 62 കോടി, സൈബർ പാർക്കിന് 25.68 കോടി, കേരള സ്റ്റേറ്റ് ഇൻഫർമേഷൻ ടെക്നോളജി ഇൻഫ്രാ സ്ട്രക്ചറിന് 58 കോടി, പാലായിലെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫർമേഷൻ ടെക്നോളജിക്ക് അഞ്ച് കോടി എന്നിങ്ങനെയാണ് ഈ മേഖലയിലെ വിഭവ വിന്യാസം.

കളമശ്ശേരിയിലെ കിൻഫ്ര ഹൈടെക് പാർക്കിൽ ടെക്നോളജി ഇന്നവേഷൻ സോൺ ആരംഭിച്ചു കഴിഞ്ഞു. അതിന്റെ ത്വരിത വളർച്ച പ്രോത്സാഹിപ്പിക്കാൻ ടെക്നോപാർക്ക് ടെക്നോളജി ബിസിനസ് ഇൻകുബേറ്ററിന് 60 കോടി നൽകിയത്, വിവര സാങ്കേതിക വിദ്യ വികസന കുതിപ്പിന് സഹായകമാക്കുമെന്ന ഗവൺമെന്റിന്റെ ഉറപ്പാണ്.

ഗവൺമെന്റിന്റെ ഇടപെടൽ വേണ്ടതുപോലെ ഉണ്ടായാൽ 40 കോടി വകയിരുത്തിയിട്ടുള്ള യുവ സംരംഭകത്വ മിഷൻ മറ്റൊരു വികസന രാസ ത്വരകമായി വളർന്നു വരും. ഏതാനും ആഴ്ചകൾക്കു മുമ്പാണ് നമ്മുടെ പ്രധാനമന്ത്രി "സ്റ്റാർട്ടപ് ഇന്ത്യ, സ്റ്റാന്റപ് ഇന്ത്യ" എന്ന പുതിയ മുദ്രാവാക്യം യുവജനങ്ങൾക്ക് എറിഞ്ഞുകൊടുത്തത്. അതെ, സ്റ്റാർട്ടപ് ഇന്ത്യ കൊണ്ട് യുവജനങ്ങളും ഇന്ത്യയും നട്ടെല്ലുയർത്തി നിൽക്കട്ടെ.

## കേന്ദ്രബജറ്റ്

2016-17 ലെ കേന്ദ്രബജറ്റ് വ്യവസായമേഖലയെ തഴഞ്ഞു എന്നു തോന്നും ഒറ്റനോട്ടത്തിൽ. ബജറ്റിൽ ഊന്നിപ്പറയേണ്ട പണപരമായ പരിഷ്കരണ നടപടികൾ ബജറ്റിൽ ഇടംപിടിച്ചപ്പോൾ വ്യവസായത്തെ ഉയർത്തിക്കാട്ടുന്നില്ല. എന്നാൽ എല്ലാ മേഖലകളിൽ നിന്നും ചാലുകീറി കൊണ്ടുവരുന്നത് വ്യവസായത്തിലേയ്ക്കാണു താനും. അടിസ്ഥാനസൗകര്യം/നിക്ഷേപം എന്ന തലക്കെട്ടിൽ വകകൊള്ളിച്ചിരിക്കുന്നത് 2,21,246 കോടി രൂപയാണ്. ഇന്ത്യയുടെ ആവശ്യബാഹുല്യവുമായി തട്ടിച്ചുനോക്കുമ്പോൾ ഇത് ചെറിയൊരു തുകയാണ്. എന്നാൽ മെഗാ പദ്ധതികളൊക്കെ പി. പി. പി മോഡിലാണ് രൂപകല്പന ചെയ്യുന്നത് എന്നോർക്കുമ്പോൾ ഇതൊരു വൻതുകയാണുതാനും.

ആഗോള ഈസ് ഓഫ് ഡൂയിങ് ബിസിനസിൽ 189 രാജ്യപട്ടികയിൽ ഇന്ത്യ ഇപ്പോഴും 130-ാം സ്ഥാനത്താണ്. ഇത് മെച്ചപ്പെടുത്താൻ ഗവൺമെന്റ് ഒരുപാട് നടപടികൾ ബജറ്റിൽ കൊണ്ടുവന്നിട്ടുണ്ട്. അതിന്റെ ഭാഗമായി നികുതിഘടനയിൽ മാറ്റം വരുത്തി സുതാര്യത കൈവരിക്കാൻ ശ്രമം നടത്തി വിദേശ നിക്ഷേപകരെ നികുതിവിധേയമാക്കാൻ 2010-11 ബജറ്റിൽ കൊണ്ടുവന്ന ഇന്നുവരെ മരവിപ്പിച്ചു കൊണ്ടിരുന്ന ഗാർ (ജനറൽ എഗ്രിമെന്റ് ഓൺ ആന്റി അവോയിഡൻസ് ബൾക്ക്) വീണ്ടും മരവിപ്പിച്ചു. വിദേശ നിക്ഷേപം നേരിട്ടുള്ളതിന്റെ പട്ടിയിലാകുന്നതിന് അത്യാവശ്യമായിരുന്ന ലോക്ക്-ഇൻ കാലം എടുത്തുകളഞ്ഞു. ഇതൊക്കെ വ്യവസായമേഖലയ്ക്ക് കേന്ദ്രം നൽകുന്ന തലോടലുകളാണ്. പ്രത്യേകിച്ചും വിദേശനിക്ഷേപത്തിന്.

ഇങ്ങനെ നോക്കുമ്പോൾ കേന്ദ്ര സംസ്ഥാന ഗവൺമെന്റുകൾ വ്യവസായ വളർച്ചയുടെ കാര്യത്തിൽ അവസരത്തിനൊത്തുയരുന്നുണ്ട്. കേരളം വിവര സാങ്കേതിക വിദ്യ-വിദ്യാഭ്യാസം എന്നിവയിലൂന്നി വ്യവസായവത്കരണം കാംക്ഷിക്കുമ്പോൾ കേന്ദ്രം വിദേശനിക്ഷേപം കൂടി ആകർഷിക്കാൻ ശ്രമിക്കുന്നു. വിദേശ നിക്ഷേപകർക്കു കൊടുക്കുന്ന ഇളവുകൾ പക്ഷേ സ്വദേശികളും അർഹിക്കുന്നവയാണ്. ഓർത്തിരിക്കേണ്ടത് വിദേശവത്കരണത്തിലൂടെയുള്ള വ്യവസായ വത്കരണം നിലനിൽക്കുന്നതല്ലെന്ന സത്യമാണ്. ■

# ക്ലീനിംഗ് ഉല്പന്നങ്ങൾക്ക് ആവശ്യക്കാരേറെ

കേരളത്തിന്റെ വ്യാവസായിക അന്തരീക്ഷത്തിൽ ചെറിയ മുതൽ മുടക്കുള്ള സംരംഭങ്ങൾ കൂടുതൽ സുരക്ഷിതമാണ്. നമ്മുടെ നാട്ടിലെ ജനസാന്ദ്രതയും, സാമൂഹിക അവബോധവും, സ്ഥല ദൗർലഭ്യവും വൻകിട വ്യവസായങ്ങൾ ആരംഭിക്കുന്നതിനുള്ള സാധ്യതകൾക്ക് മങ്ങലേല്പിക്കുന്നുണ്ട്. പ്രകൃതി വിഭവങ്ങളുടെ ചൂഷണവും അന്തരീക്ഷ മലിനീകരണവും നടത്തിയുള്ള വ്യവസായ സ്ഥാപനങ്ങൾ ഇനി നമ്മുടെ നാട്ടിൽ ആരംഭിക്കാൻ സാധിക്കില്ല. അതുകൊണ്ട് തന്നെ ചെറുകിട വ്യവസായ മേഖലയുടെ സാധ്യതകൾ വർദ്ധിക്കുകയാണ്. പ്രത്യേകിച്ചും കുടുംബ സംരംഭങ്ങളുടെ ഗുണമേന്മയുള്ള എന്തും വിറ്റഴിക്കാൻ കഴിയുന്ന തരത്തിൽ ഒരു വിപണി കേരളത്തിൽ രൂപപ്പെട്ടിട്ടുണ്ട്. ഒറ്റ നഗരമായി മാറിക്കൊണ്ടിരിക്കുന്ന കേരളത്തിലെ ഗ്രാമങ്ങളിൽപോലും ശക്തമായ വിപണന സാധ്യതകൾ നിലനിൽക്കുന്നു. എല്ലാത്തരം പുതിയ ഉല്പന്നങ്ങളെക്കുറിച്ചും മലയാളിക്ക് അവബോധമുണ്ട്. അവ ഒരു തവണ വാങ്ങി പരീക്ഷിക്കാനുള്ള മനസ്സുമുണ്ട്. സോഷ്യൽ മീഡിയ ഈ രംഗത്ത് വലിയ സ്വാധീനമാണ് ചെലുത്തുന്നത്.

വ്യക്തി ശുചിത്വം, ഭവന ശുചിത്വം എന്നിവയിൽ ആധുനിക സമൂഹത്തിന്റെ രീതികളാണ് മലയാളികൾ പിന്തുടരുന്നത്. അതുകൊണ്ടുതന്നെ ക്ലീനിംഗ് ഉല്പന്നങ്ങൾക്ക് ഇവിടെ വലിയ മാർക്കറ്റ് ഉണ്ട്. വളരെ ചെറിയ മുതൽ മുടക്കിൽ കുടുംബ സംരംഭമായി ക്ലീനിംഗ് ഉല്പന്നങ്ങളുടെ നിർമാണം ആരംഭിക്കാൻ കഴിയും. ദൈനംദിനം വീടുകളിലും, ഹോസ്പിറ്റലുകളിലും, ഹോട്ടലുകൾ, ഓഫീസുകൾ തുടങ്ങി എല്ലായിടത്തും ക്ലീനിംഗ് ഉല്പന്നങ്ങൾ ഉപയോഗിക്കുന്നുണ്ട്. ഫിനോയിൽ, ഡിഷ് വാഷ്, ടോയ്‌ലറ്റ് ക്ലീനർ, ഹാൻഡ് വാഷ് തുടങ്ങിയ പ്രതിദിന ഉപയോഗത്തിനുള്ള ക്ലീനിംഗ് ഉല്പന്നങ്ങളുടെ ഡിമാന്റ് വളരെ വലുതാണ്.

### സാധ്യതകൾ

വിപണിയിൽ പരസ്യത്തിന്റെ പിന്തുണയോടെ എത്തുന്ന ബ്രാന്റഡ് ക്ലീനിംഗ് ഉല്പന്നങ്ങളുടെ വിഹിതം 60% മാണ്. ബാക്കിയുള്ള 40% ഉപഭോക്താക്കൾ നാടൻ ഉല്പന്നങ്ങൾ വാങ്ങാൻ മനസ്സുള്ളവരാണ്. പ്രധാനമായും ഗുണമേന്മ നിലനിർത്തി കുടുംബ ബജറ്റിന് ഇണങ്ങുന്ന വിലയ്ക്ക് നൽകാൻ കഴിഞ്ഞാൽ നാടൻ ബ്രാന്റുകൾക്കും വിപണിയിൽ മുന്നേറാൻ സാധിക്കും. വലിയ മെഷിനറികളോ, വലിയ സാങ്കേതിക വിദ്യയോ ആവശ്യമില്ല എന്നതും സാധാരണ സ്ത്രീകൾക്ക് പോലും നിർമാണത്തിൽ ഏർപെടാം എന്നതും ക്ലീനിംഗ് ഉല്പന്നങ്ങളുടെ സാധ്യത വർദ്ധിപ്പിക്കുന്നു. അസംസ്കൃത വസ്തുക്കൾ എല്ലാം തന്നെ പ്രാദേശികമായി ലഭ്യമാണ്. നാടൻ ഉല്പന്നങ്ങളാണെങ്കിലും ഇന്ന് ലഭ്യമായ ഏറ്റവും ആകർഷകമായ പായ്ക്കിംഗുകളിൽ വിപണിയിൽ എത്തിക്കാൻ ശ്രദ്ധിക്കണം. ബാർകോഡ്, വെബ്സൈറ്റ് തുടങ്ങി സ്ഥാപനത്തിന്റെ വിശ്വാസ്യത വർദ്ധിപ്പിക്കുന്നതിനുള്ള ചിഹ്നങ്ങൾ എല്ലാം ലേബലിലും പോസ്റ്ററുകളിലും ഉൾപെടുത്തണം.



### മാർക്കറ്റിംഗ്

പ്രാദേശിക വിപണി പിടിച്ചെടുക്കുകയാണ് ആദ്യപടി. ഉല്പാദന കേന്ദ്രത്തിൽ നിന്നും നേരിട്ട് വിതരണം ചെയ്യാവുന്ന 50 കിലോ മീറ്റർ ചുറ്റളവിൽ റീട്ടെയിൽ ഔട്ട്‌ലറ്റുകൾ വഴി വിപണി കണ്ടെത്താം. നേരിട്ടുള്ള വിതരണമാണ് അഭികാമ്യം. കൂടാതെ ഹോട്ടലുകൾ, ഹോസ്പിറ്റലുകൾ, വ്യാപാര വ്യവസായ സ്ഥാപനങ്ങൾ എന്നിവയ്ക്കെല്ലാം ബൾക്ക് പായ്ക്കുകൾ ഓഫർ വിലയിൽ നേരിട്ട് വിൽക്കുകയുമാവാം. കൂടാതെ വീടുകളിൽ ഡയറക്ട് മാർക്കറ്റിംഗ് നടത്തുന്നതിന് ജോലിക്കാരെ നിയമിച്ചും മാർക്കറ്റ് കണ്ടെത്താം. നിലവിൽ ഡയറക്ട് മാർക്കറ്റിംഗ് നടത്തുന്ന സ്ഥാപനങ്ങൾക്ക് ഉല്പന്നങ്ങൾ നിർമിച്ച് നൽകുകയുമാവാം. നേരിട്ട് മാനേജ് ചെയ്യാൻ കഴിയുന്ന സ്ഥലങ്ങളിൽ ചെറിയ വാടകയ്ക്ക് മുറികൾ കിട്ടുമെങ്കിൽ സ്വന്തം വില്പനകേന്ദ്രങ്ങൾ തുറക്കാം. കുടുംബശ്രീ പോലുള്ള സംവിധാനങ്ങളുടെ മാസച്ചന്തകളും, ഹോം ഷോപ്പുകളും വിപണനത്തിന് പ്രയോജനപ്പെടുത്താം.

നേരിട്ടുള്ള മാർക്കറ്റിംഗ് സാധ്യമല്ലാത്ത സ്ഥലങ്ങളിൽ വിതരണക്കാരെ നിയമിച്ചും വിപണി കണ്ടെത്താവുന്നതാണ്. വില്പന കേന്ദ്രങ്ങളിലെല്ലാം കമ്മീഷൻ ഒരു പ്രധാന ഘടകമാണ്. പ്രാദേശിക ഉല്പന്നം എന്ന നിലയിൽ കമ്മീഷൻ കൂടുതൽ നൽകുന്നത് വില്പനക്കാർക്ക് ആകർഷകമായിരിക്കും.

## സാങ്കേതികവിദ്യ പരിശീലനം

ക്ലീനിംഗ് ഉല്പന്നങ്ങളുടെ നിർമാണത്തിൽ ഗുണമേന്മ ഒരു പ്രധാന ഘടകമാണ്. അതോടൊപ്പം കൈകാര്യം ചെയ്യുന്ന ഉപഭോക്താക്കൾക്ക് ദോഷഫലങ്ങൾ ഉളവാക്കുകയും ചെയ്യരുത്. പ്രധാനമായും ഇവയുടെ കൂട്ട് രൂപപ്പെടുത്തുമ്പോൾ വിപണിയുടെ താല്പര്യം കൂടി കണക്കിലെടുത്തുള്ള നിർമാണമാണ് അഭികാമ്യം. കേരളത്തിലെ തന്നെ പല സ്ഥലങ്ങളിലും ഉപഭോക്താക്കളുടെ താല്പര്യങ്ങൾ വ്യത്യസ്തങ്ങളാണ്. ചില സ്ഥലങ്ങളിൽ ഹാൻഡ് വാഷിന് കൊഴുപ്പ് കൂടുതൽ വേണം. പതയുടെ കാര്യത്തിലും ഈ വ്യത്യസ്തതയുണ്ട്. നിലവിൽ വിപണനം നടത്തുന്ന സംരംഭങ്ങളുടെ സാങ്കേതികവിദ്യ സ്വീകരിക്കുന്നത് കൂടുതൽ ഉചിതമായിരിക്കും. കാർഷിക ഭക്ഷ്യ സംസ്കരണ ചെറുകിട വ്യവസായങ്ങൾക്കുള്ള ഇൻക്യുബേഷൻ സെന്ററായ അഗ്രോപാർക്കിൽ ഫിനോയിൽ, ഹാൻഡ് വാഷ്, ഡിഷ് വാഷ്, ടോയ്‌ലറ്റ് ക്ലീനർ തുടങ്ങിയവയുടെ നിർമാണത്തിന് ആവശ്യമായ സാങ്കേതികവിദ്യയും പരിശീലനവും ലഭ്യമാണ്. 0485-2242310.

## നിർമാണ രീതി

**ഡിഷ് വാഷ്:-** കാസ്റ്റിക് സോഡ പച്ചവെള്ളത്തിൽ ലയിപ്പിച്ച് ആസിഡ് സ്ളറി മിക്സ് ചെയ്ത് പി. എച്ച്. ബാലൻസ് ചെയ്തശേഷം സർഫസ്റ്റന്റുകൾ ഒന്നൊന്നായി ചേർത്ത് നന്നായി മിക്സ് ചെയ്യുന്നു. പിന്നീട് ആവശ്യമായ നിറവും, സുഗന്ധവും പ്രിസർവേറ്റീവുകളും ചേർത്ത് പായ്ക്ക് ചെയ്യുന്നു.

**ഹാൻഡ് വാഷ്:-** പച്ചവെള്ളത്തിൽ സോഡിയം ലോറൈയിൻ ഈതെയിൽ സൾഫേറ്റ് (എസ്. എൽ. ഇ. എസ്), സോഡിയം ലോറൈൽ സൾഫേറ്റ് (എസ്. എൽ. എസ്) എന്നിവ നിശ്ചിത അനുപാതത്തിൽ ചേർത്ത് തയ്യാറാക്കുന്ന മിശ്രിതത്തിൽ ഗ്ലിസറിൻ, സുഗന്ധം, നിറം എന്നിവയും കൂടി ചേർത്താണ് ഹാൻഡ് വാഷ് നിർമിക്കുന്നത്.

**ഫിനോയിൽ:-** സോഫ്റ്റ് സോപ്പിനോട് ഫിനോയിൽ ചേർത്ത് ഫിനോയിൽ കോൺസൺട്രേറ്റ് ഉണ്ടാക്കുന്നു. ഈ കോൺസൺട്രേറ്റിൽ സുഗന്ധം ചേർത്ത് ഒരു ലിറ്റർ കോൺസൺട്രേറ്റിൽ 20 മുതൽ 40 ലിറ്റർ വരെ വെള്ളവും ചേർത്ത് നേർപിച്ചാണ് ഫിനോയിൽ നിർമിക്കുന്നത്.

**ടോയ്‌ലറ്റ് ക്ലീനർ:-** ആസിഡ് സ്ലറിയോടൊപ്പം ഫോസ്ഫോറിക് ആസിഡ്, ഓക്സാമിക് ആസിഡ് എന്നീ രാസവസ്തുക്കളും നിറവും, സുഗന്ധവും ചേർത്താണ് ടോയ്‌ലറ്റ് ക്ലീനർ നിർമിക്കുന്നത്.

## മൂലധനനിക്ഷേപം

| | |
|---|---|
| 1. മിക്സിംഗ് മെഷീൻ (സ്റ്റിറർ) | 5000 |
| 2. വിവിധ അളവുകളിലുള്ള പ്ലാസ്റ്റിക് ക്യാനുകൾ (200 ലി., 100 ലി., 50 ലി.) | 3000 |
| 3. അളവ് പാത്രങ്ങൾ, അനുബന്ധ ഉപകരണങ്ങൾ | 3000 |
| 4. പായ്ക്കിംഗ് മെഷീനുകൾ | 2000 |
| **ആകെ** | **13,000** |

## പ്രവർത്തന ചെലവുകൾ

**ചെലവ്**

ഫിനോയിൽ, ഹാൻഡ് വാഷ്, ഡിഷ് വാഷ്, ടോയ്‌ലറ്റ് ക്ലീനർ എന്നിവ 100 ലിറ്റർ വീതം നിർമിച്ച് വിതരണം നടത്തുന്നതിന് ആവശ്യമായ ചെലവ് (അസംസ്കൃത വസ്തുക്കൾ + പായ്ക്കിംഗ് മെറ്റീരിയലുകൾ + തൊഴിലാളികളുടെ വേതനം അടക്കം)

| | |
|---|---|
| ഫിനോയിൽ 100 x 13 | 1300 |
| ഹാൻഡ് വാഷ് 100 x 88 | 8800 |
| ഡിഷ് വാഷ് 100 x 62.50 | 6250 |
| ടോയ്‌ലറ്റ് ക്ലീനർ 100 x 80 | 8000 |
| വിതരണത്തിനുള്ള ചെലവ് | 1500 |
| ഭരണ ചെലവുകൾ | 500 |
| **ആകെ** | **26350** |

**വരവ്**

| | |
|---|---|
| ഫിനോയിൽ 1 ലിറ്റർ | MRP 36 |
| ഹാൻഡ് വാഷ് 250 മില്ലി ലിറ്റർ | MRP 55 |
| ഡിഷ് വാഷ് 200 മില്ലി ലിറ്റർ | MRP 40 |

MRP യിൽ നിന്നും 30% തുക വില്പനക്കാരുടെ കമ്മീഷൻ കിഴിച്ച് ഉല്പാദകന് ലഭിക്കുന്നത്.

| | |
|---|---|
| ഫിനോയിൽ 25.20 x 100 Nos | 2520 |
| ഹാൻഡ് വാഷ് 38.50 x400 Nos | 15400 |
| ഡിഷ് വാഷ് 28.00 x 500 Nos | 14000 |
| ടോയ്‌ലറ്റ് ക്ലീനർ 17.50 x 500 Nos | 8750 |
| **ആകെ വരവ്** | **40670** |

**പ്രതിദിനലാഭം**

| | |
|---|---|
| വരവ് | 40670 |
| ചെലവ് | 26350 |
| | 14320 |

## ലൈസൻസുകൾ

തദ്ദേശ ഭരണ സ്ഥാപനത്തിൽ നിന്നുള്ള ലൈസൻസും, വാറ്റ് രജിസ്ട്രേഷനും, ഉദ്യോഗ് ആധാർ രജിസ്ട്രേഷനും നേടിയാൽ ഉല്പാദനം ആരംഭിക്കാം.

## പ്രത്യേക ശ്രദ്ധയ്ക്ക്

ക്ലീനിംഗ് ഉല്പന്നങ്ങൾ നിർമാണത്തിനാവശ്യമായ രാസവസ്തുക്കൾ കൈകാര്യം ചെയ്യുമ്പോൾ കണ്ണിൽ വീഴാതിരിക്കാനും, ആസിഡുകളുമായി നേരിട്ട് ബന്ധപ്പെടാതിരിക്കുന്നതിനും ശ്രദ്ധിക്കണം. കൂടാതെ ഉല്പന്നത്തിന്റെ പി. എച്ച്. കൃത്യതയോടെ നിലനിർത്തണം. ■




# കേരളത്തിലേയ്ക്ക് 300 കോടിയുടെ വ്യാ

സംസ്ഥാനത്ത് ചെറുകിട-ഇടത്തരം വ്യവസായ മേഖലയിൽ പ്രവർത്തിക്കുന്ന വ്യത്യസ്ത സംരംഭങ്ങൾക്ക് 300 കോടി രൂപയുടെ വ്യാപാര അന്വേഷണങ്ങൾ സമ്മാനിച്ച് 2016 ലെ ബി ടു ബി സംഗമത്തിന് തിരശ്ശീല വീണു. നെടുമ്പാശ്ശേരി സിയാൽ ട്രേഡ് ഫെയർ ആന്റ് എക്സിബിഷൻ കേന്ദ്രം വ്യവസായ വാണിജ്യ വകുപ്പിന്റെ നേതൃത്വത്തിൽ മൂന്ന് ദിവസങ്ങളിലായി നടന്ന ബി ടു ബി മീറ്റിലൂടെ 7200 വ്യാപാര കൂടിക്കാഴ്ചകൾക്കാണ് സാക്ഷ്യം വഹിച്ചത്.

28 രാജ്യങ്ങളിൽ നിന്നുള്ള 77 പ്രതിനിധികളടക്കം 469 ബയർമാർ പങ്കെടുത്ത മീറ്റിൽ വ്യാപാര മേഖലയിൽ നിന്നുള്ള 75 സന്ദർശകർ സ്പോട്ട് രജിസ്ട്രേഷനിലൂടെയും ഭാഗഭാക്കായി. മൂന്നു ദിവസങ്ങളിലായി 3,530 അന്വേഷണങ്ങൾ ലഭിച്ചതിൽ 253 അന്വേഷണങ്ങൾക്കുള്ള ധാരണ അന്തിമഘട്ടത്തിലുമെത്തിയിട്ടുണ്ട്.

സംസ്ഥാനത്തെ 200 ചെറുകിട ഇടത്തരം സംരംഭകരാണ് സംഗമത്തിൽ പങ്കെടുത്തത്. ഭക്ഷ്യ സംസ്കരണ മേഖലയിൽ നിന്നാണ് കൂടുതൽ പ്രതിനിധികൾ പങ്കെടുത്തതും അന്വേഷണങ്ങൾ ലഭിച്ചതും. ശ്രീലങ്കയിൽ നിന്നാണ് ഏറ്റവുമധികം പ്രതിനിധികളെത്തിയത്.

## മൂല്യവർധിത ഉത്പന്നങ്ങൾ അനിവാര്യം

കേരളത്തിലെ ചെറുകിട ഇടത്തരം വ്യവസായ മേഖല മൂല്യവർധിത ഉത്പന്നങ്ങളിൽ കൂടുതൽ ശ്രദ്ധ ചെലുത്തണമെന്ന് പൊതുമരാമത്ത് വകുപ്പ് മന്ത്രി വി. കെ. ഇബ്രാഹിം കുഞ്ഞ് പറഞ്ഞു. ആഗോള വാണിജ്യത്തിന്റെ പ്രതീക്ഷ മൂല്യവർധിത ഉത്പന്നങ്ങളിലാണെന്നും അദ്ദേഹം വ്യക്തമാക്കി. ബിസിനസ് ടു ബിസിനസ് മീറ്റ് ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

സംസ്ഥാനത്തിന്റെ വ്യവസായ വളർച്ച 12 ശതമാനമാണെന്ന് സംസ്ഥാന ഫിഷറീസ്, തുറമുഖ, എക്സൈസ് വകുപ്പു മന്ത്രി കെ. ബാബു പറഞ്ഞു. ഇത് ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് മികച്ചതാണ്. ഭൂമിക്ക് പരിധിയുണ്ടെങ്കിലും മികച്ച കിൻഫ്ര പാർക്കുകൾ സംസ്ഥാനത്തുണ്ട്. വ്യവസായം വളരുന്നതിനു വേണ്ടിയുള്ള രാഷ്ട്രീയ കാലാവസ്ഥ ഒരുക്കാൻ സർക്കാർ പ്രതിജ്ഞാബദ്ധമാണെന്നും അദ്ദേഹം പറഞ്ഞു.

സംസ്ഥാനത്തെ വ്യാവസായിക അന്തരീക്ഷം മെച്ചപ്പെടുത്താൻ സർക്കാർ എല്ലാ ശ്രമവും നടത്തുന്നുണ്ടെന്ന് അധ്യക്ഷനായിരുന്ന അൻവർ സാദത്ത് എം. എൽ. എ പറഞ്ഞു. ചെറുകിട ഇടത്തരം സംരംഭകർക്ക് ബി ടു ബി മീറ്റിലൂടെ മികച്ച അവസരമാണ് ലഭിക്കുന്നതെന്നും അദ്ദേഹം പറഞ്ഞു.

രാജ്യാന്തര തലത്തിൽ നടക്കുന്ന വാണിജ്യം ഏറെ ശുഭപ്രതീക്ഷ പകരുന്ന കാര്യമാണെന്ന് വ്യവസായ-ഐ ടി വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി പി. എച്ച്. കുര്യൻ പറഞ്ഞു. രാജ്യാന്തര തലത്തിലുള്ള വാണിജ്യ ഇടപാടുകളിൽ നമ്മുടെ പ്രാദേശിക വ്യവസായികളെ പങ്കെടുപ്പിക്കാൻ വ്യവസായ വകുപ്പ് പ്രതിജ്ഞാബദ്ധമാണ്. ഗുണമേന്മയാണ് കേരളത്തിലെ ഇടത്തരം ചെറുകിട മേഖല ഏറ്റവുമധികം ശ്രദ്ധിക്കേണ്ട ഘടകമെന്നും









# പാര അന്വേഷണങ്ങൾ

അദ്ദേഹം പറഞ്ഞു.

പ്രധാനമായും ഏഴ് മേഖലകളിലാണ് മീറ്റ് ശ്രദ്ധ കേന്ദ്രീകരിച്ചത്. മീറ്റിൽ ഏറ്റവും കൂടുതൽ പ്രാതിനിധ്യമുണ്ടായിരുന്ന ഭക്ഷ്യ-സംസ്കരണ വ്യവസായത്തിൽ നിന്ന് 80 പ്രദർശകരാണ് ഉണ്ടായിരുന്നത്. കൈത്തറി-ടെക്സ്റ്റൈൽസ്-ഗാർമെന്റ്സ്, റബ്ബർ, തടി അധിഷ്ഠിത വ്യവസായങ്ങൾ, ആയുർവേദ-ഔഷധച്ചെടി മേഖല-സൗന്ദര്യ വർദ്ധക വസ്തുക്കൾ, ഇലക്ട്രിക്കൽ-ഇലക്ട്രോണിക്സ് എഞ്ചിനീയറിംഗ് എന്നിവയ്ക്കു പുറമെ പരമ്പരാഗത വ്യവസായങ്ങളുടെ പ്രതിനിധികളും മേളയിൽ പങ്കെടുത്തു. സംസ്ഥാനത്തെ 200-ൽ പരം ചെറുകിട, ഇടത്തരം സംരംഭങ്ങളും 18 സംസ്ഥാനങ്ങളിൽ നിന്നും 21 രാജ്യങ്ങളിൽ നിന്നുമായി 480 ബയർമാരും മേളയിൽ പങ്കെടുത്തു.

സംസ്ഥാനത്തു നിന്നുള്ള 200 വിൽപനക്കാർക്ക് (സെല്ലേഴ്സ്) മാത്രമായി ബി ടു ബി മീറ്റ് നിജപ്പെടുത്തിയിരുന്നു. കഴിഞ്ഞ തവണ പങ്കെടുക്കാത്ത സംരംഭകരെയാണ് ഇക്കുറി പങ്കെടുപ്പിച്ചത്. ഫിക്കി കേരള വിഭാഗം ചെയർമാൻ എംജി ജോർജ്ജ് മുത്തൂറ്റ്, വ്യവസായ വകുപ്പ് ഡയറക്ടർ പി. എം. ഫ്രാൻസിസ് സംബന്ധിച്ചു.

ഒരു ബയറിന് 12 സെല്ലർമാരെ കാണാവുന്ന വിധമാണ് മീറ്റ് ഒരുക്കിയിരുന്നത്. ചെറുകിട ഇടത്തരം വ്യവസായങ്ങളിൽ വൻതോതിലുള്ള വിദേശ സഹകരണ സാധ്യത സംസ്ഥാനത്തുണ്ടെന്ന് പി. എം. ഫ്രാൻസിസ് പറഞ്ഞു. കേവലം വാണിജ്യ കരാറിനപ്പുറത്തേയ്ക്ക് പാർട്ട്ണർഷിപ്പ് സാധ്യതകൾ മുതലെടുക്കാൻ സംരംഭകർ ശ്രദ്ധിക്കേണ്ടതാണ്. വ്യാവസായിക വളർച്ചയ്ക്കും സംരംഭകരുടെ ദീർഘകാല ഭാവിക്കും ഏറെ പ്രയോജനകരമാണിതെന്നും അദ്ദേഹം പറഞ്ഞു.





## വിറകിനു പകരം ബ്രിക്കറ്റ്

തടി വ്യവസായങ്ങൾക്കുള്ള പവലിയനിലെ ഒരു സ്റ്റാളിനു മുന്നിൽ വച്ചിട്ടുള്ള വസ്തു എന്താണെന്ന് ഏവരും സംശയിക്കും. വിറകിനു പകരക്കാരനാണ് മേശപ്പുറത്തിരിക്കുന്ന ബ്രിക്കറ്റ് എന്ന വസ്തുവെന്നറിഞ്ഞാൽ പിന്നെ കൗതുകമായി. അറക്കപ്പൊടി ഉണക്കി ഉണ്ടാക്കുന്നതാണ് ബ്രിക്കറ്റ് എന്ന പേരിൽ അറിയപ്പെടുന്ന പുതുതലമുറയിലെ വിറക്.

ഈ വർഷത്തെ കേരള ബിസിനസ് ടു ബിസിനസ് മീറ്റിൽ ഏറ്റവുമധികം അന്വേഷണങ്ങൾ വന്ന സ്റ്റാളുകളിലൊന്നാണ് കാസർകോട്ടുകാരൻ സാലിഹിന്റേത്. അറക്കപ്പൊടി കൊണ്ടുള്ള ബ്രിക്കറ്റ് എന്ന ഇന്ധനമാണ് അദ്ദേഹത്തിന്റെ ഉത്പന്നത്തിന്റെ പ്രത്യേകത. സംഗതി ലളിതമാണെങ്കിലും കരുത്തുറ്റതാണ്. വിറകിന്റെ ഇരട്ടിയാണ് ബ്രിക്കറ്റ് കത്തുമ്പോഴുള്ള ചൂട്. ഇതിന്റെയും നിർമാണം അടിസ്ഥാനപരമായി തടിയിൽ നിന്നു തന്നെയാണ്. അറക്കപ്പൊടി ഉണക്കി, അതിസമ്മർദ്ദമുള്ള യന്ത്രത്തിലൂടെ കയറ്റി സിലിണ്ടർ രൂപത്തിലാക്കുന്നതാണ് ബ്രിക്കറ്റ്. പുക ഒട്ടുമുണ്ടാകില്ല, ചൂട് ഇരട്ടി ലഭിക്കും എന്നതാണ് വ്യവസായ ലോകത്തിന് ബ്രിക്കറ്റിനെ പ്രിയപ്പെട്ടതാക്കുന്നത്.

പ്രധാനമായും ലോഹങ്ങൾ ഉരുക്കുന്നതിനും മറ്റുമുള്ള കൂടിയ താപനില ആവശ്യമുള്ള ഫർണസുകൾ പ്രവർത്തിപ്പിക്കാനാണ് ബ്രിക്കറ്റ് വാങ്ങിക്കൊണ്ടുപോകുന്നതെന്ന് സാലിഹ് പറഞ്ഞു. ദിവസം 60 ടൺ വരെ അറക്കപ്പൊടി വിറക് ഉത്പാദിപ്പിക്കാനാകും. ശരാശരി 40 ടൺ എല്ലാ ദിവസവും വിറ്റു പോകുന്നുണ്ടെന്നും അദ്ദേഹം പറഞ്ഞു. കിലോയ്ക്ക് ആറ് രൂപയാണ് വില. കേരളത്തിൽ മിൽമയാണ് ഈ ന്യൂജെൻ വിറകിന്റെ പ്രധാന ഉപഭോക്താക്കൾ.

ബെൽജിയം, അമേരിക്ക, ആസ്ട്രേലിയ, ശ്രീലങ്ക എന്നിവിടങ്ങളിൽ നിന്നാണ് സാലിഹിന് ഏറ്റവുമധികം അന്വേഷണങ്ങൾ ബി ടു ബി മീറ്റിൽ ലഭിച്ചത്. ബെൽജിയം, ആസ്ട്രേലിയ എന്നിവിടങ്ങളിൽ നിന്നുള്ള ബയേഴ്സുമായി വാണിജ്യ കരാർ യാഥാർത്ഥ്യമാകുമെന്ന പ്രതീക്ഷയും ഇദ്ദേഹത്തിനുണ്ട്. അതേസമയം കമ്പനിയുടെ യൂണിറ്റ് ശ്രീലങ്കയിൽ തുടങ്ങാനുള്ള ക്ഷണവും സാലിഹിന് ലഭിച്ചു കഴിഞ്ഞു. രണ്ടു മാസത്തിനുള്ളിൽ ശ്രീലങ്കയിൽ പോകാൻ തയ്യാറെടുക്കുകയാണ് ഈ യുവ വ്യവസായി.

തടി അധിഷ്ഠിത വ്യവസായത്തിൽ ഫർണിച്ചറുകളാണ് ബി ടു ബി മീറ്റിലെ മറ്റൊരു ആകർഷണം. പരമ്പരാഗത ശൈലിയിലുള്ള തടി ഉപകരണങ്ങൾക്ക് ആവശ്യക്കാരേറെയായിരുന്നുവെന്ന് പ്രൈം ഡെക്കറിന്റെ മാനേജർ പ്രേം സാഗർ പറഞ്ഞു. പരമ്പരാഗതമായ ഡിസൈനിലുള്ളവ ഓർഡർ അനുസരിച്ച് ആവശ്യക്കാർക്ക് പണിതു നൽകുകയാണ് പതിവെന്നും അദ്ദേഹം പറഞ്ഞു.

ഫർണിച്ചർ രംഗത്തെ ഓൺലൈൻ വ്യാപാരത്തിന്റെ കാലത്തും തടി അധിഷ്ഠിത വ്യവസായങ്ങൾ കേരളത്തിൽ നൂതന രീതി പരീക്ഷിക്കുന്നത് പ്രശംസനീയമാണെന്ന് വ്യവസായ-വാണിജ്യ ഡയറക്ടർ പി. എം ഫ്രാൻസിസ് പറഞ്ഞു. തികച്ചും പരമ്പരാഗതമായ വ്യവസായത്തെ രാജ്യാന്തര തലത്തിൽ എത്തിക്കാൻ സംരംഭകർ കാണിക്കുന്ന






താത്പര്യം പ്രതീക്ഷ നൽകുന്നുണ്ടെന്നും അദ്ദേഹം പറഞ്ഞു.

### ആരോഗ്യം കാക്കും വിഭവങ്ങൾ

രാസപദാർത്ഥങ്ങൾ ചേർക്കാത്ത ജാം, അച്ചാറുകൾ, ജ്യൂസ് എന്നിവയ്ക്കും നിരവധി സ്റ്റാളുകൾ ബി ടു ബി മീറ്റിലുണ്ടായിരുന്നു. വായു കടക്കാതെ പാക്ക് ചെയ്ത കരിക്കിൻ വെള്ളത്തിനും മറ്റും നിരവധി അന്വേഷണങ്ങളും ബയർമാരിൽ നിന്ന് എത്തി. ബയോ എൻസൈമുകൾ ഉപയോഗിച്ചാണ് കരിക്കിൻ വെള്ളം കേടു കൂടാതെ സൂക്ഷിക്കുന്നതെന്ന് സിപ് ഒ നട്ടിന്റെ എം ഡി സതീഷ്. ടി പറഞ്ഞു. അതിനാൽ തന്നെ ഏഴ് മാസം വരെ കരിക്കിൻവെള്ളം സാധാരണ താപനിലയിൽ കേടു കൂടാതെ ഇരിക്കുമെന്നും അദ്ദേഹം പറഞ്ഞു.

ഏതു ഭൂപ്രദേശത്തും രാസപദാർത്ഥങ്ങളില്ലാത്ത ഭക്ഷണത്തിന് വൻ ഡിമാന്റാണെന്ന് വ്യവസായ-വാണിജ്യ വകുപ്പ് ഡയറക്ടർ പി. എം. ഫ്രാൻസിസ് പറഞ്ഞു. ഈ ഡിമാന്റ് നിരവധി സംരംഭകരെ ഇത്തരം വ്യവസായങ്ങളിലേയ്ക്ക് ആകർഷിക്കുന്നുണ്ടെന്നും അദ്ദേഹം പറഞ്ഞു.

ബി ടു ബി യിൽ നിരന്ന 80 പ്രദർശനങ്ങൾ ഭക്ഷ്യ സംസ്കരണത്തിൽ നിന്നായിരുന്നു.

## രണ്ടു ദിവസത്തിനകം 203 ഓർഡറുകൾ

ബി ടു ബി മീറ്റിൽ രണ്ട് ദിവസത്തിനകം തന്നെ 6200 വ്യാപാര കൂടിക്കാഴ്ചകളാണ് ഇത്തവണ നടന്നത്. രണ്ടാം ദിനം മാത്രം 203 ഓർഡറുകൾ കൂടിക്കാഴ്ചയിലൂടെ ഉറപ്പാക്കി. മൊത്തം 444 ബയർമാരാണ് ഈ ദിവസങ്ങളിൽ വിവിധ സംരംഭകരുമായി കൂടിക്കാഴ്ച നടത്തിയത്.

രണ്ടാം ദിവസം മാത്രം 4200 കൂടിക്കാഴ്ചകൾ നടന്നു. 28 രാജ്യങ്ങളിൽ നിന്നുള്ള 77 വിദേശ ബയേഴ്സ് സംരംഭകരുമായി കൂടിക്കാഴ്ച നടത്തി. രണ്ടാം ദിനത്തിൽ മാത്രം 3031 അന്വേഷണങ്ങളും വന്നു. ആദ്യ ദിനത്തിൽ ഉണ്ടായതിന്റെ ഇരട്ടിയിലധികമായിരുന്നു രണ്ടാം ദിനത്തിൽ നടന്ന കൂടിക്കാഴ്ചകൾ.

വേറിട്ട വ്യവസായ സംരംഭങ്ങൾക്ക് ഉത്പന്നങ്ങളുടെ ഓർഡറിനു പുറമെ വിദേശ രാജ്യങ്ങളിൽ സംരംഭം തുടങ്ങാനുള്ള ക്ഷണവും ലഭിച്ചിട്ടുണ്ട്. ഏഷ്യൻ ആഫ്രിക്കൻ രാജ്യങ്ങൾ ചെറുകിട-ഇടത്തരം വ്യവസായങ്ങൾക്ക് ഏറെ പ്രോത്സാഹനം നൽകുന്നുണ്ട്. ശ്രീലങ്കയിൽ നികുതി രഹിത ഫ്രീ സോണും വ്യവസായങ്ങൾക്ക് നൽകുന്നു. പല സംരംഭകർക്കും ഇത്തരം വ്യവസായ സോണിലേയ്ക്കാണ് ക്ഷണം ലഭിച്ചിരിക്കുന്നത്.






# ശ്രദ്ധയാകർഷിച്ച് റെഡി ടു ഈറ്റ് സംരംഭങ്ങൾ

നാട്ടിലായാലും വിദേശത്തായാലും ഇപ്പോൾ റെഡി ടു ഈറ്റ് ഭക്ഷണ പദാർത്ഥങ്ങളുടെ തരംഗമാണ്. ഈ രംഗത്ത് മൾട്ടിനാഷണൽ കമ്പനികളെ വെല്ലുന്ന പ്രകടനമാണ് കേരളത്തിലെ ചില ചെറുകിട ഇടത്തരം വ്യവസായ സംരംഭങ്ങൾ കാഴ്ച വയ്ക്കുന്നത്. ബി ടു ബി മീറ്റിലും ജനശ്രദ്ധ നേടി താരപദവിയിലെത്തിയത് റെഡി ടു ഈറ്റ് സംരംഭങ്ങളാണ്.




മലയാളിയുടെ ഇഷ്ട നാടൻ വിഭവങ്ങളാണ് റെഡി ടു ഈറ്റ് ആയി പാക്ക് ചെയ്യുന്നത്. എണ്ണയോ, രാസപദാർത്ഥങ്ങളോ ചേർക്കാതെ പാക്ക് ചെയ്യുന്നു എന്നതാണ് പ്രത്യേകത. ചെറുകിട വിഭവങ്ങളായ സമൂസ, കട്‌ലറ്റ്, കൊഴുക്കട്ട, ഇലയട, പരിപ്പുവട എന്നിവയെല്ലാം ഇത്തരത്തിലാണ് ഉപഭോക്താക്കൾക്ക് മുന്നിൽ എത്തിക്കുന്നത്.

ആരോഗ്യത്തിനു വേണ്ടി ഭക്ഷണത്തിന്റെ സ്വാദ് ഉപേക്ഷിക്കണമെന്ന് പറയുന്നത് തെറ്റിദ്ധാരണയാണെന്ന് ജീവ് രസ് ഭക്ഷ്യസംസ്കരണ സംരംഭത്തിന്റെ ഉടമ എൻ. പി. റഫീക്ക് പറയുന്നു. ജർമൻ സാങ്കേതിക വിദ്യ ഉപയോഗിച്ചാണ് എണ്ണയിൽ വറുക്കാതെ ആവി ഉപയോഗിച്ച് വറുക്കൽ പലഹാരങ്ങൾ ഉണ്ടാക്കുന്നതെന്നും അദ്ദേഹം പറഞ്ഞു. ഇതിന്റെ കറുമുറെ സ്വാദ് പോകാത്ത രീതിയിലാണ് പലഹാരങ്ങൾ ഒരുക്കുന്നതെന്നും അദ്ദേഹം പറഞ്ഞു.

## വ്യവസായത്തിൽ കൈകോർക്കാൻ ശ്രീലങ്കയും

നാടൊന്നു പോലെ, വീടൊന്നു പോലെ, മുഖങ്ങളൊന്നു പോലെ, ഭക്ഷണവും ഒന്നു പോലെ. കേരളവും ശ്രീലങ്കയും തമ്മിലുള്ള അപാരമായ സാദൃശ്യമാണിത്. ഭാഷാപരമായ സാഹോദര്യം പുലർത്തുന്ന തമിഴ്നാട്ടിനേക്കാൾ സാമ്യമാണ് ശ്രീലങ്കയ്ക്ക് കേരളത്തിനോടുള്ളത്. ഈ അടുപ്പം തന്നെയാണ് കേരളത്തിലെ വാണിജ്യ മേഖലയിലും ശ്രീലങ്കയ്ക്ക് താല്പര്യമുണ്ടാകാൻ കാരണം. ബിസിനസ് ടു ബിസിനസ് മീറ്റിൽ ഏറ്റവുമധികം വിദേശ





പ്രതിനിധികൾ എത്തിയത് ശ്രീലങ്കയിൽ നിന്നാണ്.

വ്യവസായ ഐടി വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി പി. എച്ച് കുര്യന്റെ വാക്കുകളിൽ പറഞ്ഞാൽ രണ്ട് രാജ്യങ്ങൾക്കിടയിലെ സമാധാനത്തിനും സമൃദ്ധിക്കുമെല്ലാം അത്യന്താപേക്ഷിതമായ കാര്യം അവർക്കിടയിലെ വാണിജ്യ ബന്ധങ്ങളാണ്. ആഭ്യന്തര പ്രശ്നങ്ങൾ അവസാനിച്ചു കഴിഞ്ഞ ശ്രീലങ്കയിൽ കേരളത്തിലെ വ്യവസായികളെ കാത്തിരിക്കുന്നത് അനന്ത സാധ്യതകളാണെന്നും അദ്ദേഹം ഓർമിപ്പിച്ചു.

കേരളത്തിലെ വ്യവസായങ്ങളിൽ പാർട്ട്ണർഷിപ്പിനാണ് സാധ്യതയെന്ന് വ്യവസായ-വാണിജ്യ വകുപ്പ് ഡയറക്ടർ പി. എം. ഫ്രാൻസിസ് പറഞ്ഞു. മലയാളികളായ നിരവധി പേർ ശ്രീലങ്കയിൽ വ്യവസായങ്ങൾ തുടങ്ങിക്കഴിഞ്ഞു. വിദേശ നിക്ഷേപകർക്കായി പ്രത്യേക സാമ്പത്തിക മേഖല സംസ്ഥാന സർക്കാർ തുടങ്ങുന്നുണ്ട്. ഈ അവസരം ശ്രീലങ്കയ്ക്ക് ഉപയോഗപ്പെടുത്താവുന്നതാണെന്ന് അദ്ദേഹം പറഞ്ഞു. ഇന്തോ-സിലോൺ ഇക്കോണമിക് ഡയലോഗിന്റെ ആമുഖ പ്രസംഗം നടത്തുകയായിരുന്നു അദ്ദേഹം.

ആധുനികവും പരമ്പരാഗതവുമായി കേരളത്തിന്റേതെന്നു പറയാവുന്ന എല്ലാ ചെറുകിട ഇടത്തരം വ്യവസായങ്ങളിലും ശ്രീലങ്കയ്ക്ക് താത്പര്യമുണ്ട്. കാരണം ഇത്തരം വ്യവസായങ്ങൾ ആ രാജ്യത്തുമുണ്ട്. കയറ്റുമതി ചെയ്യുന്നതും ഒരേതരം വസ്തുക്കളായതിനാൽ വൈവിദ്ധ്യം നിറഞ്ഞ പുതിയ ഉത്പന്നങ്ങൾക്ക് ഡിമാന്റുണ്ടെന്ന് ശ്രീലങ്കൻ വ്യവസായ സമൂഹത്തിന്റെ പ്രതിനിധിയായ ശരത് കഹപലരാച്ചി പറഞ്ഞു. മൂല്യവർദ്ധിത ഉത്പന്നങ്ങൾക്കാണ് ഡിമാന്റുള്ളത്. അതിനാൽ തന്നെ ഇത്തരം വ്യവസായങ്ങൾക്ക് മുൻഗണന നൽകണമെന്നും അദ്ദേഹം പറഞ്ഞു.

ശ്രീലങ്കയുമായുള്ള കയറ്റുമതിയിൽ മൂന്നാം സ്ഥാനമാണ് ഇന്ത്യയ്ക്കുള്ളത്. എന്നാൽ സൗഹൃദ രാഷ്ട്രമെന്ന നിലയിൽ ഇരു രാജ്യങ്ങളും തമ്മിലുള്ള കയറ്റുമതി ഇറക്കുമതി നയത്തിൽ ഇളവുകൾ വരു



ത്തേണ്ടത് ആവശ്യമാണെന്നും ശ്രീലങ്കൻ പ്രതിനിധികൾ ആവശ്യപ്പെട്ടു.

ബി ടു ബി മീറ്റിൽ പ്രധാനമായും ഭക്ഷ്യ സംസ്കരണം, ടൂറിസം, വസ്ത്ര വ്യാപാരം എന്നീ മേഖലകളിലാണ് ശ്രീലങ്കൻ സംഘം ഊന്നൽ നൽകിയത്. ഇതിൽ ഭക്ഷ്യസംസ്കരണത്തിൽ കേരളത്തിലെ സാധ്യതകളിൽ ശ്രീലങ്കയ്ക്ക് ഏറെ പ്രതീക്ഷയുണ്ട്. കേരളത്തിന്റെയും ശ്രീലങ്കയുടെയും തനത് വിഭവങ്ങളെല്ലാം ഒന്നുതന്നെയാണ്. എന്നാൽ കയറ്റുമതി സാധ്യതയിൽ ഈ ഭക്ഷ്യോത്പന്നങ്ങൾ ശ്രീലങ്കയിൽ ഉത്പാദിപ്പിക്കുന്നില്ല. കേരളത്തിൽ ഏറ്റവുമധികം വളർച്ച നേടിയ വ്യവസായമാണ് ഭക്ഷ്യ സംസ്കരണം. ഇത് മുതലെടുക്കാനാണ് ശ്രീലങ്കൻ വ്യാപാരികളുടെ ശ്രമം.

ഇന്ത്യയിൽ നിന്നുള്ള കയറ്റുമതിയുടെ 80 ശതമാനം കൊളംബോ തുറമുഖം വഴിയാണ് പോകുന്നത്. ഈ സാഹചര്യത്തിൽ കേരളത്തിൽ നിന്നുള്ള ഭക്ഷ്യ സംസ്കരണ വ്യവസായവുമായി സഹകരിച്ചാൽ അത് ശ്രീലങ്കയിലെ കയറ്റുമതിയെയും സഹായിക്കുമെന്നാണ് വ്യവസായലോകത്തിന്റെ കണക്കുകൂട്ടൽ.

ഇന്ത്യയുമായുള്ള വാണിജ്യകരാറിന്റെ ആനുകൂല്യം പൂർണമായി മുതലെടുക്കാനാണ് ശ്രീലങ്കയുടെ ശ്രമം. ഭക്ഷ്യസംസ്കരണ വ്യവസായം വ്യാപകമല്ലാത്തതിനാൽ അസംസ്കൃത വസ്തുക്കൾ കൊണ്ടു മാത്രം പ്രയോജനമുണ്ടാകില്ല. അതിനാലാണ് മൂല്യവർധനവ് നടത്തിയ ഭക്ഷ്യ വസ്തുക്കളുടെ കാര്യത്തിൽ ശ്രീലങ്കൻ പ്രതിനിധി സംഘം ബി ടു ബി മീറ്റിൽ പ്രത്യേക പരിഗണന നൽകിയത്.

ആയുർവേദത്തിന്റെ ടൂറിസം സാധ്യതകൾ മികച്ച രീതിയിൽ ഉപയോഗപ്പെടുത്തുന്ന രാജ്യമാണ് ശ്രീലങ്ക. അന്താരാഷ്ട്ര ടൂറിസം മേളകളിലും ശ്രീലങ്കയുടെ പ്രധാന







പ്രദർശനം ആയുർവേദമാണ്. എന്നാൽ ആയുർവേദത്തിന്റെ രംഗത്തും കേരളത്തെ ആശ്രയിക്കാതെ പിടിച്ചു നിൽക്കാൻ ശ്രീലങ്കയ്ക്കാകില്ല. കേരളത്തിൽ ഈ രംഗത്തുള്ള ചെറുകിട ഇടത്തരം വ്യവസായികൾക്കും മികച്ച അവസരമാണ് ബി ടു ബി മീറ്റിലൂടെ ഒരുങ്ങിയത്.

ഫിക്കി കേരള ഉപാദ്ധ്യക്ഷൻ ദീപക് അസ്വാനി സമാപന പ്രഭാഷണം നടത്തി. കേരള ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രമോഷൻ സി. ഇ. ഒ വി. രാജഗോപാൽ ചടങ്ങിൽ അദ്ധ്യക്ഷനായിരുന്നു. ഫിക്കി കേരള ഹെഡ് സാവിയോ മാത്യു നന്ദി പറഞ്ഞു. ബി ടു ബി മീറ്റ് നടന്ന മൂന്ന് ദിവസങ്ങളിലായി ശ്രീലങ്കൻ സംഘം കേരളത്തിലെ വിവിധ സെല്ലർമാരുമായി ആയിരത്തിലേറെ കൂടിക്കാഴ്ചകളാണ് നടത്തിയത്.

വ്യവസായ വാണിജ്യ ഡയറക്ടറേറ്റ്, ഹാന്റ്‌ലൂം ടെക്സ്റ്റൈൽസ് ഡയറക്ടറേറ്റ്, കെ. എസ്. ഐ. ഡി. സി, കിൻഫ്ര, ഫിക്കി (ഫെഡറേഷൻ ഓഫ് ഇന്ത്യൻ ചേംബേഴ്സ് ഓഫ് കൊമേഴ്സ് ആന്റ് ഇൻഡസ്ട്രി) എന്നിവയുമായി ചേർന്ന് കേരള ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രൊമോഷൻ (കെ ബിപ്പ്) ആണ് മേള സംഘടിപ്പിച്ചത്. ■




# കൗതുകം പകർന്ന് ചക്ക ഉല്പന്നങ്ങൾ

**ചക്കയുടെ മൂല്യവർദ്ധിത ഉത്പന്നങ്ങൾ ഉണ്ടാക്കുന്ന സംരംഭകരെയും, പൊട്ടൻഷ്യൽ ആയിട്ടുള്ള ബയേഴ്സിനെയും ഒരേ വേദിയിൽ കൊണ്ടുവരിക എന്നതായിരുന്നു മേളയുടെ പ്രധാന ഉദ്ദേശ്യം.**



ബി ടു ബി മീറ്റിന് സമാന്തരമായി വ്യവസായ വാണിജ്യ വകുപ്പ് ചക്കയുടെ മൂല്യവർദ്ധിത ഉത്പന്നങ്ങളുടെ പ്രദർശന മേളയും ജാക്ക് ഫ്രൂട്ട് പ്രോ), ബയർ–സെല്ലർ മീറ്റും ഫെബ്രുവരി നാല് മുതൽ ആറ് വരെ എറണാകുളം ജില്ലയിലെ അത്താണി വി. എം. ജി ഹാളിൽ സംഘടിപ്പിച്ചു. ചക്കയുടെ മൂല്യവർദ്ധിത ഉത്പന്നങ്ങൾ ഉണ്ടാക്കുന്ന സംരംഭകരെയും, പൊട്ടൻഷ്യൽ ആയിട്ടുള്ള ബയേഴ്സിനെയും ഒരേ വേദിയിൽ കൊണ്ടുവരിക എന്നതായിരുന്നു മേളയുടെ പ്രധാന ഉദ്ദേശ്യം. കേരളത്തിൽ സാർവത്രികമായി



ലഭിക്കുന്നതും എന്നാൽ ശാസ്ത്രീയമായ സംസ്കരണത്തിന്റെ അഭാവത്താൽ നഷ്ടപ്പെടുന്നതുമായ ചക്കയുടെ വാണിജ്യ സാധ്യതകൾ ഉപയോഗപ്പെടുത്തുന്നതിനും മൂല്യവർദ്ധിത ഉത്പന്നങ്ങൾ വ്യാവസായികമായി നിർമിക്കുന്നതിനും അവ ആധുനിക വിപണന മേഖലയിൽ പരിചയപ്പെടുത്തുന്നതിനുമായാണ് വ്യവസായ വകുപ്പ് ജാക്ക്ഫ്രൂട്ട് പ്രോ- 2016 എന്ന പേരിൽ ത്രിദിന വ്യവസായ വാണിജ്യമേള സംഘടിപ്പിച്ചത്.

പൊതുമരാമത്ത് വകുപ്പ് മന്ത്രി വി. കെ. ഇബ്രാഹിം കുഞ്ഞ് പരിപാടി ഉദ്ഘാടനം ചെയ്തു. വ്യവസായ വാണിജ്യ ഡയറക്ടർ പി. എം. ഫ്രാൻസിസ്, ആലുവ എം. എൽ. എ. അൻവർ സാദത്ത്, വ്യവസായ വാണിജ്യ വകുപ്പ് അഡീഷണൽ ഡയറക്ടർ കെ. സുധീർ സംബന്ധിച്ചു.

## ചക്കയുടെ പ്രചാരകർക്ക് ആദരം

ചക്കയും ചക്കയുടെ മൂല്യവർദ്ധിത ഉത്പന്നങ്ങളും പ്രചരിപ്പിക്കുന്നതിന് മികച്ച സംഭാവന നൽകിയ താഴെ പറയുന്ന വ്യക്തികളെ പൊന്നാട അണിയിച്ചും, ആറന്മുള കണ്ണാടി നൽകിയും ആദരിച്ചു.

2015 ആഗസ്റ്റിൽ മാതൃഭൂമിയിൽ പ്രസിദ്ധീകരിച്ച **ചതിക്കാത്ത ചക്ക** എന്ന ലേഖന പരമ്പര എഴുതിയ മാതൃഭൂമി ചീഫ് റിപ്പോർട്ടർ എസ്. ഡി. വേണുകുമാർ, ചക്കയുടെ മൂല്യവർദ്ധിത ഉത്പന്നങ്ങളുടെ നിർമാണത്തിൽ പരിശീലനം നൽകുകയും ചക്കമഹോത്സവങ്ങൾ സംഘടിപ്പിച്ച് ഈ ഉത്പന്നങ്ങൾക്ക് വിപണി കണ്ടെത്തുന്നതിൽ സഹായകരമായ പ്രവർത്തനങ്ങൾ നടത്തിവരികയും ചെയ്യുന്ന ജാക്ക്ഫ്രൂട്ട് പ്രൊമോഷൻ കൗൺസിലിന്റെ പ്രതിനിധിയും തിരുവനന്തപുരം ജനറൽ സെക്രട്ടറിയുമായ എൽ. പങ്കജാക്ഷൻ, ചക്ക അടിസ്ഥാനമാക്കിയുള്ള മൂല്യവർദ്ധിത ഉത്പന്നങ്ങളുടെ ഉത്പാദന വിപണന പരിശീലന മേഖലയിൽ ഗ്രൂപ്പ് റൂറൽ മാർക്കറ്റിംഗ് അസോസിയേഷൻ (ഗ്രാമ) കൈവരിച്ച നേട്ടങ്ങളെ അനുസ്മരിച്ച് ഗ്രാമ പ്രസിഡന്റ് ജേക്കബ്ബ് ലൂക്കോസ്, ചക്ക ഉല്പന്ന വിപണന രംഗത്ത് ഏകീകൃത സ്വഭാവത്തോടെ പ്രവർത്തിക്കുന്ന ജാക്ക്ഫ്രൂട്ട് 365 എന്ന സ്ഥാപനത്തിന്റെ സ്ഥാപകൻ ജെയിംസ് ജോസഫ്, കർണാടകത്തിലെ പുത്തൂർ എന്ന ഗ്രാമത്തിൽ ഗുണമേന്മയുള്ള പ്ലാവിൻ തൈകൾ ഉത്പാദിപ്പിച്ച് ഗുണമേന്മയുള്ള ചക്ക, സംരംഭകർക്കും കർഷകർക്കും ലഭ്യമാക്കുന്നതിനുള്ള സൗകര്യമൊരുക്കുകയും ഓരോ വീട്ടിലും ഗുണമേന്മയുള്ള ഒരു പ്ലാവ് എന്ന സന്ദേശം നൽകുകയും ചെയ്യുന്ന അനിൽ കുമാർ, ചക്കയിലൂടെ പാദേശിക ആരോഗ്യ സുരക്ഷയും അതിലൂടെ സാമ്പത്തിക സുരക്ഷയും ഉറപ്പു വരുത്തുന്ന പ്രവർത്തനങ്ങളിൽ പ്രധാന പങ്കു വഹിക്കുന്ന വയനാട്ടിലെ ഉറവ് എന്ന നാടൻ ശാസ്ത്ര സാങ്കേതിക പഠന കേന്ദ്രത്തിലെ എം. ബാബുരാജ്, ഒട്ടു തൈക






# ഗൗരവമുള്ള ചർച്ചകൾ

മേളയുടെ രണ്ടാം ദിവസം ടെക്നിക്കൽ സെഷനും ചക്ക അധിഷ്ഠിത വിഭവങ്ങളുടെ പാചക മത്സരവും നടത്തി. ടെക്നിക്കൽ സെഷനിൽ ആദ്യമായി അഡികെ പത്രികെയുടെ ചീഫ് എഡിറ്ററും പരിസ്ഥിതി പ്രവർത്തകനുമായ ശ്രീപദ്രെ ചക്കയുടെ മൂല്യവർദ്ധനവും അതിന്റെ സാധ്യതകളെയും കുറിച്ച് വിശദമായി സംസാരിച്ചു. പ്രത്യേകിച്ച് കേരളത്തിൽ പാഴായി പോകുന്ന ഈ പ്രകൃതിവിഭവം പരമാവധി ഉപയുക്തമാക്കേണ്ടതുണ്ട് എന്ന് അദ്ദേഹം പറഞ്ഞു. ചക്കയുടെ മാത്രം സാദ്ധ്യതകളിൽ നിരവധി പഠനങ്ങളെക്കൂടി സാക്ഷ്യപ്പെടുത്തിയാണ് അദ്ദേഹം തന്റെ സെഷൻ കൈകാര്യം ചെയ്തത്. ശേഷം ശ്രോതാക്കളുടെ ചോദ്യങ്ങൾക്ക് തൃപ്തികരമായ മറുപടിയും നൽകി.

രണ്ടാമത്തെ സെഷൻ വ്യവസായിയായ പ്രത്യേകിച്ച് ചക്ക ഉത്പന്നങ്ങളുടെ നിർമാണത്തിലും അവയുടെ വിപണനത്തിലും പ്രചാരണത്തിലും മുമ്പന്തിയിൽ നിൽക്കുന്ന ജെയിംസ് ജോസഫ് ആണ് കൈകാര്യം ചെയ്തത്. ചക്ക വ്യവസായത്തിന് ആവശ്യമായ വ്യാവസായിക തോത് (ഇൻഡസ്ട്രിയൽ സ്കെയിൽ എഫിഷ്യൻസി റിക്വയേർഡ് ഫോർ ജാക്ക്ഫ്രൂട്ട് ഇൻഡസ്ട്രി) എന്ന വിഷയത്തിൽ ആധികാരികമായി സംസാരിക്കുകയും സംരംഭകരുടെ സംശയങ്ങൾക്ക് മറുപടി പറയുകയും ചെയ്തു.

ഉച്ചയ്ക്കുശേഷം മൂന്നാമത്തെ സെഷൻ കൈകാര്യം ചെയ്തത് തവനൂർ കേളപ്പജി കോളേജ് ഓഫ് അഗ്രിക്കൾച്ചറൽ എഞ്ചിനീയറിംഗ് ആന്റ് ടെക്നോളജിയിലെ പ്രൊഫസറായ ഡോ. കെ. പി. സുധീർ ആണ്. അദ്ദേഹം ടോട്ടൽ വാല്യു അഡിഷൻ ഓഫ് ജാക്ക്ഫ്രൂട്ട് വിത്ത് സ്പെഷ്യൽ റെഫറൻസ് റ്റു തെർമൽ പ്രോസസ്സിംഗ് എന്ന വിഷയത്തെക്കുറിച്ച് സംസാരിച്ചു. സംരംഭകർ ക്ലാസ്സിനു ശേഷം സംശയനിവാരണം നടത്തി.



ളിൽ നിന്നല്ലാതെ ചക്കക്കുരുവിൽ നിന്നും ഉണ്ടാക്കിയ പ്ലാവിൻ തൈകളാണ് പ്രചരിപ്പിക്കേണ്ടത് എന്ന് നിർബന്ധമുള്ള, സാധ്യമായ ഇടത്തെല്ലാം പ്ലാവിൻ തൈ നട്ടും പരിചരിച്ചും വരുന്ന പ്ലാവ് ജയൻ, അഡികെ പത്രികയുടെ പത്രാധിപരും അന്തർദേശീയ തലത്തിൽ അറിയപ്പെടുന്ന പരിസ്ഥിതി പ്രവർത്തകനുമായ ശ്രീപദ്രെ (ചക്ക അധിഷ്ഠിത ഉത്പന്നത്തിന് കേരളത്തിൽ വൻസാധ്യതയുണ്ടെന്ന് തിരിച്ചറിഞ്ഞ് ഇന്ത്യയിലെ പ്രത്യേകിച്ച് കേരളത്തിലെ ജനങ്ങൾക്കിടയിൽ ബോധവത്കരണം നടത്തിവരുന്നു), വയനാട്ടിലെ ഉറവ് എന്ന നാടൻ ശാസ്ത്ര സാങ്കേതിക പഠന കേന്ദ്രത്തിന്റെ ട്രസ്റ്റിമാരിൽ ഒരാളും 2006 ലെ ആദ്യ ചക്ക മഹോത്സവത്തിന്റെ സംഘാടനത്തിൽ പ്രധാന പങ്കു വഹിച്ചയാളുമായ സി. ഡി. സുനീഷ് (ലൈവ് വാർത്ത എന്ന ഓൺലൈൻ ന്യൂസ് പേപ്പറിന്റെ പ്രത്യേക ലേഖകനായി ജോലി ചെയ്യുന്നതോടൊപ്പം പ്രാദേശിക ആരോഗ്യ സാമ്പത്തിക സുരക്ഷയ്ക്ക് ചക്ക എന്ന സന്ദേശം










പ്രാവർത്തികമാക്കാൻ സെമിനാർ, പ്രായോഗിക പരിശീലനം എന്നിവ നടത്തുകയും മറ്റു നിരവധി മാധ്യമങ്ങളിലൂടെ ചക്കയുടെ സുസ്ഥിരമായ ഭാവിക്ക് വേണ്ടി ഇപ്പോഴും പ്രചാരണം നടത്തുകയും ചെയ്യുന്നു.) ചക്ക ഉത്പന്ന നിർമാണ വിപണന രംഗത്ത് തനത് വ്യക്തിമുദ്ര പതിപ്പിച്ച വ്യക്തി എന്ന നിലയിലും ലാഭേച്ഛയില്ലാതെയുള്ള പ്രവർത്തനങ്ങൾ നടത്തി വേറിട്ടൊരു വ്യക്തിത്വത്തിനുള്ള ഉടമ എന്ന നിലയിലും ജെയിംസ്. പി. മാത്യു, ആലപ്പുഴ കൃഷി വിജ്ഞാന കേന്ദ്രത്തിലെ സീനിയർ സയന്റിസ്റ്റ് ടി. മുരളീധരൻ (കൃഷി വിജ്ഞാന കേന്ദ്രത്തിലൂടെ ചക്ക ഉത്പന്നങ്ങൾ നിർമിക്കുന്നതിൽ ജനകീയ പരിശീലനം സംഘടിപ്പിച്ച് ചക്ക ഉത്പന്നമേഖലയിൽ കൂടുതൽ പ്രചാരണം നടത്തിവരുന്നു) പത്തനംതിട്ട കൃഷി വിജ്ഞാന കേന്ദ്രത്തിലെ സീനിയർ സയന്റിസ്റ്റ് & ഹെഡ് റോബർട്ട് എന്നിവരെയാണ് ആദരിച്ചത്.

## പ്രമുഖ കമ്പനികൾ ബയേഴ്സായെത്തി

മേളയിൽ ആകെ 27 സെല്ലർമാർ പങ്കെടുത്തു. റിലയൻസ്, മോർ, ലുലുഗ്രൂപ്പ്, സി. ഐ. എ. ൽ ഫ്ളൈറ്റ് കിച്ചൻ, കെ. റ്റി. ഡി. സി., സിവിൽ സപ്ലൈസ് കോർപറേഷൻ, മിൽമ തുടങ്ങിയ നൂറിലധികം പ്രമുഖ ബയേഴ്സ് പങ്കെടുത്തു. ഏകദേശം 1.50 കോടിയുടെ ബിസിനസ് നടന്നിട്ടുണ്ട്. പൊതുജനങ്ങളുടെ വൻതിരക്കായിരുന്നു ജാക്ക് ഫ്രൂട്ട് പ്രോയിൽ അനുഭവപ്പെട്ടത്.

## വൈവിധ്യമാർന്ന പാചക മത്സരം

കേരളത്തിൽ അങ്ങോളമിങ്ങോളമുള്ള 11 കോളേജുകളിൽ നിന്നുള്ള ടീമുകളാണ് പാചക മത്സരത്തിൽ പങ്കെടുത്തത്. ഒരു ടീമിൽ പരമാവധി അഞ്ച് പേരുണ്ടായിരുന്നു. ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ട്, കണ്ണൂർ, ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ട് കാസർഗോഡ്, ടി. കെ. എം. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി, കൊല്ലം, വിമല കോളേജ് തൃശൂർ, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോട്ടൽ മാനേജ്മെന്റ്, കോവളം, തിരുവനന്തപുരം, ടി. കെ. എം. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി കൊല്ലം, ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ട് കളമശ്ശേരി, മോണിംഗ് സ്റ്റാർ, ഹോം സയൻസ് കോളേജ് അങ്കമാലി, സെന്റ് തെരേസാസ് വനിത കോളേജ് എറണാകുളം, അലൈഡ് മാനേജ്മെന്റ് കോളേജ് ഒറ്റപ്പാലം, പാലക്കാട്, ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് സ്റ്റഡീസ് കൊച്ചി എന്നീ കോളേജുകളാണ് മത്സരിച്ചത്.



ചക്കയിൽ നിന്നും നൂതനവും പോഷക മൂല്യവുമുള്ള വിഭവങ്ങൾ എല്ലാ ടീമുകളും ഉണ്ടാക്കിയെങ്കിലും അവയിൽ ഏറ്റവും മികച്ചതിനെ തിര



ഞ്ഞെടുക്കുന്നതിൽ വിധികർത്താക്കളായ ജോസും, (ചീഫ് ഷെഫ്, കാസിനോ ഗ്രൂപ്പ് ഓഫ് ഹോട്ടൽസ്), ജെയിംസ് ജോസഫും (വ്യവസായി) പത്മിനിയും (ചക്ക-പാചക വിദഗ്ധ) വിഷമിച്ചു.

## സെന്റ് തെരേസാസിന് ഒന്നാം സ്ഥാനം

ഒന്നാം സമ്മാനമായി പ്രഖ്യാപിച്ച ഇരുപതിനായിരം രൂപയും ആറന്മുള കണ്ണാടിയും, സർട്ടിഫിക്കറ്റുകളും ലഭിച്ചത് എറണാകുളത്തെ സെന്റ് തെരേസാസ് കോളേജ് ഓഫ് വിമൻസിനാണ്. രണ്ടാം സമ്മാനമായി പതിനയ്യായിരം രൂപയും ആറന്മുള കണ്ണാടിയും സർട്ടിഫിക്കറ്റുകളും ലഭിച്ചത് ഫുഡ്ക്രാഫ്റ്റ്സ് ഇൻസ്റ്റിറ്റ്യൂട്ട് കളമശ്ശേരിയുടെ ടീമിനാണ്. മൂന്നാം സമ്മാനമായ പതിനായിരം രൂപയും ആറന്മുള കണ്ണാടിയും സർട്ടിഫിക്കറ്റുകളും ലഭിച്ചത് കോവളത്തുള്ള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോട്ടൽ മാനേജ്മെന്റിന്റെ ടീമിനാണ്.

കെ. റ്റി. ഡി. സി. യുടെ മാനേജിംഗ് ഡയറക്ടർ ആയ അഷ്കർ അലി പാഷ മുഖ്യാതിഥിയായിരുന്നു. ജനറൽ മാനേജർമാരായ രമേഷ് ചന്ദ്രൻ, ഹെലൻ ജെറോം, മാനേജർമാരായ കെ. എസ്. കൃപകുമാർ, അനിൽ കുമാർ സംബന്ധിച്ചു. വിജയികൾക്ക് മാനേജിംഗ് ഡയറക്ടർ സമ്മാനവിതരണം നടത്തി.





# പ്ലാവിൻ തൈകളുടെ പ്രദർശനം

കർണാടകയിലെ പുത്തൂരിലെ നിന്നിക്കല്ലു നഴ്സറി ഉടമ ജാക്ക് അനിൽ എന്ന് അറിയപ്പെടുന്ന അനിൽ 35 ഓളം വിവിധ ഇനങ്ങളിലുള്ള ആയിരത്തോളം പ്ലാവിൻ തൈകളുടെ പ്രദർശനം നടത്തുയുണ്ടായി. വമ്പിച്ച പ്രതികരണമാണ് പൊതു ജനങ്ങളിൽ നിന്നും ഉണ്ടായത്. അവസാന ദിവസത്തിന് മുമ്പ് തന്നെ മുഴുവൻ തൈകളുടെയും വിൽപന നടന്നു.

മൂന്നാം ദിവസം ആദ്യത്തെ ടെക്നിക്കൽ സെഷൻ കൈകാര്യം ചെയ്ത യു. എൻ ന്റെ ഫുഡ് കൺസൾട്ടന്റ് ഡോ. ആനന്ദവല്ലി, ഫുഡ് സേഫ്റ്റി സ്റ്റാൻഡേർഡ്സ് വിത്ത് സ്പെഷ്യൽ ഫോക്കസ് ടു ജാക്ക് ഫ്രൂട്ട് എന്ന വിഷയത്തിൽ വളരെ രസകരമായും ലളിതമായും ക്ലാസ്സെടുത്തു. രണ്ടാമത്തെ സെഷനിൽ ഷാനാ ഹർഷൻ, സീനിയർ ഫാക്കൽറ്റി, കെ വി കെ, പത്തനംതിട്ട ജാക്ക് ഫ്രൂട്ട് പ്രോസസ്സിംഗ് ടെക്നോളജിയെ കുറിച്ച് പറഞ്ഞു. ഉച്ചയ്ക്കുശേഷമുള്ള സെഷൻ കൈകാര്യം ചെയ്തത് മൈസൂരിലെ ഡിഫൻസ് ഫുഡ് റിസർച്ച് ലാബിലെ ഡോക്ടർ കെ. ആർ. അനിൽകുമാർ ആണ്. അദ്ദേഹം പ്രോസസ്സിംഗ് ടെക്നോളജി ഫോർ ജാക്ക്ഫ്രൂട്ട് എന്ന വിഷയത്തിൽ ക്ലാസ്സെടുത്തു.




അന്നേ ദിവസം തന്നെ ഉച്ചയ്ക്ക് ചക്കസദ്യ നടന്നു. സി. ഡി. സുനീഷിന്റെ നേതൃത്വത്തിൽ ചക്കയിൽ നിന്നും വിവിധ വിഭവങ്ങളാണ് സദ്യക്ക് വേണ്ടി ഒരുക്കിയത്. എറണാകുളം ജില്ലാ കളക്ടർ എം. ജി. രാജമാണിക്യം, വ്യവസായ വകുപ്പ് ഡയറക്ടർ പി. എം. ഫ്രാൻസിസ് ഉൾപ്പെടെ 250 ഓളം ആളുകൾ സദ്യയിൽ പങ്കെടുത്തു.

## പനേസിയ മികച്ച സ്റ്റാൾ


സമാപനദിവസം വ്യവസായ വാണിജ്യ ഡയറക്ടർ പി. എം. ഫ്രാൻസിസ് മുഖ്യാതിഥിയായിരുന്നു. ചക്കയുടെ മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ പ്രദർശനം നടത്തിയ സംരംഭകരെ അഭിനന്ദിക്കുകയും അവരുടെ ഉദ്യമത്തെ അങ്ങേയറ്റം പ്രോത്സാഹിപ്പിക്കുന്നതിനായി വ്യവസായ വകുപ്പിന്റെ പക്ഷത്തു നിന്നും പരമാവധി സഹായങ്ങൾ അദ്ദേഹം വാഗ്ദാനം ചെയ്യുകയും ചെയ്തു. ഏറ്റവും നല്ലതും പുതുമയാർന്നതുമായ വിഭവങ്ങൾ പ്രദർശിപ്പിച്ച മൂന്ന് സ്റ്റാളുകൾക്ക് സമ്മാനവിതരണം നടത്തി. ഒന്നാം സമ്മാനം ലഭിച്ചത് വയനാട്ടിലെ വനിതാ സംരംഭമായ പനേസിയ ഫുഡ്സിനാണ്. 75 ലധികം വിവിധ ഉത്പന്നങ്ങളാണ് ഇവർ പ്രദർശനത്തിനൊരുക്കിയത്. രണ്ടാം സമ്മാനം ലഭിച്ചത് പാലക്കാട് നിന്നുള്ള പീപ്പിൾസ് സർവീസ് സൊസൈറ്റിക്കാണ്. കോട്ടയത്തെ കോരുത്തോട് നിന്നുള്ള ഫാർമേഴ്സ് ഗ്രൂപ്പ് ആണ് മൂന്നാം സമ്മാനം നേടിയത്. വിജയികളായ ഈ ഗ്രൂപ്പുകൾക്ക് പ്രശസ്തി പത്രം നൽകി അഭിനന്ദിച്ചു. പ്രദർശനത്തിൽ പങ്കെടുത്ത മറ്റെല്ലാ സ്റ്റാളുകൾക്കും സർട്ടിഫിക്കറ്റുകൾ നൽകി. പ്ലാവിൻ തൈകളുടെ പ്രദർശനവും വിൽപനയും നടത്തിയ ജാക്ക് അനിലിന് സർട്ടിഫിക്കറ്റ് നൽകുകയുണ്ടായി.

ഉത്പന്നങ്ങളുടെ പാക്കേജിംഗിലും ലേബലിങ്ങിലുമുള്ള പോരായ്മയും ബാർകോഡിംഗ് ക്വാളിറ്റി സർട്ടിഫിക്കേഷന്റെ അഭാവവുമാണ് പ്രമുഖ ബയേഴ്സ് പോരായ്മയായി ചൂണ്ടിക്കാട്ടിയത്. ■

| അലക്സ് കെ. ബാബു

# നികുതി ഇളവിന് ന്യൂ പെൻഷൻ സിസ്റ്റം

നിലവിൽ ഒന്നിലേറെ രീതിയിലാണ് ന്യൂ പെൻഷൻ സിസ്റ്റത്തി (എൻ. പി. എസ്)ലെ നിക്ഷേപത്തിലൂടെ നികുതി ലാഭിക്കാനാകുന്നത്. എൻ പി എസിലെ ഒന്നര ലക്ഷം രൂപ വരെയുള്ള നിക്ഷേപത്തിന് നികുതി ഇളവ് ലഭ്യമാണ്. ഇത് 80 (സി) വഴി നികുതി ഇളവ് ലഭിക്കുന്ന നിക്ഷേപ പരിധിയായ ഒന്നര ലക്ഷം രൂപയുടെ കീഴിൽ വരും. ഇതിനു പുറമെ നടപ്പു സാമ്പത്തിക വർഷം മുതൽ ആദായനികുതി നിയമത്തിലെ 80 സിഡിഡി (1 ബി) എന്ന പുതിയ സെക്ഷനു കീഴിലായി ന്യൂ പെൻഷൻ സിസ്റ്റത്തിലെ 50,000 രൂപ വരെയുളള നിക്ഷേപത്തിന് അധിക നികുതി ഇളവ് നേടിയെടുക്കാം. കഴിഞ്ഞ ബജറ്റിലാണ് ഇതു സംബന്ധിച്ച പ്രഖ്യാപനമുണ്ടായത്. 80 (സി) അനുസരിച്ചുള്ള ഒന്നര ലക്ഷം രൂപ വരെയുള്ള നിക്ഷേപത്തിന് ലഭിക്കുന്ന നികുതി ഇളവിന് പുറമെയാണിത്.



ന്യൂ പെൻഷൻ സിസ്റ്റത്തിൽ 50,000 രൂപയുടെ നിക്ഷേപം നടത്തുന്നതിലൂടെ 10 ശതമാനം നികുതി നൽകുന്ന നികുതിദായകർക്ക് വിദ്യാഭ്യാസ സെസ് ഉൾപ്പെടെ 5150 രൂപയാണ് നികുതി ഇനത്തിൽ അധികമായി ലാഭിക്കാനാവുക.

18 നും 55 നും ഇടയിൽ പ്രായമുള്ള ഇന്ത്യക്കാർക്കും വിദേശ ഇന്ത്യക്കാർക്കും ഈ സ്കീമിൽ നിക്ഷേപിക്കാവുന്നതാണ്. പോസ്റ്റ് ഓഫീസ് വഴിയോ ബാങ്ക് ശാഖകൾ വഴിയോ ബ്രോക്കിങ് കമ്പനികൾ വഴിയോ നിക്ഷേപം നടത്താം. ന്യൂ പെൻഷൻ സിസ്റ്റത്തിൽ പ്രതിവർഷം നിക്ഷേപിക്കാവുന്ന കുറഞ്ഞ തുക 6000 രൂപയാണ്. പി പി എഫ് പോലുള്ള പദ്ധതികളിൽ നിന്ന് വ്യത്യസ്തമായി നിക്ഷേപിക്കാവുന്ന പരമാവധി തുകയ്ക്ക് പരിധിയില്ല. എത്ര തുക വേണമെങ്കിലും നിക്ഷേപിക്കാം.

വർഷത്തിൽ കുറഞ്ഞത് 6000 രൂപ അടച്ചില്ലെങ്കിൽ 100 രൂപ പിഴ നൽകണം. വർഷത്തിൽ ഒന്നിൽ കൂടുതൽ തവണകളായി നിക്ഷേപിക്കാവുന്നതാണ്. ഒരു തവണ നിക്ഷേപം നടത്താവുന്ന കുറഞ്ഞ തുക 500 രൂപയാണ്. ഓരോ ഇടപാടിനും നിക്ഷേപ തുകയുടെ 0.25 ശതമാനമോ 20 രൂപയോ ഇതിൽ ഏതാണ് ഉയർന്നത് അത് ഇടപാടിനുള്ള ചാർജായി നൽകണം.

**നിക്ഷേപരീതി**

സ്കീം ഇ, സ്കീം സി, സ്കീം ജി

എന്നീ മൂന്ന് സ്കീമുകളിലായാണ് എൻ. പി. എസ് ഫണ്ടുകളിൽ നിക്ഷേപം നടത്തുന്നത്. ഓഹരികളിൽ നിക്ഷേപം നടത്തുന്ന സ്കീമാണ് സ്കീം ഇ. സ്കീം സി കോർപറേറ്റ് ബോണ്ടുകളിലും സ്ഥിര വരുമാന പദ്ധതികളിലും നിക്ഷേപം നടത്തുന്നു. സർക്കാർ ബോണ്ടുകളിലാണ് സ്കീം ജി യുടെ നിക്ഷേപം. ഈ ഓരോ സ്കീമിലും എത്ര ശതമാനം നിക്ഷേപിക്കണമെന്ന് നിക്ഷേപകന് തീരുമാനിക്കാം. സ്കീം ഇ യിൽ പരമാവധി 50 ശതമാനമാണ് നിക്ഷേപിക്കാവുന്നത്. നിഫ്റ്റി ഓഹരികളിൽ സൂചികയിലെ വെയിറ്റേജിന് അനുസൃതമായിട്ടായിരിക്കും ഈ സ്കീമിലെ നിക്ഷേപം. അതായത് ഈ സ്കീമിൽ നിക്ഷേപിക്കുന്നത് ഒരു ഇൻഡക്സ് ഫണ്ടിലോ എക്സ്ചേഞ്ച് ട്രേഡഡ് ഫണ്ടിലോ (ഇ ടി എഫ്) നിക്ഷേപിക്കുന്നതിന് തുല്യമാണ്.

നിക്ഷേപ അനുപാതം സ്വന്തം നിലയിൽ തീരുമാനിക്കാൻ താൽപര്യപ്പെടാത്തവർക്ക് ലൈഫ് സർക്കിൾ ഫണ്ട് തിരഞ്ഞെടുക്കാവുന്നതാണ്. ഈ ഫണ്ടിൽ 35 വയസ് വരെ 50 ശതമാനം സ്കീം ഇ യിലും 30 ശതമാനം സ്കീം സി യിലും 20 ശതമാനം സ്കീം ജി യിലുമാകും നിക്ഷേപം. അതിനു ശേഷം ഓരോ വർഷവും സ്കീം ഇ യിലെ നിക്ഷേപം രണ്ട് ശതമാനവും സ്കീം സി യിലെ നിക്ഷേപം ഒരു ശതമാനവും കുറയുകയും സ്കീം ജി യിലെ നിക്ഷേപം മൂന്ന് ശതമാനം വർദ്ധിക്കുകയും ചെയ്യും. നിക്ഷേപകന് 55 വയസാകുമ്പോഴേക്കും സ്കീം ഇ യിലെയും സി യിലെയും നിക്ഷേപം 10 ശതമാനം വീതവും സ്കീം ജി യിലെ നിക്ഷേപം 80 ശതമാനവുമായിരിക്കും.

ഏഴ് കമ്പനികളാണ് നിലവിൽ എൻ പി എസ് ഫണ്ടുകൾ കൈകാര്യം ചെയ്യുന്നത്. എച്ച്. ഡി. എഫ്. സി. പെൻഷൻ ഫണ്ട്, എസ്. ബി. ഐ പെൻഷൻ ഫണ്ട്, യു ടി. ഐ. റിട്ടയർമെന്റ് സൊല്യൂഷൻസ് പെൻഷൻ ഫണ്ട്, കോട്ടക്ക് മഹീന്ദ്ര പെൻഷൻ ഫണ്ട്, റിലയൻസ് ക്യാപ്പിറ്റൽ പെൻഷൻ ഫണ്ട്, ഐ. സി. ഐ. സി. ഐ. പ്രൂഡൻഷ്യൽ പെൻഷൻ ഫണ്ട്, എൽ. ഐ. സി. പെൻഷൻ ഫണ്ട് എന്നീ ഫണ്ടുകളാണ് ന്യൂ പെൻഷൻ സ്കീമിനു കീഴിലുള്ളത്.

ഏഴ് പെൻഷൻ ഫണ്ടുകളിൽ ഏത് വേണമെങ്കിലും തിരഞ്ഞെടുക്കാനും ഒരു ഫണ്ടിൽ നിന്ന് മറ്റൊന്നിലേയ്ക്ക് സ്വിച്ച് ചെയ്യാനും നിക്ഷേപകർക്ക് അവസരമുണ്ട്. പ്രതിവർഷം ഒരു തവണ മാത്രമേ സ്വിച്ച് ചെയ്യാനാകൂ. ഒരു സമയം ഏതെങ്കിലും ഒരു ഫണ്ട് മാനേജർ വഴി മാത്രമേ നിക്ഷേപം നടത്താനാകൂ. അതായത് ഒരേ സമയം ഒരു പെൻഷൻ ഫണ്ടിന്റെ സ്കീം ഇ യിലും മറ്റൊരു പെൻഷൻ ഫണ്ടിന്റെ സ്കീം ജിയിലുമായി നിക്ഷേപം നടത്താനാകില്ല.

## നിക്ഷേപം പിൻവലിക്കുമ്പോൾ

നിലവിലുള്ള ചട്ടം അനുസരിച്ച് എൻ. പി. എസിലെ നിക്ഷേപം പിൻവലിക്കുമ്പോൾ നികുതിവിധേയമാണ്. എൻ പി എസിന്റെ നിർബന്ധിത നിക്ഷേപ കാലയളവ് 60 വയസ് വരെയാണ്. നിക്ഷേപകന് 60 വയസാകുമ്പോൾ തുക രണ്ട് ലക്ഷത്തിൽ താഴെയാണെങ്കിൽ മുഴുവൻ തുകയും പിൻവലിക്കാം. രണ്ട് ലക്ഷത്തിന് മുകളിലാണെങ്കിൽ 60 ശതമാനം മാത്രമേ പിൻവലിക്കാനാകൂ. 40 ശതമാനം പ്രതിമാസ പെൻഷൻ ലഭിക്കുന്നതിനായി അന്വിറ്റികളിൽ നിർബന്ധമായും നിക്ഷേപിച്ചിരിക്കണം. അന്വിറ്റികളിൽ നിന്നുള്ള പലിശ നികുതിവിധേയമാണ്. ഏത് തരത്തിലുള്ള അന്വിറ്റി പ്ലാൻ വേണമെന്നതും ഏത് കമ്പനിയുടെത് വേണമെന്നതും നിക്ഷേപകന് തീരുമാനിക്കാം.

നേരത്തെയുള്ള ചട്ടം അനുസരിച്ച് 60 വയസ് തികഞ്ഞയുടനെ എൻ പി. എസ് വരിക്കാർ 40 ശതമാനം തുക അന്വിറ്റികളിൽ നിക്ഷേപം നടത്തണമായിരുന്നു. എന്നാൽ പുതിയ ചട്ടം അനുസരിച്ച് നിക്ഷേപകർക്ക് 60 വയസ് തികഞ്ഞതിനു ശേഷം 40 ശതമാനം തുക പിൻവലിക്കുന്നതിന് മൂന്ന് വർഷം വരെ കാത്തിരിക്കുന്നതിനുള്ള അവസരമുണ്ട്. സ്കീം ഇ യിൽ നിക്ഷേപം നടത്തിയവർക്ക് 60 വയസ് തികയുമ്പോൾ ഓഹരി വിപണിയിൽ ഇടിവുണ്ടായിട്ടുണ്ടെങ്കിൽ വിപണി തിരികെ കയറുന്നതു വരെ കാത്തിരിക്കാനും നിക്ഷേപമൂല്യം വർധിപ്പിക്കാനും ഇതുവഴി അവസരം ലഭിക്കുന്നു.

നേരത്തെ 60 വയസ് തികയുന്നതിനു മുമ്പ് നിക്ഷേപം പിൻവലിക്കുന്നതിന് അവസരമുണ്ടായിരുന്നില്ല. എന്നാൽ പുതിയ ചട്ടം അനുസരിച്ച് പത്ത് വർഷമെങ്കിലും നിക്ഷേപം നടത്തിയ വരിക്കാർക്ക് പ്രത്യേക ആവശ്യങ്ങൾക്ക് നിക്ഷേപിച്ച തുകയുടെ 25 ശതമാനം വരെ പിൻവലിക്കാം. കുട്ടികളുടെ ഉന്നത വിദ്യാഭ്യാസം, വിവാഹം, ആദ്യത്തെ വീടിന്റെ നിർമാണം അല്ലെങ്കിൽ വാങ്ങൽ, തനിക്കോ ജീവിത പങ്കാളിക്കോ കുട്ടികൾക്കോ ആശ്രിതരായ മാതാപിതാക്കൾക്കോയുള്ള ചികിത്സ എന്നിവയാണ് തുക പിൻവലിക്കാൻ അനുവദിക്കുന്ന പ്രത്യേക ആവശ്യങ്ങളിൽ ഉൾപെടുത്തിയിരിക്കുന്നത്. 13 ഗുരുതര സ്വഭാവമുള്ള രോഗങ്ങൾക്കോ അപകടത്തിൽ സംഭവിച്ച ജീവന് ഭീഷണിയാകുന്ന തരത്തിലുള്ള പരിക്കിനോ നടത്തുന്ന ചികിത്സയ്ക്കോ ആയി മാത്രമേ ഇത്തരത്തിൽ പണം പിൻവലിക്കാനാകൂ.

ഒരു വരിക്കാരന് ഇത്തരത്തിൽ മൂന്ന് തവണ നിക്ഷേപം പിൻവലിക്കാം. ഒരു തവണ പിൻവലിച്ചതിനു ശേഷം അഞ്ച് വർഷമെങ്കിലും കഴിഞ്ഞാലേ വീണ്ടും പിൻവലിക്കാനാകൂ. നിക്ഷേപം പിൻവലിക്കാൻ അഞ്ച് വർഷത്തെ ഇടവേള വേണമെന്ന നിബന്ധന ചികിത്സയ്ക്ക് ബാധകമല്ല. ഈ നിബന്ധന ടയർ-1 അക്കൗണ്ടുകൾക്കു മാത്രമാണ്. ടയർ-2 അക്കൗണ്ടുകളിൽ നിന്നും നിക്ഷേപം എപ്പോൾ വേണമെങ്കിലും പിൻവലിക്കാം. എന്നാൽ ടയർ-2 അക്കൗണ്ടുകളിലെ നിക്ഷേപത്തിന് നികുതി ഇളവ് ലഭ്യമല്ല. ■

# ഒഴിവാക്കപ്പെട്ടിട്ടുള്ള പെർക്വിസിറ്റുകൾ

നികുതി വിധേയമല്ലാത്ത ചില ശമ്പളേതര ആനുകൂല്യങ്ങളും ജീവനക്കാർക്ക് ലഭ്യമാക്കിയിട്ടുണ്ട്. അവയിൽ പ്രധാനപ്പെട്ടവ താഴെ കൊടുക്കുന്നു.

(1) ജീവനക്കാർക്ക് പ്രവൃത്തിസമയത്ത് ജോലി ചെയ്യുന്ന സ്ഥലത്ത് നൽകപ്പെടുന്ന ലഘുഭക്ഷണം.

(2) തൊഴിലുടമ ജീവനക്കാർക്ക് കുറഞ്ഞ നിരക്കിൽ നൽകുന്ന ഉച്ചഭക്ഷണം അഥവാ അത്താഴഭക്ഷണം.

(3) ഒരു കൂട്ടം ജീവനക്കാർക്കായി ലഭ്യമാക്കിയിരിക്കുന്ന റിക്രിയേഷണൽ സംവിധാനങ്ങൾ.

(4) ജീവനക്കാരുടെ പരിശീലനത്തിനായും റിഫ്രെഷർ മാനേജ്മെന്റ് കോഴ്സുകൾക്കായും ചെലവാക്കപ്പെടുന്ന തുകകൾ.

(5) ഒരു ഇന്ത്യൻ പൗരന് രാജ്യത്തിന് പുറത്ത് ജോലിയെടുക്കവേ സർക്കാർ ലഭ്യമാക്കിയിരിക്കുന്ന പെർക്വിസിറ്റുകൾ.

(6) ജീവനക്കാരുടെ താമസ സ്ഥലത്ത് നിന്നും ജോലി സ്ഥലത്തേയ്ക്കും തിരിച്ചുമുള്ള യാത്രയ്ക്കായി ഏർപ്പെടുത്തിയിട്ടുള്ള സൗജന്യമായതോ സഹായനിരക്കിലുള്ളതോ ആയ സൗകര്യങ്ങൾ.

(7) ജീവനക്കാർക്കായി ഏർപ്പെടുത്തപ്പെട്ടിട്ടുള്ള ചികിത്സാ സൗകര്യങ്ങൾ.

(8) ഒരു അംഗീകൃത ഡെഫേർഡ് ആനുവിറ്റി സ്കീമിലേയ്ക്ക് തൊഴിലുടമ അടയ്ക്കുന്ന വിഹിതങ്ങൾ.

(9) ജീവനക്കാരുടെ ഗ്രൂപ്പ് ഇൻഷുറൻസ് പദ്ധതിയിലേയ്ക്ക് തൊഴിലുടമ അടയ്ക്കുന്ന വിഹിതങ്ങൾ.



(10) പാർലമെന്റിലെ ഓഫീസർ, കേന്ദ്രമന്ത്രി, പ്രതിപക്ഷ നേതാവ് എന്നിവർക്കായി നൽകപ്പെടുന്ന ഫർണിഷിംഗ് അടക്കമുള്ള സൗജന്യ താമസ സൗകര്യം (അവയുടെ അറ്റകുറ്റപ്പണികൾ അടക്കം)

(11) അംഗീകൃത പ്രോവിഡന്റ് ഫണ്ട്, എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ട്, അംഗീകൃത സൂപ്പർ ആനുവേഷൻ ഫണ്ട്, ഡിപ്പോസിറ്റ് ലിങ്ക്ഡ് ഇൻഷുറൻസ് ഫണ്ട് (കൽക്കരി ഖനികൾക്ക്) മുതലായവയിലേയ്ക്ക് തൊഴിലുടമ അടയ്ക്കുന്ന വിഹിതങ്ങൾ (പരിധികൾ

## വായനക്കാരന്റെ സംശയത്തിനു മറുപടി

ജനുവരി ലക്കത്തിലെ നികുതി ജാലകം പംക്തിയിൽ ടി. ഡി. എസ് സംബന്ധമായ ഉത്തരത്തെ സംബന്ധിച്ച് ഒരു കെ. എസ്. ഇ. ബി പെൻഷനറായ കൃഷ്ണൻ. ആർ വടക്കഞ്ചേരിയിൽ നിന്നയച്ച കത്തിനുള്ള മറുപടി.

ഈ പംക്തിയിൽ പ്രസിദ്ധീകരിച്ചു വരുന്ന ആദായനികുതി നിയമത്തെ സംബന്ധിച്ച എഫ്. എ. ക്യു ആദായനികുതി വകുപ്പിന്റെ തന്നെ എഫ്. എ. ക്യു വിനെ ആധാരമാക്കിയുള്ളതാണെന്ന് വ്യക്തമാക്കപ്പെട്ടിട്ടുള്ളതാണ്. www.incometaxindia.gov.in എന്ന പ്രസ്തുത വകുപ്പിന്റെ വെബ്സൈറ്റിൽ ശമ്പള വരുമാനത്തെ സംബന്ധിച്ചുള്ള എഫ്. എ. ക്യു ഇനത്തിനു കീഴെ–

"If I receive my pension through a bank, who will issue form-16 or pension statement to me- the bank or my former employer?" എന്ന ചോദ്യത്തിനു നൽകിയിരിക്കുന്ന ഉത്തരം "The Bank" എന്നാണ്.

കെ. എസ്. ഇ. ബി യും മറ്റും പല സ്ഥാപനങ്ങളും തങ്ങളുടെ പെൻഷണർമാർക്കുള്ള ആനുകൂല്യങ്ങൾ അവരവരുടെ ബാങ്ക് അക്കൗണ്ടുകളിലേയ്ക്ക് നേരിട്ട് ട്രാൻസ്ഫർ ചെയ്യാനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ടി. ഡി. എസ്. സംബന്ധമായ ചുമതലകൾ ഒന്നുംതന്നെ ഇക്കാര്യത്തിൽ ബാങ്കിനില്ല. ടി. ഡി. എസ് ഉം മറ്റ് പിടിത്തങ്ങളും കഴിഞ്ഞുള്ള തുക പെൻഷണർക്ക് എത്തിക്കാനുള്ള ഒരു സംവിധാനം മാത്രമാണിത് എന്നുള്ള അഭിപ്രായത്തോട് യോജിക്കുന്നു.

പക്ഷെ ആദായനികുതി വകുപ്പിന്റെ എഫ്. എ. ക്യു-ൽ ഉള്ള സാങ്കൽപിക സംശയത്തിൽ അന്തർലീനമായിരിക്കുന്ന ചോദ്യം ബാങ്ക് ആണോ മുൻ തൊഴിലുടമയാണോ പെൻഷൻ നൽകാൻ ബാധ്യസ്ഥമായിരിക്കുന്നത് എന്നാണ്.

If I receive my pension through a bank എന്നുള്ള ചോദ്യഭാഗം ശ്രദ്ധിക്കുക. through a bank account എന്നായിരുന്നു ചോദ്യമെങ്കിൽ ഉത്തരം മറിച്ചായേനെ. through a bank എന്നു പറയുമ്പോൾ പെൻഷൻ തുകകളിൽ നിന്നും മറ്റും ടി. ഡി. എസ് പിടിക്കാനുള്ള ഉത്തരവാദിത്വം കൂടെ ബാങ്കിനെ ഏൽപിച്ചിരിക്കുന്നു എന്നാണ് അർത്ഥമാക്കേണ്ടത്. (അഥവാ ആദായനികുതി വകുപ്പ് അർത്ഥമാക്കിയിരിക്കുന്നത്. സെൻട്രലൈസ്ഡ് പെൻഷൻ സിസ്റ്റം പ്രകാരം ഇങ്ങനെയുള്ള ഒരു സംവിധാനം നിലവിലുണ്ട്. (കേന്ദ്രസർക്കാർ സിവിൽ പെൻഷണർമാർ, എ. ഐ. ആർ, ഐ. എസ്. ആർ. ഒ പെൻഷണർമാർ തുടങ്ങിയവർക്ക് പെൻഷൻ ടി. ഡി. എസ് നു ശേഷം ലഭിക്കുന്നത് ഈ സംവിധാനം വഴിയാണ്.)

ഫോം– 16 ന്റെ അവസാനഭാഗത്ത് സിഗ്നേച്ചർ ഓഫ് പേഴ്സൺ റെസ്പോൺസബിൾ ഫോർ ഡിഡക്ഷൻ ഓഫ് ടാക്സ് എന്നുള്ളത് ഇവിടെ പ്രസക്തമാണ്. ഉത്തരവാദിത്വം ബാങ്കിനാണെങ്കിൽ അധികാരപ്പെടുത്തപ്പെട്ട ബാങ്ക് ഉദ്യോഗസ്ഥനും മുൻ തൊഴിലുടമയ്ക്കാണെങ്കിൽ പ്രസ്തുത സ്ഥാപനത്തിലെ അധികാരപ്പെട്ട ഉദ്യോഗസ്ഥനും ഒപ്പിടണം എന്നു സാരം.

ബാധകം)

(12) ഹൈക്കോടതി അഥവാ സുപ്രീം കോടതി ജഡ്ജിമാർക്ക് വാടകയില്ലാതെ നൽകപ്പെടുന്ന ഔദ്യോഗിക വസതി

(13) ഹൈക്കോടതി ജഡ്ജിമാർക്കും സുപ്രീം കോടതി ജഡ്ജിമാർക്കും നൽകപ്പെടുന്ന സൗജന്യയാത്രാ സൗകര്യങ്ങൾ.

### പെർക്വിസിറ്റുകളിന്മേലുള്ള നികുതി തൊഴിലുടമ നൽകേണ്ടതെങ്ങനെ

ജീവനക്കാരന് നൽകുന്ന ശമ്പളേതര ആനുകൂല്യങ്ങളിന്മേലുള്ള ആദായനികുതി തൊഴിലുടമ വഹിക്കാനുള്ള സൗകര്യം ലഭ്യമാണ്. ഇങ്ങനെയുള്ള അവസരങ്ങളിൽ റ്റി. ഡി. എസ് പിടിക്കേണ്ടിയിരുന്ന സമയത്തു തന്നെ തൊഴിലുടമ നികുതി അടച്ചിരിക്കണം (ജീവനക്കാരനിൽ നിന്നും ഈടാക്കാതെ). ഇത്തരത്തിൽ തൊഴിലുടമ അടയ്ക്കേണ്ടതായ നികുതി ജീവനക്കാരന്റെ ശമ്പളേതര വരുമാനവും കൂട്ടിയുള്ള നികുതിവിധേയ വരുമാനത്തിന്മേലുള്ള ശരാശരി നികുതിനിരക്ക് (ആവറേജ് ഇൻകം ടാക്സ്) പരിഗണിച്ചാണ്. ഇത് ഒരു ഉദാഹരണം വഴി വ്യക്തമാക്കാം.

60 വയസ്സ് തികയാത്ത ഒരു ജീവനക്കാരന്റെ എല്ലാ പെർക്വിസിറ്റുകളുമടക്കമുള്ള മൊത്ത ശമ്പള വരുമാനം 6,50,000 രൂപയാണ്. ഇതിൽ പെർക്വിസിറ്റുകളുടെ മൂല്യമായി ഉൾപെടുത്തിയിരിക്കുന്നത് 50,000 രൂപയാണെന്നും അനുമാനിക്കാം. ഇതിൽ പെർക്വിസിറ്റുകളുടെ നികുതിവിഹിതം തൊഴിലുടമ വഹിക്കാം എന്നു സമ്മതിച്ചിട്ടുണ്ടെങ്കിൽ അടയ്ക്കേണ്ട നികുതിയെത്രയാണെന്നു നോക്കാം.

| | രൂപ |
|---|---|
| പെർക്വിസിറ്റുകളുടെ മൂല്യമടക്കമുള്ള ശമ്പള വരുമാനം | 6,50,000 |
| 6,50,000 രൂപയിന്മേലുള്ള നികുതി (സെസ്സ് അടക്കം) | 56,650 |
| ശരാശരി നികുതി നിരക്ക് 56,650/6,50,000*100 | 8.72% |
| ശരാശരി നികുതി നിരക്ക് പ്രകാരം പെർക്വിസിറ്റ് മൂല്യമായ 50,000 രൂപയിന്മേൽ തൊഴിലുടമ നൽകേണ്ട നികുതി 50,000 * 8.72% | 4360 |
| ഓരോ മാസത്തിലും തൊഴിലുടമ അടയ്ക്കേണ്ടതായ തുക 4360/12 | 363 |

ഇങ്ങനെ തൊഴിലുടമ അടയ്ക്കുന്ന നികുതി റ്റി. ഡി. എസ് ആയി ത്തന്നെ പരിഗണിക്കപ്പെടുന്നതാണ്. ■

# കറുത്ത പൊന്നിന്റെ പെരുമ കളയരുത്

ഒരു ഹെക്ടർ കൃഷിയിടത്തിൽ നിന്ന് 10 ടൺ കുരുമുളക് വിളയിക്കുക ഇന്നും ഭാരതത്തിൽ ഒരത്ഭുതം തന്നെയാണ്. പക്ഷേ കർണാടകത്തിലെ ചില കൃഷിക്കാർ ഇത് യഥാർത്ഥ്യമാക്കിയിരിക്കുന്നു. കർണാടകയിൽ നിന്നുള്ള പാർലമെന്റ് മെമ്പർ പ്രതാപ് സിൻഹയാണ് ലോക കുരുമുളക് സമൂഹ കൺവെൻഷനിൽ ഈ വിവരം വെളിപ്പെടുത്തിയത്.

എതാനും വർഷങ്ങൾക്കു മുമ്പ് വിയറ്റ്നാമിലെ കൃഷിക്കാർ 10 ടൺ കുരുമുളക് ഒരു ഹെക്ടറിൽ വിളയിക്കുന്നു എന്നു വാർത്ത വന്നപ്പോൾ സർവരും അത്ഭുതപ്പെട്ടു. ഇന്ത്യയിലെ ശരാശരി കുരുമുളക് വിളവ് ഹെക്ടറിന് 300 കിലോ മാത്രം. ഇന്ത്യയിൽ ഈ നേട്ടം യഥാർത്ഥ്യമാക്കിയ മൈസൂറിലെ കർഷകരെ നമുക്ക് അഭിനന്ദിക്കാം. അതേസമയം ഒരു കാര്യം കൂടി അറിയുക. ഇപ്പോൾ ഇന്ത്യയിലെ കുരുമുളക് ഉല്പാദനത്തിന്റെ 50% വും കർണാടകയുടെ സംഭാവനയാണ്. കേരളത്തിന്റെ സ്ഥാനം വളരെ പിറകോട്ട് പോയി എന്നത് യാഥാർത്ഥ്യം.



ലോകത്തിലെ മികച്ച കുരുമുളക് കർഷകർക്കുള്ള അവാർഡുകളിൽ രണ്ടെണ്ണം വിയറ്റ്നാം കരസ്ഥമാക്കിയപ്പോൾ ഒന്നുമാത്രം ഇന്ത്യക്ക് കിട്ടി. അത് നേടിയത് കർണാടകത്തിലെ ഹസ്സൻ ജില്ലയിലെ മഹേഷ് കുമാറാണ്. കഴിഞ്ഞ മൂന്നു വർഷമായി തുടർച്ചയായിട്ട് ഇന്ത്യയിലെ ഏറ്റവും നല്ല കുരുമുളക് കർഷകനുള്ള അവാർഡ് നേടുന്നത് കർണാടകത്തിലെ കർഷകരാണ്. ഇന്ത്യയിലെ പ്രമുഖ കുരുമുളക് ഉല്പാദനകേന്ദ്രമായി കർണാടകം ഉയരുകയാണ്.

7000 കൊല്ലത്തെ വിദേശവ്യാപാര ചരിത്രം കുരുമുളകിലുള്ള കേരളത്തിന് ഈ കാര്യത്തിൽ വന്നിരിക്കുന്ന പരമദയനീയമായ സ്ഥിതിവിശേഷം നമുക്ക് അറിഞ്ഞില്ലെന്ന് നടിക്കാൻ കഴിയുമോ? കുരുമുളക് രംഗത്ത് ലോകവിപണിയിൽ ഇന്ത്യ താഴോട്ട് പോകുന്നു. ലോക മാർക്കറ്റിൽ ഒരിക്കൽ കൊടികുത്തി വാണിരുന്ന നമ്മുടെ കുരുമുളക് പദവി എവിടെ? ആരെങ്കിലും ചോദ്യം

ഉന്നയിച്ചാൽ സത്യസന്ധമായ ഒരു വില യിരുത്തൽ നടന്നേയ്ക്കാം.

ലോകവിപണിയിൽ ഒരു വർഷം എത്തിച്ചേരുന്നത് 3 1/2 ലക്ഷം ടൺ കുരുമുളകാണ്. ഇതിൽ വെറും 25000 ടൺ കുരുമുളക് മാത്രമാണ് ഇന്ത്യൻ സംഭാവന. നമ്മുടെ ആഗോള പ്രശസ്തി മായുകയാണോ? കേരളത്തെ നാണ്യവിളകളുടെ പറുദീസ ആക്കാൻ ഈടുറ്റ സംഭാവനകൾ നൽകിയ കുരുമുളക് കൃഷിയുടെ രംഗത്തേയ്ക്ക് ഒരു തിരിച്ചു വരവിനെക്കുറിച്ച് ഗൗരവമായി ചിന്തിക്കേണ്ടത് അത്യന്താപേക്ഷിതമായിരിക്കുന്നു.

ലോകത്തിന് മുഴുവൻ കുരുമുളക് കൃഷിയുടെയും വ്യാപാരത്തിന്റെയും ബാലപാഠം നൽകിയത് ഇന്ത്യയാണ്. ലോകത്ത് ആദ്യമായി (1905 ൽ) കുരുമുളക് ഗവേഷണം ആരംഭിച്ച തളിപ്പറമ്പ് കൃഷിത്തോട്ടം ഇപ്പോഴും കേരള കൃഷി വകുപ്പിന്റെ കീഴിലാണ്. അവിടം സന്ദർശിച്ച മഹാന്മാരിൽ ആദ്യത്തെ പ്രധാനമന്ത്രി പണ്ഡിറ്റ് ജവഹർലാൽ നെഹ്റു ഉൾപെടും. അതുപോലെ ലോകത്തിലെ ആദ്യത്തെ സങ്കര കുരുമുളകിനെ (പന്നിയൂർ-1) സൃഷ്ടിച്ചതും കേരളത്തിൽ തന്നെ. ലോകത്ത് കുരുമുളക് കൃഷിയുള്ള രാഷ്ട്രങ്ങളിലെല്ലാം ഈ ഇനം കാണാം. പക്ഷേ പേരുകൾ മാറുമെന്ന് മാത്രം.

ഇത്രയും മാഹാത്മ്യം നിറഞ്ഞ കുരുമുളക് കൃഷിയുടെ പുണ്യഭൂമിയായ കേരളം ഇന്നിപ്പോൾ കുരുമുളക് ലോകത്ത് പ്രകാശരഹിതമായി തീരാൻ അനുവദിക്കാമോ? ഇത്ര ദയനീയമായ പിന്നോട്ടുപോക്ക് മാറ്റിയെടുക്കണം. ഇത് ഏതാനും കൃഷിക്കാരും കൃഷി വിദഗ്ദ്ധരും ഗവേഷകരും കച്ചവടക്കാരും കൂടിയിരുന്ന് ചർച്ച ചെയ്യേണ്ട ഒരു ചെറിയ കാര്യമല്ല തന്നെ.

സംസ്ഥാനത്തിലെ കൃഷി, വാണിജ്യം, കയറ്റുമതി വിദേശവ്യാപാരം എന്നീ മേഖലകളെ നിയന്ത്രിക്കുന്നവർക്ക് പുറമേ സർവരാഷ്ട്രീയ കക്ഷികളും ഭരണാധികാരികളും കർഷക പ്രസ്ഥാനങ്ങളും ആസൂത്രണ പണ്ഡിതരും വികസന പഠനകേന്ദ്രങ്ങളും ഒരുമിച്ചും പ്രത്യേകിച്ചും പഠിക്കേണ്ട ഒരു വിഷയമാണ്. ചരിത്രപരമായ ഒരാവശ്യം കൂടിയായി ഇത് വളരുകയാണ്. കുരുമുളക് കൃഷിക്കാരുടെ സംഘടനാ ദൗർബല്യം മാത്രമല്ല ഇറക്കുമതി-കയറ്റുമതി രംഗത്തെ പുതിയ കരാറുകളും നയങ്ങളും കുരുമുളക് കൃഷിയുടെ ആഭ്യന്തര വളർച്ചയ്ക്ക് പ്രതിബന്ധങ്ങൾ സൃഷ്ടിക്കുന്നു. ധാന്യ സുരക്ഷ ഉറപ്പാക്കിയാൽ റബ്ബറും സുഗന്ധ ദ്രവ്യങ്ങളും തേയിലയും കാപ്പിയുമൊക്കെ ഇറക്കുമതി ചെയ്ത് പ്രശ്നങ്ങൾക്ക് ഉത്തരം കണ്ടെത്താം എന്ന വ്യവസായ വാണിജ്യ ലോബികളുടെയും ധനതത്വശാസ്ത്രജ്ഞന്മാരുടെയും കണ്ടുപിടിത്തങ്ങൾ കർഷക ദ്രോഹവും ഗ്രാമീണ സമ്പദ്‌വ്യവസ്ഥയെ തകർക്കുന്നതുമാണ്. കാർഷിക രംഗത്തെ ധാന്യ മേഖലയിലും സസ്യഎണ്ണ മേഖലയിലുമായി ഒതുക്കി നിർത്തുന്ന വ്യാപാരനയം ഒരു തരത്തിൽ 70 കോടിയിൽപരം ജനങ്ങൾക്ക് ജീവിത സുരക്ഷ ലഭ്യമാക്കേണ്ട കാർഷിക രംഗത്തെ തകർത്തുകളയും.

കുരുമുളകിന് ലോകവിപണിയിൽ ദൗർലഭ്യം നേരിടുന്ന ഒരു കാലമാണ്. ഇന്ത്യയിലെ വളരുന്ന ആഭ്യന്തര ഉപഭോഗം വർദ്ധിപ്പിക്കുന്നതാവും ഒരു പക്ഷേ കേരളത്തിന് നല്ലത്. പക്ഷേ ദേശീയനയം കുരുമുളക് കഴിയുന്നത്ര കയറ്റുമതി ചെയ്യുന്നതിലാണ് ഇന്നും എന്നും. ഗുണമേന്മ കാരണമായിട്ടാണ് കേരള കുരുമുളക് ഇപ്പോഴും പിടിച്ചു നിൽക്കുന്നത്. ബ്രസീലും മലേഷ്യയും ശ്രീലങ്കയും വിയറ്റ്നാമും കമ്പോഡിയയും ഒക്കെ ഇപ്പോൾ ലോക കുരുമുളക് വിപണിയിലെ വൻശക്തി കേന്ദ്രങ്ങളാണ്. വിയറ്റ്നാമിൽ കുരുമുളക് കൃഷി രംഗത്ത് കേരള സാന്നിദ്ധ്യം സുലഭമാണ് എന്നതാണ് കച്ചവടരംഗത്തെ പ്രമുഖരുടെ കണ്ടെത്തൽ.

കേരളത്തിലെ കുരുമുളക് കൃഷിക്ക് അതിന്റേതായ പ്രത്യേകതകളുണ്ട്. ഒരു ഇടവിളയായിട്ടാണ് കുരുമുളക് പരക്കെ കൃഷി ചെയ്യുന്നത്. ഇതിന്റെ സംഭരണം വിപണനം തുടങ്ങിയ കാര്യങ്ങൾക്കും അതിന്റേതായ പ്രത്യേകതകളുണ്ട്. പക്ഷേ കുരുമുളക് കൃഷി ഇടവിളയായി പ്രോത്സാഹിപ്പിക്കുന്നതിനുള്ള നീക്കങ്ങളും പദ്ധതികളും കുറഞ്ഞുവരികയാണ്. കേരളത്തിൽ കുരുമുളക് കൃഷി നമ്മുടെ സാഹചര്യങ്ങൾക്ക് അനുഗുണമായി വളർത്തി വികസിപ്പിക്കാനുള്ള പരിശ്രമങ്ങൾക്ക് പറ്റിയ തണുപ്പൻ പ്രതികരണമാണ് കുരുമുളക് കൃഷി തളരാൻ തുടങ്ങിയത് എന്ന കർഷകരുടെ അഭിപ്രായത്തിൽ കഴമ്പുണ്ട്.

ഇത്തരുണത്തിൽ കേരളത്തിലെ കുരുമുളക് കൃഷി രംഗത്തെ ചില മാറ്റങ്ങൾ നാം കാണേണ്ടതുണ്ട്. ഒരു ഇടവിളയായിട്ടാണ് കേരളത്തിൽ പൊതുവെ കൃഷി ചെയ്യുന്നത്. കുരുമുളക് വള്ളി പടർന്നു കയറുന്ന എല്ലാ മരങ്ങളിലും അതിനെ പടർത്തി കയറ്റി വിളവെടുപ്പ് കാലത്ത് നാട്ടിൻപുറത്ത് വരുന്ന കച്ചവടക്കാർക്ക് അത് ശേഖരിക്കാൻ നൽകുന്ന പഴയകാല കുരുമുളക് കൃഷി അപ്രത്യക്ഷമായിരിക്കുന്നു. കുരുമുളക് കൃഷിയിലെ ഒരു സുപ്രധാന ഘടകമായ മുളക് തിരി ശേഖരണത്തിന് തൊഴിലാളികളെ കിട്ടാത്ത കാഴ്ച സർവസാധാരണമാണ്. പൊതുവെ ഉണങ്ങി വീഴുന്ന കുരുമുളക് ശേഖരിക്കുന്ന സമ്പ്രദായം ഇടുക്കിയിലും കണ്ണൂരിലും മലപ്പുറത്തും ഒഴികെ സർവസാധാരണമാണ്. കുരുമുളക് പരിപാലന രംഗത്ത് ആകെ മാന്ദ്യം. അതുപോലെ രോഗമില്ലാത്ത വേരു മുളപ്പിച്ച വള്ളികൾ ലഭിക്കുക വളരെ പ്രയാസമുള്ള ഒരു കാര്യമാണ്. കിട്ടിയാൽ തന്നെ കഴിഞ്ഞ ഏതാനും വർഷങ്ങളിലായി അനുഭവിക്കുന്ന മഴയുടെ വിശേഷിച്ചും കാലവർഷ അസ്ഥിരത കുരുമുളക് നടീലിനെ വളരെ പ്രതികൂലമായി ബാധിച്ചിരിക്കുന്നു. കർണാടകത്തിൽ കുരുമുളക് കൃഷി ശക്തിപ്പെടാനുള്ള കാരണം കാപ്പി വില ഇടിയുമ്പോൾ അതിനെ പിടിച്ചു നിർത്തുന്നത് ഇടവിളയായി കൃഷി ചെയ്യുന്ന കുരുമുളകാണ് എന്നതുകൊണ്ടാണ്. ഇത് തോട്ടങ്ങളിൽ തൊഴിലാളികൾക്ക് കൂടുതൽ ദിവസം തൊഴിൽ നൽകുന്നു. അതിനാൽ തൊഴിൽ തേടി അയൽ സംസ്ഥാനങ്ങളിലേയ്ക്ക് പോകുന്ന സ്ഥിതി ഒഴിവാക്കാം. ഇതിനെല്ലാം പുറമെ കീടനാശിനി പ്രയോഗം കഠിനമായി ഒഴിവാക്കിയാൽ മാത്രമേ വിദേശത്തേയ്ക്ക് കുരുമുളക് കയറ്റുമതി ശക്തിപ്പെടുകയുള്ളൂ.

പ്രധാന പ്രശ്നം ഉയർന്നുവരുന്നത് കേരളത്തിലെ കുരുമുളക് കൃഷിയുടെ ക്ഷീണമാണ്. ഇന്ത്യൻ ഉല്പാദനം വർദ്ധിപ്പിക്കാൻ കർണാടകത്തിലെയും വടക്ക് കിഴക്കൻ സംസ്ഥാനങ്ങളിലെയും ഊർജസ്വലമായ പ്രവർത്തനം വഴി ഒരു പരിധി വരെ കഴിഞ്ഞേയ്ക്കാം. കേരളത്തിന് ഈ രംഗത്ത് ഒരു പുതിയ വികസനതന്ത്രം രൂപപ്പെടുത്തേണ്ടതായിട്ടുണ്ടോ എന്ന ചോദ്യത്തിന് ഉത്തരം ആവശ്യമുണ്ട് എന്നുതന്നെ.

ഇപ്പോഴും നമ്മുടെ കുരുമുളകിന്റെ ഗുണമേന്മ സുപ്രസിദ്ധവും അചഞ്ചലവുമാണ്. നാം ഇപ്പോൾ തുടരുന്ന ഇട

# 7000 കൊല്ലത്തെ പാരമ്പര്യം നഷ്ടപ്പെടുമോ

പത്തു വർഷമായി കാര്യമായ മുന്നേറ്റമില്ലാതെ കിടക്കുകയായിരുന്നു കുരുമുളക് വിപണി. കഴിഞ്ഞ രണ്ടു വർഷങ്ങളിലായി ഒരു ഉണർത്ത് എഴുന്നേൽപ് അനുഭവപ്പെടുന്നു എന്നാണ് വിപണിയുടെ വിലയിരുത്തൽ. കുരുമുളകിന്റെ സുഗന്ധവിള രാജാവ് എന്ന പട്ടം പറന്ന് പോയിട്ട് നാളുകൾ വളരെ കഴിഞ്ഞിരിക്കുന്നു. ഇന്ന് പ്രസ്തുത സ്ഥാനം വറ്റൽ മുളകിനാണ്. അതിന്റെ ചരിത്രം നോക്കുമ്പോൾ പുറത്തു വരുന്ന സത്യം മറ്റൊന്ന്. കുരുമുളകിന്റെ ആധിപത്യം സഹിക്ക വയ്യാതെ പോർട്ടുഗീസുകാർ ഇന്ത്യയിൽ കൊണ്ടുവന്നു പ്രചരിപ്പിച്ച മുളകാണത്രെ വറ്റൽ മുളക്. അതിന്റെ നിറവും പൊടിയുടെ വീര്യവും വില കുറവും ക്രമേണ ഇന്ത്യയുടെയും ശ്രീലങ്കയുടെയും പ്രിയപ്പെട്ട വിളയാക്കി അതിനെ മാറ്റി. അങ്ങനെ നാടു കാണാൻ വന്നവൻ രാജാവായി ഇന്ത്യൻ സുഗന്ധദ്രവ്യ ലോകത്തിൽ വാഴുന്ന കാഴ്ചയാണ് നാം നോക്കിയിരിക്കുന്നത്. കുരുമുളകിന്റെ ഏഴ് അയലത്ത് നിൽക്കാൻ നിറത്തിലല്ലാതെ മറ്റൊരു കാര്യത്തിലും വറ്റൽ മുളകിന് അർഹതയില്ല. എന്നിട്ടും കുരുമുളകിനേക്കാൾ പ്രിയം വറ്റൽ മുളകിനായി. ഈ നഷ്ടപ്പെടലിന്റെ ഏറ്റവും വലിയ ക്ഷീണം കേരളത്തിലെ കൃഷിക്കാർക്കാണ്.

പുതിയ കുരുമുളക് കൃഷിയുടെ പറുദീസ ആയ വിയറ്റ്നാമിൽ പോലും കുരുമുളക് കൃഷിയുടെയും കച്ചവടത്തിന്റെയും തന്ത്ര പ്രധാന സ്ഥാനത്ത് കേരളീയരുണ്ടത്രെ. ഇതിനു തെളിവാണ് ഇന്ത്യയും വിയറ്റ്നാമുമായി ചേർന്ന് ഹോചിമിൻ നഗരത്തിൽ പെപ്പർ ഫ്യൂച്ചർ എക്സ്ചേഞ്ച് സ്ഥാപിക്കുവാൻ കരാറിൽ ഒപ്പിട്ടിരിക്കുന്നത്. ലോകത്തിലെ ഒരു പ്രമുഖ കുരുമുളക് ഉല്പാദന രാഷ്ട്രമാണ് വിയറ്റ്നാം. ഉൽപാദനത്തിന്റെ 90% വിദേശത്തേയ്ക്ക് കയറ്റി അയയ്ക്കുന്നുവെന്ന് വിശ്വസിക്കപ്പെടുന്ന രാജ്യം. ശ്രീലങ്കയുമായിട്ടുള്ള കരാർ മുതലെടുത്ത് ഇന്ത്യയിലേയ്ക്ക് ഗുണം കുറഞ്ഞ കുരുമുളക് ഇറക്കുമതി ചെയ്യുന്നു എന്ന പരാതി വരെ പത്രമാധ്യമങ്ങളിൽ പ്രചരിക്കുന്നുണ്ട്. അപ്പോഴാണ് പുതിയ കരാറിന്റെ വാർത്ത വരുന്നത്. ഇത് ഇന്ത്യയിലെ കർഷകർക്ക് ഗുണം ചെയ്താൽ നന്ന്. പക്ഷേ പല പൂർവകാല കരാറുകളും നമ്മുടെ കർഷകരെ സഹായിച്ചിട്ടില്ല എന്നതാണ് ചരിത്രം.

വിള കൃഷിയിൽ ഒരു പുതിയ ജനകീയ സമീപനം സാദ്ധ്യമല്ലേ? പച്ചക്കറി മേഖലയിലെ പോല ജൈവരീതിയിൽ വീട്ടുവളപ്പിലെ എല്ലാ മരങ്ങളിലും കുരുമുളക് പടർത്തി വളർത്തുക. അല്ലാത്തവരിൽ ബുഷ് പെപ്പർ കൃഷിയിൽ താൽപര്യം ഉണ്ടാക്കുക. ഇതോടൊപ്പം ജൈവകുരുമുളക് വിൽക്കാൻ ഉള്ള വിപുലമായ കൂട്ടായ്മകളും കർഷക കമ്പനികളും പച്ചക്കറി കൃഷിക്ക് സംഘടിപ്പിക്കുന്നതു പോലെ രൂപപ്പെടുത്തുക. ഇതിനാവശ്യമായി മികച്ചതൈ ഉൽപാദനത്തിന് പുതിയ കർഷക ശൃംഖലകളും ഫാമുകളിൽ സംവിധാനങ്ങളും സൃഷ്ടിക്കുക എന്നിവ രൂപപ്പെടുത്താൻ നമുക്ക് കഴിയണം. തൈകളുടെ എണ്ണമല്ല ഗുണവും രോഗമില്ലായ്മയും ആയിരിക്കണം ഊന്നൽ നൽകേണ്ട ഘടകങ്ങൾ.

വിദേശ കുരുമുളകിനേക്കാൾ നമുക്കുള്ള മെച്ചം പ്രചരിപ്പിക്കുകയും ചെറിയ ഉപഭോക്തൃ പാക്കിംഗിൽ അവ ലഭ്യമാകുകയും ചെയ്താൽ കുരുമുളക് കൃഷി പച്ച പിടിക്കും. അതോടൊപ്പം സിമന്റ് തൂണുകളിൽ ആധുനിക സൗകര്യങ്ങൾ ജലസേചനത്തിനും മറ്റും ഒരുക്കിയുള്ള കൃഷിക്ക് താൽപര്യമുള്ളവർക്ക് അതിനുള്ള സൗകര്യം നൽകണം. പുതിയ കൃഷി പദ്ധതികൾ, അതായത് സംരംഭകരെ സൃഷ്ടിക്കാനും കൃഷിയുടെ രംഗത്ത് ആധുനിക സാങ്കേതിക മാർഗങ്ങൾ വ്യാപാരമനസ്സോടെ പ്രചരിപ്പിക്കാനുമുള്ള പ്രവർത്തനങ്ങൾ ഇതിനായി ഉപയോഗപ്പെടുത്തണം.

കുരുമുളക് കൃഷിരംഗത്തെ കൃഷിക്കാരേയും വാണിജ്യരംഗത്തേയ്ക്ക് കടന്നുവരാൻ പ്രാപ്തരാക്കാനുള്ള ശ്രമങ്ങൾ തുടങ്ങേണ്ട കാലം അതിക്രമിച്ചിരിക്കുന്നു.

മൂല്യവർദ്ധിത ഉല്പന്നങ്ങൾ കുരുമുളക് രംഗത്ത് കടന്നു വന്ന് കാലമേറെ ആയി എങ്കിലും കൃഷിക്കാർക്ക് വിലസ്ഥിരതയോ അധികലാഭമോ കിട്ടുന്ന രീതിയിൽ അതിന്റെ സാന്നിദ്ധ്യം സൃഷ്ടിക്കുന്നില്ല എന്നത് ഒരു ദു:ഖ അനുഭവമായി തുടരുകയാണ്.

കേരളത്തിന് സമ്പൂർണ ആധിപത്യം ഉണ്ടായിരുന്ന കുരുമുളകിന്റെ രംഗത്ത് നാം ദയനീയമായി പാർശ്വവൽകരിക്കപ്പെടുന്ന കാഴ്ച ഹൃദയഭേദകമാണ്. അതേസമയം ദേശീയ കയറ്റുമതി ലക്ഷ്യങ്ങൾ ഇന്ത്യ നിലനിർത്തുക മാത്രമല്ല വർദ്ധിപ്പിക്കുകയും ചെയ്യുന്നു. ഇവിടെ കേരളത്തിലെ കൃഷിക്കാർ മാത്രമാണ് നഷ്ടമനുഭവിക്കുന്നവർ. ഗ്വാട്ടിമാലയിലെ ഏലം ഇന്ത്യയിലെ മെട്രോ നഗരങ്ങളിൽ മാത്രമല്ല കേരളത്തിലും കിട്ടും. നമ്മുടെ ഏലമാണ് നല്ലത്. പക്ഷേ കുറഞ്ഞ വിലയ്ക്ക് കിട്ടുന്നതിനാൽ നാം ലോകവിപണിയിൽ പിന്തള്ളപ്പെടുന്നു. എപ്പോഴെല്ലാം ഗ്വാട്ടിമാലയിൽ ഉല്പാദനം കുറയുന്നുവോ അപ്പോൾ മാത്രമാണ് നമ്മുടെ ഏലത്തിന്റെ വില കൂടുന്നത് എന്നത്രെ വിപണിയിൽ പറഞ്ഞു കേൾക്കുന്ന ഒരു തമാശ. അതിനാൽ നാളെ കേരളത്തിലും വിദേശ കുരുമുളക് വിപണി കീഴടക്കുമോ എന്നു സംശയിക്കുന്നവരെ കുറ്റം പറയാൻ കഴിയില്ല.

ലോകത്തിലെ ഏറ്റവും ഗുണമേന്മയുള്ള ജൈവകുരുമുളക് നൽകുന്നത് ഇന്നും കേരളമാണ്. ഈ സത്യം നഷ്ടപ്പെടുന്ന പ്രതാപത്തെ വീണ്ടെടുക്കാനും കുരുമുളക് കൃഷിക്കാരെ രക്ഷിക്കാനും പറ്റിയ ഒരു പ്രത്യേക കുരുമുളക് വികസനത്തിനുള്ള സമ്പൂർണ പദ്ധതിയുണ്ടാക്കാൻ നമുക്ക് കരുത്താകണം.

ലോകോത്തര ഗവേഷണ സംവിധാനങ്ങൾ, പരിചയ സമ്പന്നമായ വിപണി, വിശാലമായ ഇന്ത്യൻ മാർക്കറ്റ്, സർവോപരി കുരുമുളകിനെ വിശിഷ്ട ദൈവിക ഔഷധമായി കരുതുന്ന ജനത ഇത്രയും നമുക്ക് സ്വന്തമായിട്ട് ഉള്ളപ്പോൾ കുരുമുളക് കൃഷി വികസനത്തിനുള്ള പദ്ധതി വിജയിക്കുക തന്നെ ചെയ്യും. പക്ഷേ നാം ധൈര്യമായി അതിന് മുന്നോട്ടു വരണം. പച്ചക്കറി രംഗത്തെ വിജയം ഇവിടേയും ആവർത്തിക്കാം. ■

# തൃശ്ശൂർ വിമല കോളേജിൽ ഇ. ഡി. ക്ലബ്ബ്




തൃശൂർ ജില്ലയിലെ പ്രമുഖ കലാലയമായ വിമല കോളേജിൽ ഇ. ഡി. ക്ലബ്ബ് പ്രവർത്തനം ആരംഭിച്ചു. വൈസ് പ്രിൻസിപ്പൽ ഡോ. സിസ്റ്റർ മാരിയറ്റ് എ തേറാട്ടിൽ ക്ലബ്ബിന്റെ ഉദ്ഘാടനം നിർവഹിച്ചു. ക്ലബ്ബ് കോ-ഓർഡിനേറ്ററായ പ്രീമ റോസ് നിക്കളാവോസ് അദ്ധ്യക്ഷയായിരുന്നു. തുടർന്ന് തൃശൂരിലെ മജെസ് ഗാർമെന്റ്സ് സി. ഇ. ഒ. രാജേഷ് ജോർജ്ജ് ഒരു സംരംഭകനെന്ന നിലയിൽ തന്റെ ആദ്യകാല അനുഭവം മുതൽ വളർച്ചയുടെ ഓരോ ഘട്ടത്തെക്കുറിച്ചും പരിപാടിയിൽ പങ്കെടുത്ത വിദ്യാർത്ഥിനികൾക്ക് വ്യക്തമാക്കി കൊടുത്തു. ചോദ്യങ്ങൾക്കും സംശയങ്ങൾക്കും അദ്ദേഹം കൃത്യമായ ഉത്തരങ്ങൾ നൽകി. ഈ പരിപാടിയിൽ പങ്കെടുത്ത് സംസ്ഥാനത്തെ വ്യവസായ വകുപ്പിന്റെ പ്രവർത്തനങ്ങളെയും, പുതിയ വ്യവസായ സാധ്യതകളേയും പറ്റി കോർപറേഷൻ വ്യവസായ വികസന ഓഫീസർ കെ. പി. അജിത് കുമാർ വിശദീകരിച്ചു.

ഇ. ഡി. ക്ലബ്ബിന്റെ നേതൃത്വത്തിൽ ഏതെങ്കിലുമൊരു ഉല്പന്നത്തിന്റെ നിർമാണത്തെക്കുറിച്ച് പ്രായോഗിക പരിശീലനം സംഘടിപ്പിക്കണമെന്ന ക്ലബ്ബ് കോ-ഓർഡിനേറ്ററുടെ താൽപര്യപ്രകാരം പൂരങ്ങളുടെ നാടായ തൃശൂരിന്റെ പൂരമുദ്രയായ നെറ്റിപ്പട്ടം നിർമിക്കുന്നത് ഉചിതമാകുമെന്ന് നിശ്ചയിച്ചു. ഒരാഴ്ചയിലേറെ ദൈർഘ്യമുള്ള നെറ്റിപ്പട്ടം നിർമാണ പരിശീലന പരിപാടി ചെറുകിട വ്യവസായ സംരംഭകയായ ധന്യ രാജ്. എസ്. ആർ. കുട്ടികൾക്ക് വളരെ മനോഹരമായി പഠിപ്പിച്ചു കൊടുത്തു. ഈ പരിപാടിയിൽ 40-ഓളം കുട്ടികൾ സജീമായി പങ്കെടുത്തു. അവരുടെ ജീവിതത്തിലെ സംരംഭകത്വ പരിശീലനത്തിന് അവിടെ ക്ലബ്ബിന്റെ പരിശീലന പദ്ധതിയായ ലീഡർഷിപ്പ്, എന്റർപ്രണർഷിപ്പ് & ലേണിംഗ് എന്നതിന്റെ ഭാഗമായാണ് പരിപാടി സംഘടിപ്പിച്ചത്.

നവവത്സരത്തോടനുബന്ധിച്ച് ഇ. ഡി. ക്ലബ്ബ്, നാലാം സെമസ്റ്റർ ബി. കോം വിദ്യാർത്ഥിനികളെ ഉൾകൊള്ളിച്ച് തൃശൂരിലെ ഒല്ലൂർ മേജർ ഇൻഡസ്ട്രീസ് എസ്റ്റേറ്റ് സന്ദർശിച്ചു. നല്ല രീതിയിൽ പ്രവർത്തനം നടത്തുന്ന സ്ഥാപനങ്ങൾ കണ്ടു മനസ്സിലാക്കുക എന്നതായിരുന്നു ലക്ഷ്യം. അതോടൊപ്പം വനിതകൾക്ക് വ്യവസായത്തിലെ പങ്ക് എന്തായിരിക്കണമെന്ന് ബോദ്ധ്യപ്പെടുത്തുക എന്നതും ലക്ഷ്യമായിരുന്നു. ഈ യാത്രയ്ക്ക് നേതൃത്വം നൽകിയത് ക്ലബ്ബ് കോ-ഓർഡിനേറ്റർ പ്രീമ റോസ് നിക്കളാവോസും, കോമേഴ്സ് വിഭാഗം പ്രൊഫസർമാരായ നിഷ ലീല ജോസും, ജിൻസ്. സി. ജി യുമായിരുന്നു. ഇവർക്ക് ഒല്ലൂർ ഇൻഡസ്ട്രിയൽ അസോസിയേഷൻ ഭാരവാഹികളായ സിജോ. സി. ജോയ്, ടി. വൈ. ടോണി എന്നിവരുമായി ആശയ സംവാദം നടത്താൻ അവസരമൊരുക്കി.

എസ്റ്റേറ്റിലെ 100-ൽ അധികം വരുന്ന വ്യവസായ സ്ഥാപനങ്ങളിൽ നിന്ന് തിരഞ്ഞെടുത്ത യൂണിറ്റുകൾ സന്ദർശിക്കുമ്പോൾ, ഒരു ഉല്പന്നം സൃഷ്ടിക്കപ്പെടുന്നതെങ്ങിനെയെന്നും, അതിനു പിന്നിലെ മനുഷ്യ പ്രയത്നങ്ങളും, യന്ത്രങ്ങളുടെ പ്രാധാന്യവും കുട്ടികൾ ചോദിച്ചറിയുന്നുണ്ടായിരുന്നു. പ്ലാസ്റ്റിക് മുതൽ ഇമിറ്റേഷൻ സ്വർണാഭരണങ്ങളുടെയും, എഞ്ചിനീയറിംഗ് മെഷീനറികളുടെയും മറ്റും നിർമാണ ചാരുത കുട്ടികളിൽ കൗതുകം ഉളവാക്കി.

തൃശൂരിൽ ഏകദേശം 2500-ൽ അധികം വിദ്യാർത്ഥിനികൾ പഠിക്കുന്ന വിമല കോളേജ് കോഴിക്കോട് സർവകലാശാലയിലെ അറിയപ്പെടുന്നവയിൽ മുമ്പന്തിയിൽ നിൽക്കുന്ന വിദ്യാഭ്യാസ സ്ഥാപനമാണ്. രാമവർമപുരത്ത് സ്ഥിതി ചെയ്യുന്ന ഈ കലാലയത്തിൽ നിന്ന് അക്കാദമിക്, കായിക, സാഹിത്യ വ്യാവസായിക മേഖലകളിൽ ഇന്നറിയപ്പെടുന്ന അനേകം മഹിളാരത്നങ്ങൾ ഉയർന്നു വന്നിട്ടുണ്ട്. ഇക്കാര്യത്തിൽ കോളേജിന് അഭിമാനിക്കാൻ വകയേറെ.






# സാംസൺ ബേക്കറി പ്രവർത്തനമാരംഭിച്ചു

ആയൂരിൽ ആരംഭിച്ച സാംസൺ ബേക്കറി ഇടമുളക്കൽ പഞ്ചായത്ത് പ്രസിഡന്റ് ജയശ്രീ ഉദ്ഘാടനം ചെയ്തു. ആദ്യ വിൽപന രാജൻ ജോൺ നിർവഹിച്ചു. ആനന്ദഗിരി എസ്റ്റേറ്റിലെ വിപിൻ സാജൻ ആണ് സംരംഭകൻ. വിപിൻ നേഴ്സിംഗ് ഡിപ്ലോമ ഹോൾഡറാണ്. പിതാവിന്റെ പാത പിന്തുടർന്നാണ് വ്യവസായത്തിലേയ്ക്ക് വന്നത്.

സ്ഥാപനം ശരാശരി 50 കിലോ മൈദയും അതിനു വേണ്ട അനുബന്ധ വസ്തുക്കളും കൂട്ടി ബേക്കറി ഉല്പന്നങ്ങൾ നിർമിച്ചു വരുന്നു. 10 ലക്ഷം രൂപയുടെ മെഷിനറികൾ സ്ഥാപിച്ചിട്ടുണ്ട്. സിൻഡിക്കേറ്റ് ബാങ്ക് ആയൂർ ആണ് ധനകാര്യസ്ഥാപനം.





# വനിതാ സ്വാശ്രയ സംഘങ്ങൾക്ക് വായ്പ

സംസ്ഥാന പട്ടികജാതി/വർഗ വികസന കോർപറേഷൻ പട്ടികജാതി വികസന വകുപ്പുമായി ചേർന്ന് നടപ്പിലാക്കുന്ന വനിതാ ശാക്തീകരണ പദ്ധതിയിൽ വായ്പ അനുവദിക്കുന്നതിന് പട്ടികജാതിയിൽപെട്ട വനിതാ സ്വയം സഹായ സംഘങ്ങളിൽ നിന്നും അപേക്ഷ ക്ഷണിച്ചു.

പട്ടികജാതിയിലെ വനിതാ സംരംഭകർ മാത്രം ഉൾപ്പെട്ട സ്വയം സഹായ സംഘങ്ങൾക്ക് വരുമാനദായക പദ്ധതികൾ നടത്തുന്നതിനാണ് വായ്പ നൽകുന്നത്. ഒരു സംഘത്തിന് പരമാവധി ആറ് ലക്ഷം രൂപ വരെ പദ്ധതി തുകയായി അനുവദിക്കും. ഇതിൽ 2,40,000 രൂപ വരെ സബ്സിഡിയും 60,000 രൂപ ഗുണഭോക്തൃ വിഹിതവും ശേഷിക്കുന്ന മൂന്ന് ലക്ഷം രൂപ വായ്പയും ആയിരിക്കും. രൂപീകരിച്ച ശേഷം ആറു മാസമെങ്കിലും വിജയകരമായി പ്രവർത്തിച്ച് ഗ്രേഡിംഗ് കഴിഞ്ഞ സ്വയം സഹായ സംഘങ്ങളെ മാത്രമേ പരിഗണിക്കുകയുള്ളൂ. വായ്പയുടെ തിരിച്ചടവ് കാലാവധി മൂന്ന് വർഷവും പലിശ നിരക്ക് ആറ് ശതമാനവും ആണ്. സംഘത്തിലെ അംഗങ്ങൾ 18 വയസിനും 50 വയസിനും ഇടയിൽ പ്രായമുള്ളവരും ദാരിദ്ര്യരേഖ വരുമാന പരിധിക്കുള്ളിൽ പെടുന്നവരുമായിരിക്കണം. പദ്ധതി തുക മൂന്ന് ലക്ഷം അധികരിക്കുന്ന പക്ഷം കോർപറേഷന്റെ നിബന്ധനകൾക്കനുസരിച്ച് ആവശ്യമായ ജാമ്യം നൽകണം.

കൂടുതൽ വിവരങ്ങൾക്കും അപേക്ഷാഫോറത്തിനും കോർപറേഷന്റെ വിവിധ ജില്ലാ കാര്യാലയങ്ങളുമായി ബന്ധപ്പെടണം. ഫണ്ടിന്റെ പരിമിതി മൂലം, എല്ലാ രേഖകളും ആദ്യം ഹാജരാക്കുന്ന സംഘങ്ങളെ മാത്രമേ വായ്പയ്ക്കായി പരിഗണിക്കുകയുള്ളൂ.

# വിലനിലവാരം വെബ്സൈറ്റിൽ

സാമ്പത്തിക സ്ഥിതി വിവര കണക്ക് വകുപ്പ് വെബ്സൈറ്റായ www.ecostat.kerala.gov.in ൽ 2013 മുതലുള്ള 50 നിത്യോപയോഗ സാധനങ്ങളുടെ വിപണി വിലയും വില വ്യതിയാനവും ഉപഭോക്തൃ വില സൂചികയും ലഭിക്കും. പൊതുജനങ്ങൾക്ക് പ്രിന്റ് ഔട്ട് എടുക്കുന്നതിനുള്ള സൗകര്യവും ഏർപെടുത്തിയിട്ടുണ്ട്.



# കലാലയങ്ങളിൽ കൈത്തറി നെടുപുഴ പോളിയിൽ



കൈത്തറി വസ്ത്രങ്ങളുടെ വ്യാപക പ്രചാരണം ലക്ഷ്യമാക്കി കലാലയങ്ങളിൽ കൈത്തറി എന്ന പേരിൽ തൃശൂർ ജില്ലാ വ്യവസായകേന്ദ്രവും, നെടുപുഴ ഗവ: വിമൻസ് പോളിടെക്നിക് കോളേജും ചേർന്ന് കൈത്തറി വസ്ത്രങ്ങളുടെ പ്രദർശനവും, സെമിനാറും സംഘടിപ്പിച്ചു. തൃശൂർ ജില്ലയിലെ പോളിടെക്നിക് വിദ്യാർത്ഥികളെ പങ്കെടുപ്പിച്ച് ക്വിസ്, ഉപന്യാസം, ചിത്രരചന മത്സരങ്ങളും, കൈത്തറി വസ്ത്രങ്ങൾ അണിഞ്ഞു കൊണ്ടുള്ള സ്റ്റേജ് ഷോ മത്സരവും നടത്തി. കേരളത്തിന്റെ വ്യവസായ വികസന സാദ്ധ്യതകളും കൈത്തറിയും എന്ന വിഷയം ആസ്പദമാക്കിയുള്ള സെമിനാറിൽ ജില്ലാ വ്യവസായകേന്ദ്രം മാനേജർ കെ. എസ്. കൃപകുമാർ, കുത്താമ്പുള്ളി കൈത്തറി നെയ്ത്ത് വ്യവസായ സഹകരണ സംഘം സെക്രട്ടറി എ. ശരവണൻ എന്നിവർ ക്ലാസ്സെടുത്തു.

ഉപന്യാസ മത്സരത്തിൽ ആസാദ്. വി. എസ് (കെ. കെ. എം. എം. പോളിടെക്നിക്, കല്ലേറ്റുംകര), ശ്രുതി. എ. എസ് (ഗവ: വിമൻസ് പോളി ടെക്നിക്, നെടുപുഴ), ദിൽഷ. എം. ഡി. (ശ്രീരാമ പോളിടെക്നിക്, തൃപ്രയാർ) എന്നിവർ യഥാക്രമം ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ നേടി. ചിത്രരചന മത്സരത്തിൽ ആൽഫി വർഗീസ് (കെ. കെ. എം. എം. പോളിടെക്നിക്, കല്ലേറ്റുംകര), ശില്പ. കെ. വി. (ഗവ: വിമൻസ് പോളിടെക്നിക്, നെടുപുഴ), സുജിത്. സി. സി. (ഗവ: പോളിടെക്നിക്, കുന്നംകുളം) എന്നിവർ യഥാക്രമം ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ നേടി. ക്വിസ് മത്സരത്തിൽ ഗവ: പോളിടെക്നിക്, കുന്നംകുളം (വിഷ്ണു മുകുന്ദൻ, വിഷ്ണു ദാസ്) ഒന്നാം സ്ഥാനവും, കെ. കെ. എം. എം. പോളിടെക്നിക്, കല്ലേറ്റുംകര (ജോഫി. കെ. ജെ, അഖിൽ. ഇ. എ) രണ്ടാം സ്ഥാനവും, ത്യാഗരാജ പോളിടെക്നിക്, അളഗപ്പ നഗർ (ജിനു. പി. ജെ., നിധിൻ. ടി. ജെ) മൂന്നാം സ്ഥാനവും നേടി. കൈത്തറി വസ്ത്രങ്ങൾ അണിഞ്ഞു കൊണ്ടുള്ള സ്റ്റേജ് ഷോ മത്സരത്തിൽ ഗവ: വിമൻസ് പോളിടെക്നിക്, നെടുപുഴ ഒന്നാം സ്ഥാനവും, ഗവ: പോളിടെക്നിക്, കുന്നംകുളം രണ്ടാം സ്ഥാനവും നേടി.

സമാപന സമ്മേളനം തൃശൂർ കോർപറേഷൻ മേയർ അജിത ജയരാമൻ ഉദ്ഘാടനം ചെയ്തു. ജില്ലാ വ്യവസായകേന്ദ്രം ജനറൽ മാനേജർ ഇ. സലാഹുദ്ദീൻ അദ്ധ്യക്ഷനായിരുന്നു. എ. എസ്. ചന്ദ്രകാന്ത (പ്രിൻസിപ്പൽ, ഗവ: വിമൻസ് പോളിടെക്നിക്, നെടുപുഴ), ഡെപ്യൂട്ടി രജിസ്ട്രാർ എം. കെ. ബാലരാജൻ, സീനിയർ സഹകരണ ഇൻസ്പെക്ടർ പി. എസ്. രഘുനാഥ് സംബന്ധിച്ചു. വിജയികൾക്കുള്ള സമ്മാനങ്ങൾ മേയർ വിതരണം ചെയ്തു.

# മീനച്ചിൽ നിക്ഷേപക സംഗമം



മീനച്ചിൽ താലൂക്കിലെ നിക്ഷേപക സംഗമം പാലാ വ്യാപാര ഭവനിൽ എസ് ബി ടി ചീഫ് മാനേജർ എ സജാദ് ഉദ്ഘാടനം ചെയ്തു. കോട്ടയം ജില്ലാ വ്യവസായകേന്ദ്രം അസിസ്റ്റന്റ് ഡയറക്ടർ വി. കെ. ജോസഫ് അധ്യക്ഷനായിരുന്നു. ഉപജില്ലാ വ്യവസായ ഓഫീസർ ജിജി കുര്യൻ, വ്യവസായ വികസന ഓഫീസർ കെ. ചാക്കോ, എ. സജാദ്, പഞ്ചാബ് നാഷണൽ ബാങ്ക് സീനിയർ മാനേജർ എ. അനിൽ, ബാങ്ക് ഓഫ് ബറോഡ മാനേജർ നിർമല ക്ലാസ്സുകൾ നയിച്ചു. തുടർന്ന് നിക്ഷേപകരുടെ സംശയങ്ങൾക്ക് മറുപടി നൽകി.

# പ്ലാസ്റ്റിക് പാക്കേജിങ് ശില്പശാല



തൃശ്ശൂർ ജില്ലാ വ്യവസായ കേന്ദ്രം കൊച്ചി ആസ്ഥാനമായ സെന്റർ ഫോർ ബയോ പോളിമർ സയൻസ് & ടെക്നോളജിയുടെ സഹകരണത്തോടെ പ്ലാസ്റ്റിക് അധിഷ്ഠിത വ്യവസായ സംരംഭകർക്കുവേണ്ടി പ്ലാസ്റ്റിക് പാക്കേജിംഗിൽ മൂന്നു ദിവസത്തെ ശില്പശാല ഹോട്ടൽ മോത്തി മഹലിൽ സംഘടിപ്പിച്ചു. ദേശീയ സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായ വികസന ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ പി. വി. വേലായുധൻ ശില്പശാല ഉദ്ഘാടനം ചെയ്തു. തിരഞ്ഞെടുത്ത 25 സംരംഭകർക്കാണ് പരിശീലനം നൽകിയത്.

പ്ലാസ്റ്റിക് മെറ്റീരിയൽസ് ആന്റ് ആപ്ലിക്കേഷൻസ് ഇൻ പാക്കേജിംഗ്, ഇഞ്ചക്ഷൻ മോൾഡിംഗ് പ്രോസസ്സ്, ബ്ലോ ഫിലിം എക്സ്ട്രൂഷൻ പ്രോസസ്സ്, പ്ലാസ്റ്റിക് പ്രോസസ്സിംഗ്, മെഷിനറീസ് ഫോർ പാക്കേജിംഗ്, ബയോ പോളിമേഴ്സ് & ബയോ ഡീഗ്രേഡബിൾ പോളിമേഴ്സ് ഫോർ പാക്കേജിംഗ്, റീസൈക്കിളിംഗ് ആന്റ് വേസ്റ്റ് മാനേജ്മെന്റ് ഓഫ് പ്ലാസ്റ്റിക് പാക്കേജിംഗ് പ്രൊഡക്ട്സ് തുടങ്ങിയ വിഷയങ്ങളിലാണ് സെന്റർ ഫോർ ബയോ പോളിമർ & ടെക്നോളജിയിൽ നിന്നുള്ള വിദഗ്ദ്ധർ ക്ലാസ്സെടുത്തത്. വ്യവസായ സംരംഭങ്ങളുടെ പുരോഗതിക്ക് മുതൽക്കൂട്ടാകാൻ സഹായിക്കുന്ന ശില്പശാല പാക്കേജിംഗിൽ നൂതന സാങ്കേതിക വിദ്യകൾ കരസ്ഥമാക്കുവാനുള്ള സുവർണാവസരമായിരുന്നു.

ശില്പശാലയുടെ സമാപനയോഗത്തിൽ ജില്ലാ വ്യവസായകേന്ദ്രം ജനറൽ മാനേജർ ഇ. സലാഹുദ്ദീൻ വ്യവസായ സംരംഭകർക്ക് സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു. സെന്റർ ഫോർ ബയോ പോളിമർ സയൻസ് & ടെക്നോളജി ഡയറക്ടർ ഡോ. ടി. ഒ. വർഗീസ്, ജില്ലാ വ്യവസായകേന്ദ്രം മാനേജരും പ്രോഗ്രാം കോ-ഓർഡിനേറ്ററുമായ ടി. ടി. ലോഹിതാക്ഷൻ, സി. ബി. പി. എസ്. ടി. ട്രെയിനിംഗ് ഇൻ-ചാർജ് ഡോ. എസ്. അമാനുള്ള, സീനിയർ ലക്ചറർ കെ. എ. രാജേഷ് സംബന്ധിച്ചു,

# കുലശേഖരം മികച്ച പഞ്ചായത്ത്

സംസ്ഥാനതലത്തിൽ മികച്ച ഗ്രാമപഞ്ചായത്തുകളായി കൊല്ലം ജില്ലയിലെ കുലശേഖരപുരം ഒന്നാം സ്ഥാനവും കണ്ണൂർ ജില്ലയിലെ ചെമ്പിലോട് രണ്ടാം സ്ഥാനവും പാലക്കാട് ജില്ലയിലെ ശ്രീകൃഷ്ണപുരം മൂന്നാം സ്ഥാനവും നേടി. ജില്ലാ തലത്തിലുള്ള മികച്ച ഗ്രാമപഞ്ചായത്തുകൾ- തിരുവനന്തപുരം-മാണിക്കൽ, കൊല്ലം- കുലശേഖരപുരം, പത്തനംതിട്ട- തുമ്പമൺ, ആലപ്പുഴ- എടത്വ, കോട്ടയം- കരൂർ, മുത്തോലി, എറണാകുളം- പാമ്പാക്കുട, മണീട്, തൃശൂർ- പൂമംഗലം, വടക്കേക്കാട്, പാലക്കാട്- ശ്രീകൃഷ്ണപുരം, മലപ്പുറം- പൊൻമുണ്ടം, കോഴിക്കോട്- കായണ്ണ, അരിക്കുളം, വയനാട്- വൈത്തിരി, കണ്ണൂർ- ചെമ്പിലോട്, കാസർഗോഡ്- മടിക്കൈ.

സംസ്ഥാന തലത്തിലുള്ള മികച്ച ബ്ലോക്ക് പഞ്ചായത്തുകൾ- ഒന്നാം സ്ഥാനം: കാളികാവ്- മലപ്പുറം, രണ്ടാം സ്ഥാനം: ളാലം- കോട്ടയം, മൂന്നാം സ്ഥാനം: ഈരാറ്റുപേട്ട- കോട്ടയം, കൊട്ടാരക്കര- കൊല്ലം. മികച്ച ജില്ലാ പഞ്ചായത്തുകൾ- ഒന്നാം സ്ഥാനം: എറണാകുളം, രണ്ടാം സ്ഥാനം: മലപ്പുറം.

സംസ്ഥാന തലത്തിൽ ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ നേടിയ ജില്ല/ബ്ലോക്ക്/ഗ്രാമ പഞ്ചായത്തുകൾക്ക് 25 ലക്ഷം, 20 ലക്ഷം, 15 ലക്ഷം, എന്നീ ക്രമത്തിൽ പ്രത്യേക പദ്ധതി ധനസഹായവവും സ്വരാജ് ട്രോഫിയും സാക്ഷ്യപത്രവും ലഭിക്കും. ജില്ലാ തലത്തിൽ ഒന്നും രണ്ടും സ്ഥാനങ്ങൾ നേടിയ ഗ്രാമ പഞ്ചായത്തുകൾക്ക് പത്ത് ലക്ഷം, അഞ്ച് ലക്ഷം ക്രമത്തിൽ ധനസഹായവും സാക്ഷ്യപത്രവും സ്വരാജ് ട്രോഫിയും നൽകും.

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി നിർവഹണത്തിൽ മികവ് പുലർത്തിയ ഗ്രാമപഞ്ചായത്തുകൾക്കുള്ള മഹാത്മാ പുരസ്കാരത്തിന് ചുവടെ പറയുന്ന ഗ്രാമപഞ്ചായത്തുകളെ തിരഞ്ഞെടുത്തു. ഒന്നാം സ്ഥാനം- നീലം പേരൂർ, രണ്ടാം സ്ഥാനം- വയലാർ, മൂന്നാം സ്ഥാനം- ചേർത്തല സൗത്ത്, ജില്ലാ തലത്തിൽ ഒന്നും രണ്ടും സ്ഥാനം ലഭിച്ച പഞ്ചായത്തുകൾ തിരുവനന്തപുരം- കള്ളിക്കാട്, കടയ്ക്കാവൂർ. കൊല്ലം- മയ്യനാട്, കടയ്ക്കൽ, പത്തനംതിട്ട- കവിയൂർ, ഏറത്ത്, കോട്ടയം- കുറവിലങ്ങാട്, ഈരാറ്റുപേട്ട, ആലപ്പുഴ- ഭരണിക്കാവ്, താമരക്കുളം, എറണാകുളം- കടുങ്ങല്ലൂർ, നെടുമ്പാശ്ശേരി, ഇടുക്കി- ഇടമലക്കുടി, രാജാക്കാട്, തൃശൂർ- എങ്ങരിയൂർ, തളിക്കുളം, പാലക്കാട്- അകത്തേത്തറ, കടമ്പഴിപ്പുറം, മലപ്പുറം- തേഞ്ഞിപ്പലം, വള്ളിക്കുന്ന്, കോഴിക്കോട്- മാവൂർ, കൊടിയത്തൂർ, വയനാട്- മീനങ്ങാടി, ഇടവക, കണ്ണൂർ- പെരളശ്ശേരി, കൊളച്ചേരി, കാസർഗോഡ്- പനത്തടി, പുത്തിഗൈ.

# കൂത്തുപറമ്പിൽ ബോധവത്കരണ പരിപാടി

സൂക്ഷ്മ, ചെറുകിട, ഇടത്തരം വ്യവസായ മേഖലയിൽ സംരംഭങ്ങൾ തുടങ്ങാൻ താൽപര്യമുള്ളവർക്കായി കണ്ണൂർ ജില്ലാ വ്യവസായകേന്ദ്രം സംരംഭകത്വ ബോധവത്കരണ പരിപാടി സംഘടിപ്പിച്ചു. കൂത്തുപറമ്പ് നഗരസഭാ ടൗൺ ഹാളിൽ നഗരസഭാ ചെയർമാൻ എം. സുകുമാരൻ ഉദ്ഘാടനം ചെയ്തു. സംരംഭങ്ങൾ തുടങ്ങുന്നതുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ, വ്യവസായ വാണിജ്യ വകുപ്പ് മുഖേന ലഭ്യമാവുന്ന സേവനങ്ങൾ, ആനുകൂല്യങ്ങൾ, ബാങ്ക് വായ്പ നടപടിക്രമങ്ങൾ എന്നീ വിഷയങ്ങൾ സംബന്ധിച്ച് പ്രത്യേക ക്ലാസുകളും നടന്നു.



# മാർജിൻ മണി വായ്പ: ഒറ്റത്തവണ തീർപാക്കാം

വ്യവസായ വകുപ്പിൽ നിന്നും ചെറുകിട വ്യവസായ സ്ഥാപനങ്ങൾക്ക് അനുവദിച്ചിട്ടുള്ള മാർജിൻ മണി വായ്പയുടെ കുടിശിക തീർക്കുന്നതിന് ഒറ്റത്തവണ തീർപാക്കൽ പദ്ധതി അനുവദിച്ച് ഉത്തരവായി. ഫെബ്രുവരി 11 മുതൽ മൂന്ന് മാസത്തേയ്ക്കാണ് കാലാവധി. വായ്പ കരാറനുസരിച്ച് കാലാവധി കഴിഞ്ഞ വായ്പകൾക്കാണ് പദ്ധതി ബാധകമാക്കിയിട്ടുള്ളത്.

# നാപ്കിൻ നിർമാണ പരിശീലനം



പരിസ്ഥിതി സൗഹൃദ സാനിട്ടറി നാപ്കിൻ നിർമിക്കുന്നതു സംബന്ധിച്ച് തൃശൂർ ജില്ലാ വ്യവസായകേന്ദ്രവുമായി സഹകരിച്ച് കനിക വിമൻസ് ഫോറം ത്രിദിന പ്രത്യേക പരിശീലന പരിപാടി സംഘടിപ്പിച്ചു. തൃശൂർ ജില്ലാ വ്യവസായകേന്ദ്രം ജനറൽ മാനേജർ ഇ. സലാഹുദ്ദീൻ പരിശീലന പരിപാടി ഉദ്ഘാടനം ചെയ്തു. ഒരു ബിസിനസ് ആശയ രൂപീകരണം മുതൽ വിവിധ ഘട്ടങ്ങളിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ സംബന്ധിച്ച് അദ്ദേഹം വിശദമായി ക്ലാസ്സെടുത്തു.

ഡോ. രാജേശ്വരി കുഞ്ഞമ്മ, കനിക പ്രസിഡന്റ് വാസന്തി ഗോപാലൻ, ശോഭാ മുരളീധരൻ, നഗരസഭാ കൗൺസിലർമാരായ ജോൺ ഡാനിയൽ, സുബിൻ സാബു പങ്കെടുത്തു.

# അന്തിക്കാട് വ്യവസായ സെമിനാർ



തൃശൂർ ജില്ലാ വ്യവസായകേന്ദ്രവും അന്തിക്കാട് ബ്ലോക്ക് പഞ്ചായത്തും ചേർന്ന് ബ്ലോക്ക് പരിധിയിലെ വ്യവസായ സംരംഭകർക്കായി വ്യവസായ ബോധവത്കരണ ശില്പശാല നടത്തി. ബ്ലോക്ക് പഞ്ചായത്ത് ചെയർപേഴ്സൺ പി. സി. ശ്രീദേവി ശില്പശാല ഉദ്ഘാടനം ചെയ്തു. ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡന്റ് പി. ബി. ഹരിദാസ് അദ്ധ്യക്ഷനായിരുന്നു. വ്യവസായ വികസന ഓഫീസർ വി. ബി. ഉണ്ണികൃഷ്ണൻ, ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ കെ. എൽ. ജോസ്, ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ ഷീബ മനോഹരൻ, ബ്ലോക്ക് സെക്രട്ടറി ടി. ബി. അഭിജിത്ത് സംസാരിച്ചു. ശില്പശാലയിൽ 48 സംരംഭകർ സംബന്ധിച്ചു. ശില്പശാലയിൽ ധനകാര്യ സ്ഥാപനങ്ങളുടെ സേവനങ്ങൾ സംബന്ധിച്ച് കേരള ഗ്രാമീൺ ബാങ്ക് റിട്ടയേർഡ് മാനേജരായ ബാലചന്ദ്രൻ, വ്യവസായ വകുപ്പിലേയും ഇതര വകുപ്പുകളിലെയും പദ്ധതികളെ സംബന്ധിച്ച് ഒല്ലൂക്കര ബ്ലോക്ക് പഞ്ചായത്ത് വ്യവസായ വികസന ഓഫീസർ കെ. ബി. രാജൻ ക്ലാസ്സുകൾ നയിച്ചു. തൃശ്ശൂർ താലൂക്ക് അസിസ്റ്റന്റ് ജില്ലാ വ്യവസായ ഓഫീസർ വി. എം. മോളി, വ്യവസായ വികസന ഓഫീസർമാരായ ജാൻസി വർഗീസ്, മറിയാമ്മ ആന്റോ, കെ. പി. അജിത് കുമാർ സംബന്ധിച്ചു.

---




# 'ആദ്യ' ടെക്നോളജീസ്

കൊല്ലത്ത പരവൂർ മുൻസിപ്പാലിറ്റിയിൽ പി. എം. ഇ. ജി. പി. പദ്ധതിപ്രകാരം അജു സൈഗാളിന്റെ ഉടമസ്ഥതയിൽ ആരംഭിച്ച ആദ്യടെക്നോളജീസ് എന്ന ഡി. റ്റി. പി., ഫോട്ടോസ്റ്റാറ്റ് സ്ഥാപനത്തിന്റെ ഉദ്ഘാടനം പരവൂർ മുൻസിപ്പൽ ചെയർമാൻ കെ. പി. കുറുപ്പ് നിർവഹിച്ചു. യൂണിറ്റിന്റെ ഉടമ അജു സൈഗാൾ, കാനറാ ബാങ്ക് മാനേജർ, പരവൂർ മുൻസിപ്പിലാറ്റിയിലെ വ്യവസായ വികസന ഓഫീസർ സി. ബിജു സംബന്ധിച്ചു.

---

# കേരഫെഡിന് പത്ത് കോടി രൂപ

സർക്കാരിന്റെ പച്ചത്തേങ്ങ സംഭരണ പദ്ധതി തടസം കൂടാതെ തുടർന്ന് നടപ്പാക്കാൻ പത്ത് കോടി രൂപ കൂടി കേരഫെഡിന് അനുവദിക്കാൻ കൃഷി ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവായി. വിലസ്ഥിരതയ്ക്ക് വേണ്ടി വിപണി ഇടപെടൽ പദ്ധതി ശീർഷകത്തിലാണ് തുക അനുവദിക്കുന്നത്.

# കാസറഗോഡ് സംരംഭകത്വ പരിശീലനം




കാസർഗോഡ് ജില്ലാ വ്യവസായകേന്ദ്രം രണ്ടാഴ്ചക്കാലത്തെ സംരംഭകത്വ വികസന പരിശീലന പരിപാടി (ഇ. ഡി. പി.) സംഘടിപ്പിച്ചു. വിദ്യാനഗർ ചെറുകിട വ്യവസായ അസോസിയേഷൻ ഹാളിൽ കാസറഗോഡ് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് എ. ജി. സി. ബഷീർ പരിപാടി ഉദ്ഘാടനം ചെയ്തു. ജില്ലാ വ്യവസായകേന്ദ്രം മാനേജർ കെ. വി. നീലാംബരൻ അദ്ധ്യക്ഷത വഹിച്ചു.

''താങ്കൾക്കും ഒരു സംരംഭം തുടങ്ങി വിജയിപ്പിക്കാം'' എന്ന നവ സംരംഭകർക്കുള്ള മാർഗനിർദ്ദേശങ്ങൾ അടങ്ങിയ കൈപ്പുസ്തകത്തിന്റെ കന്നടഭാഷാ പതിപ്പ് കാസർഗോഡ് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കെ.എസ്.എസ്.ഐ.എ. ജില്ലാ സെക്രട്ടറിക്ക് നൽകി പ്രകാശനം ചെയ്തു. കാസർഗോഡ് ജില്ലാ വ്യവസായകേന്ദ്രം സീനിയർ കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർ എൻ. അശോക് ആണ് കന്നഭ ഭാഷയിലേയ്ക്ക് പരിഭാഷ ചെയ്തത്. കെ. എസ്. എസ്. ഐ.എ. കാസറഗോഡ് ജില്ലാ സെക്രട്ടറി കെ. ടി. സുഭാഷ് നാരായണൻ, കാസറഗോഡ് താലൂക്ക് അസിസ്റ്റന്റ് ഡിസ്ട്രിക്റ്റ് ഇൻഡസ്ട്രീസ് ഓഫീസർ ഉണ്ണികൃഷ്ണൻ. സി. പി., ഹോസ്ദുർഗ്ഗ് താലൂക്ക് അസിസ്റ്റന്റ് ഡിസ്ട്രിക്ട് ഇൻഡസ്ട്രീസ് ഓഫീസർ എൻ. പി. മറിയം, വ്യവസായ വികസന ഓഫീസർമാരായ പ്രണവൻ. വി. പി., കൃഷ്ണൻ നമ്പൂതിരി. ഡി, ബി പ്രശാന്ത്, ജെയിൻ. സി. ജെ, സീനിയർ കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർ എൻ. അശോക്, ബിജോഷ്. കെ. വി സംബന്ധിച്ചു.

തുടർന്നുള്ള ദിവസങ്ങളിൽ വ്യവസായവകുപ്പ് സംരംഭങ്ങൾക്ക് നൽകുന്ന സേവനങ്ങളും സഹായങ്ങളും സംബന്ധിച്ചും, വൈദ്യുതി വകുപ്പ്, തദ്ദേശ സ്വയം ഭരണ വകുപ്പ്, തൊഴിൽ നിയമങ്ങളും, ചട്ടങ്ങളും, സാമ്പത്തിക സ്ഥാപനങ്ങൾക്കുള്ള സ്ഥാനം, ടൗൺ പ്ലാനിംഗ് വകുപ്പ്, മാർക്കറ്റിംഗ് തന്ത്രം, വ്യക്തിത്വ വികസന ബുക്ക് കീപ്പിംഗ് & അക്കൗണ്ടൻസി, പ്രോജക്ട് റിപ്പോർട്ട് എന്നിവ സംബന്ധിച്ച് അതത് മേഖലകളിലെ വിദഗ്ദ്ധരും, ഉദ്യോഗസ്ഥരും വിശദമായ ക്ലാസ്സുകൾ നയിച്ചു.

ഇതോടൊപ്പം മാർക്കറ്റ് സർവെയും സംഘടിപ്പിച്ചു. ഇത് ഒരു നല്ല മാർഗരേഖയായി പരിശീലനാർത്ഥികൾ സാക്ഷ്യപ്പെടുത്തി വിദ്യാനഗർ സിഡ്കോ വ്യവസായ എസ്റ്റേറ്റിലെയും സമീപ പ്രദേശങ്ങളിലെയും വ്യത്യസ്ത സംരംഭങ്ങൾ സന്ദർശിച്ചു. സീതാംഗോളി കിൻഫ്ര വ്യവസായ പാർക്കിൽ നല്ല രീതിയിൽ പ്രവർത്തിച്ചുവരുന്ന വിവിധ സംരംഭങ്ങളുടെ പ്രവർത്തനങ്ങൾ നേരിട്ടുകാണാനുള്ള അവസരമൊരുക്കി. പി. എം. ഇ. ജി. പി. പദ്ധതിയിൽ ആരംഭിച്ച് നല്ല രീതിയിൽ പ്രവർത്തിച്ചു വരുന്ന അമൃത കല്പ ആയുർവേദിക് ഇൻഡസ്ട്രീസ് രാംദാസ് നഗർ, ഭൗമസൂചിക പദവി കരസ്ഥമാക്കിയ കാസർഗോഡ് സാരീസ് ഉല്പാദിപ്പിക്കുന്ന കാസർഗോഡ് നെയ്ത്ത് സഹകരണ സംഘം ലിമിറ്റഡ് ഉദയഗിരി എന്നീ സ്ഥാപനങ്ങളും സന്ദർശിച്ചിരുന്നു.




ചെറിയ നിലയിൽ ആരംഭിച്ച് മൂന്ന് സ്ഥലങ്ങളിൽ ശാഖകളോടു കൂടി നല്ല നിലയിൽ പ്രവർത്തിച്ചു വരുന്ന നിയാ ബാഗ് ഇൻഡസ്ട്രീസ് മുന്നാട് എന്ന സ്ഥാപനത്തിന്റെ വിജയഗാഥ മാർക്കറ്റിംഗ് മാനേജർ വിജയൻ. പി. മുന്നാട് അവതരിപ്പിച്ചു. അതുപോലെ മുഹമ്മദ് കുഞ്ഞി കാസർഗോഡ് 2010 ൽ തൊഴിൽ രഹിത യുവാക്കൾക്കായുള്ള സ്വയം തൊഴിൽ പദ്ധതിയിലൂടെ ആരംഭിച്ച അൽമ സാനിഹ് എന്റർപ്രൈസസ് അണങ്കൂർ എന്ന പേപ്പർ ഗ്ലാസ്/കപ്പ് നിർമാണ യൂണിറ്റിന്റെ വളർച്ച സംബന്ധിച്ച് ഇന്ററാക്ഷൻ വിത്ത് സക്സസ്ഫുൾ എൻട്രപ്രണുവേഴ്സും ഉൾപെടുത്തിയിരുന്നു.

പരിശീലനാർത്ഥികളായ ബി. എം. പ്രദീപ്, സിന്ധു മനോരാജ്, മൊഹമ്മദ് അഷറഫ്, വൈശാഖ്, പ്രസീത എന്നിവർ പരിശീലന പരിപാടിയിലൂടെ ലഭിച്ച പ്രചോദനങ്ങൾ ഉൾകൊണ്ട് പുതിയ വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള തീരുമാനം അറിയിച്ചു. ആകെ 41 സംരംഭകരാണ് വിജയകരമായി പരിശീലനം പൂർത്തിയാക്കിയത്. അവർക്കുള്ള സർട്ടിഫിക്കറ്റുകൾ കാസർഗോഡ് നഗരസഭാ വനിതാ ഹാളിൽ നടത്തിയ നിക്ഷേപക സംഗമത്തിൽ നഗരസഭ വൈസ് ചെയർമാൻ എൽ. എ. മഹമ്മൂദ് ഹാജി വിതരണം ചെയ്തു.

# അന്തിക്കാട് ഐ. ടി. ഐ. യിൽ ഇ. ഡി. ക്ലബ്ബ്



തൃശ്ശൂർ അന്തിക്കാട് ബ്ലോക്കിലെ ഗവൺമെന്റ് ഐ. ടി. ഐ. ചേർപ്പിൽ രൂപീകരിച്ച ഇ. ഡി. ക്ലബ്ബ് കാനിഷ് ഗ്രൂപ്പ് സ്ഥാപനങ്ങളുടെ ഉടമ സ്ഥൻ കെ. ആർ. ബ്രിജേഷ് ഉദ്ഘാടനം ചെയ്തു. ഐ. ടി. ഐ. പ്രിൻസിപ്പൽ കെ. വി. ജലജകുമാരി ആദ്ധ്യക്ഷ്യം വഹിച്ചു. അന്തിക്കാട് ബ്ലോക്ക് വ്യവസായ വികസന ഓഫീസർ വി. ബി. ഉണ്ണികൃഷ്ണൻ ഇ. ഡി. ക്ലബ്ബിന്റെ പ്രാധാന്യത്തെക്കുറിച്ച് സംസാരിച്ചു. ഇ. ഡി. ക്ലബ്ബ് കോ-ഓർഡി നേറ്റർ പി. എച്ച്. രഹ്ന, സീനിയർ ഇൻസ്ട്ര ക്ടർ എൻ. വി. മീന, ക്ലബ്ബ് ലീഡർ ജിതിൻ ജോഷി. പി പങ്കെടുത്തു.

# ബ്ലോക്ക് തല സംരംഭകത്വ ബോധവത്കരണം

സൂക്ഷ്മ, ചെറുകിട, ഇടത്തര വ്യവസായ മേഖലയിൽ സംരംഭങ്ങൾ തുടങ്ങാൻ താൽപര്യമുള്ളവർക്കായി കണ്ണൂർ ജില്ലാ വ്യവസായകേന്ദ്രം ബ്ലോക്ക് തല സംരംഭകത്വ ബോധവത്കരണ പരിപാടി സംഘടിപ്പിച്ചു.

കൂത്തുപറമ്പ് ബ്ലോക്ക് പഞ്ചായത്ത് ഹാളിൽ നടന്ന പരിപാടി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് എ. അശോകൻ ഉദ്ഘാടനം ചെയ്തു. സംരംഭങ്ങൾ തുടങ്ങുന്നതുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ, വ്യവസായ വാണിജ്യ വകുപ്പ് മുഖേന ലഭ്യമാവുന്ന സേവനങ്ങൾ, ആനുകൂല്യങ്ങൾ, ബാങ്ക് വായ്പ നടപടിക്രമങ്ങൾ എന്നീ വിഷയങ്ങൾ സംബന്ധിച്ച് പ്രത്യേക ക്ലാസുകളും നടന്നു.



# കുട്ടികൾക്കും ആധാർ വേണം

സംസ്ഥാനത്തെ ആറ് വയസു വരെ പ്രായമുള്ള എല്ലാ കുട്ടികൾക്കും ആധാർ രജിസ്ട്രേഷൻ നടത്തുന്നതിന്റെ ഭാഗമായി രക്ഷകർത്താക്കൾ കുട്ടികളെ അടുത്തുള്ള അക്ഷയകേന്ദ്രത്തിലോ അങ്കണവാടി പ്രവർത്തകരുമായി ബന്ധപ്പെട്ടോ മാർച്ച് 31 ന് മുമ്പ് രജിസ്ട്രേഷൻ നടത്തണം. കുട്ടികളുടെ ആധാർ രജിസ്ട്രേഷന് അക്ഷയകേന്ദ്രത്തിലോ മറ്റ് ഏജൻസികൾക്കോ ഫീസ് നൽകേണ്ട തില്ല. കേന്ദ്ര വനിതാ ശിശു വികസന മന്ത്രാലയത്തിന്റെ നിർദ്ദേശ പ്രകാരമാണ് ആധാർ എന്റോൾമെന്റ് നടത്തുന്നത്. കൂടുതൽ വിവരം അടുത്തുള്ള അങ്കണവാടി കേന്ദ്രങ്ങളിൽ ലഭിക്കും.

# ചിറയിൻകീഴിൽ നിക്ഷേപക സംഗമം




വ്യവസായ സംരംഭകർക്കായി ചിറയിൻകീഴ് താലൂക്കിൽ നടത്തിയ നിക്ഷേപക സംഗമം ആറ്റിങ്ങൽ മുൻസിപ്പൽ ലൈബ്രറി ഹാളിൽ നഗരസഭാ ചെയർമാൻ എം. പ്രദീപ് ഉദ്ഘാടനം ചെയ്തു. ജില്ലാ വ്യവസായകേന്ദ്രം മാനേജർ സി. ജയകുമാരൻ നായർ മുഖ്യപ്രഭാഷണം നടത്തി.

ഉപജില്ലാ വ്യവസായ ഓഫീസർ വി. എസ്. ഷരത്, വ്യവസായ വികസന ഓഫീസർമാരായ എസ്. അജിതൻ, ഹാരീസ്, മീനാ കുമാരി. എ, ത്രേസ്യാ വിൽമ. എം പങ്കെടുത്തു. തുടർന്ന് സംരംഭകർക്കായി അവബോധനക്ലാസ്സുകളും സംശയ നിവാരണ ചർച്ചകളും നടത്തുകയുണ്ടായി. 142 സംരംഭകർ സംഗമത്തിൽ പങ്കെടുത്തു. മോഹൻകുമാർ. എം. എസ്, വി. രാജേന്ദ്രൻ നായർ എന്നിവർ ക്ലാസ്സുകൾ നയിച്ചു.

---

# റബ്ബർ കർഷകർക്ക് ഫീസില്ല

കർഷകരെ സഹായിക്കുന്നതിനായി റബ്ബറിന് 150 രൂപ താങ്ങുവില നിശ്ചയിച്ച് സംസ്ഥാന സർക്കാർ നടപ്പാക്കി വരുന്ന റബ്ബർ ഉത്പാദന പ്രോത്സാഹന പദ്ധതിയിൽ കർഷകരുടെ രജിസ്ട്രേഷൻ നടത്തുന്നതിനും സെയിൽസ് ബില്ലുകൾ അപ്‌ലോഡ് ചെയ്യുന്നതിനും യാതൊരുവിധ ഫീസും റബ്ബർ ഉൽപാദക സംഘങ്ങൾക്ക് നൽകേണ്ടതില്ലായെന്ന് ധനവകുപ്പ് അറിയിച്ചു. ഇതിനുള്ള ചെലവ് സർക്കാരാണ് വഹിക്കുന്നത്. കർഷകരിൽ നിന്നും ഈ ഇനത്തിൽ ചില റബ്ബർ ഉല്പാദക സംഘങ്ങൾ ഫീസ് ഈടാക്കുന്നതായി ശ്രദ്ധയിൽപ്പെട്ട സാഹചര്യത്തിലാണ് ഈ അറിയിപ്പ്.

---

# കാസ്ട്രോ ഡിജിറ്റൽസിന് തുടക്കമായി



പി. എം. ഇ. ജി. പി. പദ്ധതിയിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ, കൊട്ടാരക്കര ശാഖയിൽ നിന്നും കൊല്ലം ജില്ലാ വ്യവസായകേന്ദ്രം മുഖേന വായ്പ ലഭ്യമാക്കി ആരംഭിച്ച കാസ്ട്രോ ഡിജിറ്റൽസ്, അവണൂർ, കൊട്ടാരക്കര എന്ന സ്ഥാപനം നെടുവത്തൂർ ഗ്രാമപഞ്ചായത്ത് മുൻ പ്രസിഡന്റ് പി. തുളസീധരൻ ഉദ്ഘാടനം ചെയ്തു. ഫോട്ടോഗ്രാഫിയിൽ വിദഗ്ദ്ധ പരിശീലനം നേടിയിട്ടുള്ള എസ്. രാജേഷ് ആണ് സ്ഥാപനത്തിന്റെ ഉടമ. ഡിജിറ്റൽ വീഡിയോ റെക്കാർഡിംഗ്, ഡിജിറ്റൽ ആൽബം മറ്റ് ഫോട്ടോഗ്രാഫി സേവനങ്ങൾ ഇവിടെ ലഭ്യമാണ്. പാനസോണിക്, നിക്കോൺ മുതലായ ബ്രാന്റുകളുടെ ഏറ്റവും ആധുനികമായ ക്യാമറകളാണ് ഇവിടെ ഉപയോഗിക്കുന്നത്.

# ഫാഷൻ ഡിസൈനിങ് പരിശീലനം



ആലപ്പുഴ ജില്ലാ വ്യവസായകേന്ദ്രത്തിന്റെ നേതൃത്വത്തിൽ ഫാഷൻ ഡിസൈനിങ് പരിശീലന പരിപാടി ആരംഭിച്ചു. പ്രമുഖ പിന്നണി ഗായികയും ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റുമായ ദലീമ ജോജോ ഉദ്ഘാടനം നിർവഹിച്ചു. ജില്ലാ വ്യവസായകേന്ദ്രം ജനറൽ മാനേജർ പി. സി. ശാന്ത അദ്ധ്യക്ഷയായി. മാനേജർ പി. മുഹമ്മദ് കുഞ്ഞ്, അസിസ്റ്റന്റ് ഡയറക്ടർ ടി. എസ്. ചന്ദ്രൻ, വ്യവസായ ഓഫീസർമാരായ എസ്. എസ്. ശ്രീകുമാർ, എൽ. അനിൽകുമാർ, പി. എ. രാജു, ചെറുകിട വ്യവസായ അസോസിയേഷൻ സെക്രട്ടറി കെ. ഹരിലാൽ, പരിശീലനകേന്ദ്രം ഡയറക്ടർ നദിയ ബോബി, സെന്റ് ജോസഫ് കോളേജ് ഹോം സയൻസ് വിഭാഗം ഹെഡ് അഞ്ചു നീലിയറ ഉദ്ഘാടനസമ്മേളനത്തിൽ പങ്കെടുത്തു.




തിരഞ്ഞെടുത്ത സ്ത്രീ സംരംഭകർക്ക് 20 ദിവസമാണ് പരിശീലനം. വിജയകരമായി പൂർത്തിയാക്കുന്നവർക്ക് സ്വന്തം നിലയിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ആവശ്യമായ സാങ്കേതിക സാമ്പത്തിക സൗകര്യങ്ങൾ ഒരുക്കിക്കൊടുക്കും.

---

# കൊല്ലത്ത് നിക്ഷേപക സംഗമം

കൊല്ലം താലൂക്ക് പരിധിയിൽ പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നവർക്കായി ജില്ലാ വ്യവസായകേന്ദ്രം ജില്ലാ ചെറുകിട വ്യവസായ അസോസിയേഷൻ ഹാളിൽ നിക്ഷേപക സംഗമം സംഘടിപ്പിച്ചു. കൊല്ലം താലൂക്ക് പരിധിയിൽ സംഘടിപ്പിച്ച വിവിധ ബോധവത്കരണ പരിപാടികളിലൂടെ കണ്ടെത്തിയ സംരംഭകർക്ക് ആവശ്യമായ മാർഗ നിർദ്ദേശങ്ങൾ നൽകുന്നതിന്റെ ഭാഗമായാണ് രണ്ടാം ഘട്ട വ്യവസായ നിക്ഷേപക സംഗമം സംഘടിപ്പിച്ചത്. വിവിധ മേഖലകളിൽ സംരംഭങ്ങൾ ആരംഭിക്കുന്ന 71 പേർ രണ്ടാം ഘട്ട നിക്ഷേപക സംഗമത്തിൽ പങ്കെടുത്തു.

കൊല്ലം കോർപറേഷൻ മേയർ അഡ്വ. വി. രാജേന്ദ്രബാബു രണ്ടാം ഘട്ട നിക്ഷേപക സംഗമം ഉദ്ഘാടനം ചെയ്തു. ജില്ലാ വ്യവസായകേന്ദ്രം ജനറൽ മാനേജർ ഹെലൻ ജെറോം അദ്ധ്യക്ഷയായിരുന്നു. ജില്ലാ വ്യവസായകേന്ദ്രം മാനേജർ പി. രാധാകൃഷ്ണൻ മുഖ്യപ്രഭാഷണം നടത്തി. ജില്ലാ ചെറുകിട വ്യവസായ അസോസിയേഷൻ ജില്ലാ പ്രസിഡന്റ് എ. നിസ്സാറുദ്ദീൻ, ജില്ലാ വ്യവസായകേന്ദ്രം മാനേജർമാരായ ബിജു കുര്യൻ, അബ്ദുൾ സലാം, എ. ഡി. ഐ. ഒ. റ്റി. എം. ആന്റണി, താലൂക്ക് വ്യവസായ ഓഫീസർ കെ. വസന്തൻ, വ്യവസായ വികസന ഓഫീസർമാരായ ജോൺ മാത്യു, സി. ബിജു പങ്കെടുത്തു. നിക്ഷേപക തൊഴിൽ നിയമങ്ങൾ അനുബന്ധ നിയമങ്ങളെപ്പറ്റി ലേബർ വകുപ്പിലെ ഉദ്യോഗസ്ഥരും വ്യവസായ ആവശ്യത്തിനായി കെട്ടിടങ്ങൾ നിർമിക്കുമ്പോൾ പാലിക്കേണ്ട നിയമങ്ങളെക്കുറിച്ച് ഫയർഫോഴ്സ് ഉദ്യോഗസ്ഥരും ക്ലാസ്സുകൾക്ക് നേതൃത്വം നൽകി.



# പ്ലാസ്റ്റിക് പ്രോസസ്സിങ് & റീസൈക്ലിങ് ടെക്നോളജി പരിശീലനം



കോട്ടയം ജില്ലാ വ്യവസായകേന്ദ്രവും സി. എഫ്. എസ്. സി. ചങ്ങനാശ്ശേരിയും ചേർന്ന് ചങ്ങനാശ്ശേരി സി. എഫ്. എസ്. സി യിൽ വെച്ച് സ്കിൽ ഡവലപ്മെന്റ് സ്കീം ഫോർ എൻട്രപ്രണർഷിപ്പ് എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി പ്ലാസ്റ്റിക് പ്രോസസ്സിങ് & റീസൈക്ലിങ് ടെക്നോളജിയിൽ 20 ദിന പരിശീലന പരിപാടി സംഘടിപ്പിച്ചു. 25 നവ സംരംഭകർക്കായി സംഘടിപ്പിച്ച പരിപാടിയിലേയ്ക്ക് യോഗ്യരായ പരിശീലനാർത്ഥികളെ ജില്ലാ വ്യവസായകേന്ദ്രം അഭിമുഖത്തിലൂടെയാണ് തിരഞ്ഞെടുത്തത്.

ജില്ലാ വ്യവസായകേന്ദ്രം ജനറൽ മാനേജർ റ്റി. ഷാജി പരിശീലനം ഉദ്ഘാടനം ചെയ്തു. സി. എഫ്. എസ്. സി. ഡെപ്യൂട്ടി ഡയറക്ടർ നജീബ്. പി. എ, ജോസഫ് സാൻഡർ (ജനറൽ സെക്രട്ടറി, കേരള പ്ലാസ്റ്റിക് മാനുഫാക്ചേഴ്സ് അസോസിയേഷൻ), കെ. ജെ ലൂയിസ് (പ്രസിഡന്റ്, റബ്ബർ ആന്റ് പ്ലാസ്റ്റിക് സ്മാൾ ഇൻഡസ്ട്രീസ് അസോസിയേഷൻ, ചങ്ങനാശ്ശേരി), റ്റി. ബി. രമണൻ (മാനേജർ, ജില്ലാ വ്യവസായ കേന്ദ്രം), സി. എഫ്. എസ്. സി. അസിസ്റ്റന്റ് ഡയറക്ടർമാരായ റ്റി. എൻ. ശ്രീധരൻ, പ്രശാന്ത്. കെ. അർജ്ജുനൻ പിള്ള. ആർ പങ്കെടുത്തു.

പ്ലാസ്റ്റിക് മേഖലയിലെ വിദഗ്ദ്ധരുടെ നിർദ്ദേശങ്ങൾക്കനുസരിച്ച് തയ്യാറാക്കിയ സിലബസ് പ്രകാരം തിയറി, പ്രാക്ടിക്കൽ ക്ലാസ്സുകൾക്ക് തുല്യ പ്രാധാന്യം നൽകിയാണ് ക്ലാസ്സുകൾ സംഘടിപ്പിച്ചത്. പ്ലാസ്റ്റിക് സംബന്ധിച്ച അടിസ്ഥാന പാഠങ്ങൾ, പ്ലാസ്റ്റിക് മെറ്റീരിയലുകളുടെ പരിചയപ്പെടുത്തൽ, പ്ലാസ്റ്റിക് പ്രോസസ്സിങ്, പ്ലാസ്റ്റിക് ഉത്പന്നങ്ങൾ നിർമിക്കുന്നതിനുള്ള വിവിധതരം രീതികൾ, പ്ലാസ്റ്റിക് റീസൈക്ലിങ്, പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് എന്നിവയും സംരംഭം തുടങ്ങുന്നതിനും നടത്തിപ്പിനും ആവശ്യമായ കാര്യങ്ങൾ, പ്ലാസ്റ്റിക് ഉത്പന്നങ്ങൾ നിർമിക്കുന്ന ഫാക്ടറികളുടെ സന്ദർശനം എന്നിവ ഉൾകൊള്ളിച്ചു കൊണ്ടുള്ള സിലബസിനെ അടിസ്ഥാനമാക്കിയാണ് ക്ലാസ്സുകൾ ക്രമീകരിച്ചത്.

പ്ലാസ്റ്റിക് പ്രോസസിങുമായി ബന്ധപ്പെട്ട ക്ലാസ്സുകൾ സി. എഫ്. എസ്. സി. അസിസ്റ്റന്റ് ഡയറക്ടർ (പ്ലാസ്റ്റിക്) പ്രശാന്ത്. കെ. കൈകാര്യം ചെയ്തു. ഒരു സംരംഭം ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് ഫിനാൻഷ്യൽ സ്ഥാപനങ്ങൾ, പൊല്യൂഷൻ കൺട്രോൾ ബോർഡ്, ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ്, വാണിജ്യ നികുതി വകുപ്പ്, കെ. എസ്. ഇ. ബി., വ്യവസായ വാണിജ്യ വകുപ്പ് എന്നിവിടങ്ങളിൽ നിന്ന് ലഭിക്കേണ്ട അനുമതികൾ, ഈ സ്ഥാപനങ്ങളിൽ നിന്നും ലഭ്യമാകുന്ന സേവനങ്ങൾ മുതലായവ സംബന്ധിച്ച് അതത് മേഖലകളിലെ പ്രഗത്ഭരുടെ ക്ലാസ്സുകൾ ഉൾകൊള്ളിച്ചിരുന്നു. മോട്ടിവേഷൻ, ടൈം മാനേജ്മെന്റ് എന്നിവയുടെ ക്ലാസ്സുകളും ഉൾപ്പെടുത്തിയിരുന്നു.



ഉൽപന്ന നിർമാണവുമായി ബന്ധപ്പെട്ട പ്രായോഗിക പരിശീലനത്തിന് സെന്ററിൽ ലഭ്യമായ സൗകര്യങ്ങൾ പ്രയോജനപ്പെടുത്തി വലിയ വ്യവസായങ്ങൾ മനസ്സിലാക്കുന്നതിന് ഈ രംഗത്തെ പ്രമുഖ സ്ഥാപനങ്ങളായ ആലുവ പ്ലാസ്റ്റിക് കൺസോർഷ്യം, കേളചന്ദ്ര പൈപ്പ് ഇൻഡസ്ട്രീസ്, കിൻഫ്ര പാർക്ക്, മൂവാറ്റുപുഴ, ഐ. ഡി. പ്ലോട്ട് & കിൻഫ്ര പാർക്ക്, കുന്നന്താനം, റ്റോംസ് പൈപ്സ് പ്രൈവറ്റ് ലിമിറ്റഡ്, ചങ്ങനാശ്ശേരി എന്നിവ പരിശീലനാർത്ഥികൾ സന്ദർശിച്ചു.

സമാപന സമ്മേളനവും ജില്ലാ വ്യവസായകേന്ദ്രം ജനറൽ മാനേജർ റ്റി. ഷാജി ഉദ്ഘാടനം ചെയ്തു. അസിസ്റ്റന്റ് ഡയറക്ടർ (പ്ലാസ്റ്റിക്) പ്രശാന്ത്. കെ ട്രെയിനിംഗ് റിപ്പോർട്ട് അവതരിപ്പിച്ചു. റ്റി. ബി രമണൻ (മാനേജർ): ജില്ലാ വ്യവസായകേന്ദ്രം, കെ. ജെ ലൂയിസ് (പ്രസിഡന്റ് ആർ. പി. എസ്. ഐ. എ, ചങ്ങനാശ്ശേരി) ടിറ്റൻ തോമസ്, (മാനേജിംഗ് ഡയറക്ടർ, കേളചന്ദ്ര പൈപ്പ് ഇൻഡസ്ട്രീസ്, ചിങ്ങവന), ടോമി. സി. വാടയിൽ, (മാനേജിംഗ് ഡയറക്ടർ, റ്റോംസ് പൈപ്സ്) പങ്കെടുത്തു. ട്രെയിനിംഗ് വിജയകരമായി പൂർത്തിയാക്കിയവർക്കുള്ള സർട്ടിഫിക്കറ്റ് വിതരണവും മികച്ച പരിശീലനാർത്ഥികൾക്കുള്ള അവാർഡ് വിതരണവും കെ. ജെ ലൂയിസ്, ടിറ്റൻ തോമസ്, ടോമി സി. വാടയിൽ എന്നിവർ ചേർന്ന് നിർവഹിച്ചു. പരിശീലനാർത്ഥികൾ ട്രെയിനിങ് അനുഭവങ്ങൾ വിശദീകരിച്ചു.

## ഫോബ്സ് പട്ടികയിൽ എട്ട് മലയാളികൾ










ഫോബ്സ് മാഗസീൻ തയ്യാറാക്കിയ ലോകത്തെ അതിസമ്പന്നരുടെ പട്ടികയിൽ ഇത്തവണ എട്ട് മലയാളികൾ ഇടം നേടി. ആഗോളതലത്തിൽ ആദ്യ 500 പേരുടെ ലിസ്റ്റിൽ 420 കോടി രൂപയുടെ ആസ്തിയുമായി ലുലു ഗ്രൂപ്പ് ചെയർമാൻ എം. എ. യൂസഫലിയുണ്ട്. ആഗോള തലത്തിൽ 358-ാം സ്ഥാനത്തുള്ള അദ്ദേഹം ഇന്ത്യൻ സമ്പന്നരുടെ പട്ടികയിൽ 13-ാമനാണ്.

ആർ. പി. ഗ്രൂപ്പ് ചെയർമാൻ രവി പിള്ള, ആസാദ് മൂപ്പൻ, ടി. എസ്. കല്യാണരാമൻ, ജോയ് ആലുക്കാസ്, സണ്ണി വർക്കി, ക്രിസ് ഗോപാലകൃഷ്ണൻ, ഷിബുലാൽ എന്നിവരാണ് പട്ടികയിൽ ഉൾപ്പെട്ട മറ്റ് മലയാളികൾ. 7500 കോടി ഡോളറിന്റെ ആസ്തിയുമായി ലോകത്ത് ഒന്നാമനായത് ബിൽ ഗേറ്റ്സാണ്. ഇന്ത്യക്കാരിൽ ഒന്നാമൻ 1930 കോടി ഡോളറിന്റെ ആസ്തിയുള്ള റിലയൻസ് ഇൻഡസ്ട്രീസ് ചെയർമാൻ മുകേഷ് അംബാനിയും.

## ലോക കോടീശ്വരന്മാരിൽ ഇന്ത്യ മൂന്നാമത്

ലോകത്തെ ശതകോടീശ്വരന്മാരുടെ പട്ടികയിൽ ഇന്ത്യ മൂന്നാം സ്ഥാനത്തെത്തി. ഇത്തവണ ഇന്ത്യയിൽ നിന്ന് 111 പേരാണ് പട്ടികയിലുള്ളത്. കഴിഞ്ഞ വർഷം ഇന്ത്യക്കാരുടെ എണ്ണം 97 ആയിരുന്നു. 568 കോടീശ്വരന്മാരുമായി ചൈനയാണ് ഒന്നാം സ്ഥാനം നേടിയത്. 565 പേരുമായി അമേരിക്ക രണ്ടാം സ്ഥാനത്തെത്തി. ബ്രിട്ടനെയും റഷ്യയെയും പിന്നിലാക്കിയാണ് ഇന്ത്യ ഇത്തവണ മൂന്നാം സ്ഥാനത്തെത്തിയത്.

ചൈനയിലെ ഷാങ്ഹായ് ആസ്ഥാനമായുള്ള ഹാറൂൺ മാസികയാണ് കോടീശ്വരന്മാരുടെ പട്ടിക തയ്യാറാക്കിയത്. റിലയൻസ് ഇൻഡസ്ട്രീസ് മേധാവി മുകേഷ് അംബാനിയാണ് ഇന്ത്യൻ കോടീശ്വരന്മാരുടെ കൂട്ടത്തിൽ ഒന്നാമൻ. 26,000 കോടി ഡോളറാണ് അദ്ദേഹത്തിന്റെ ആസ്തി.

ഇന്ത്യയിലെ 111 കോടീശ്വരന്മാരിൽ 22 പേരും ഉല്പാദന മേഖലയിൽ നിന്നുള്ളവരാണ്. ഔഷധ നിർമാണ രംഗത്തു നിന്ന് 20 പേരും സാങ്കേതിക വിദ്യയുമായി ബന്ധപ്പെട്ട് 15 പേരും പട്ടികയിലുൾപ്പെട്ടു. ഇതിൽ ഭൂരിപക്ഷം പേരുടെയും പ്രവർത്തനകേന്ദ്രം മുംബൈയാണ്.





## വിനോദ്റായി ബി. ബി. ബി ചെയർമാൻ

ബാങ്ക്സ് ബോർഡ് ബ്യൂറോയുടെ (ബി. ബി. ബി) ആദ്യചെയർമാനായി മുൻ കൺട്രോളർ ആന്റ് ഓഡിറ്റർ ജനറൽ വിനോദ് റായിയെ നിയമിച്ചു. കിട്ടാക്കടം ഉൾപ്പെടെയുള്ള പ്രതിസന്ധികൾ പരിഹരിച്ച് പൊതുമേഖലാ ബാങ്കുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നത് സംബന്ധിച്ച് സർക്കാരിന് ശുപാർശകൾ നൽകുകയാണ് ബി. ബി. ബിയുടെ ദൗത്യം.

ഐ. സി. ഐ. സി. ഐ. ബാങ്കിന്റെ മുൻ ജോയിന്റ് മാനേജിങ് ഡയറക്ടർ എച്ച്. എൻ. സിനോർ, ബാങ്ക് ഓഫ് ബറോഡ മുൻ സി. എം. ഡി. അനിൽ. കെ. ഖൺദേൽവാൽ, റേറ്റിങ് ഏജൻസിയായ ക്രിസിലിന്റെ മുൻ മേധാവി രൂപ കുദ്വ എന്നിവർ ബ്യൂറോയിൽ അംഗങ്ങളാണ്.

പൊതുമേഖലാ ബാങ്ക് ഡയറക്ടർമാരുടെ നിയമന കാര്യത്തിലും ബി. ബി. ബി. കേന്ദ്രസർക്കാരിന് ഉപദേശം നൽകും. രാജ്യത്തെ 22 പൊതുമേഖലാ ബാങ്കുകളുടെ പ്രവർത്തനം ഇനി ബി. ബി. ബി യുടെ നിയന്ത്രണത്തിലാവും.

നിങ്ങളുടെ ഉല്പന്നങ്ങളും
സേവനങ്ങളും യഥാർത്ഥ
ആവശ്യക്കാർക്കിടയിൽ

## കുറഞ്ഞ ചെലവിൽ
## പരസ്യപ്പെടുത്താൻ

ഏറ്റവും യോജിച്ച മാസിക

# വ്യവസായ കേരളം




### പരസ്യ നിരക്ക്

| | കളർ | ബ്ലാക് & വൈറ്റ് |
|---|---|---|
| ബാക്ക് കവർ | 15,000 രൂപ | |
| ഫ്രണ്ട് കവർ ഇൻസൈഡ് | 10,000 രൂപ | |
| ബാക്ക് കവർ ഇൻസൈഡ് | 9,000 രൂപ | |
| ഇൻസൈഡ് ഫുൾപേജ് | 8,000 രൂപ | 5,000 രൂപ |
| ഇൻസൈഡ് ഹാഫ്പേജ് | 4,000 രൂപ | 2,500 രൂപ |
| ഇൻസൈഡ് ക്വാർട്ടർപേജ് | 2,500 രൂപ | 1,500 രൂപ |

### പംക്തികൾ

പടവുകൾ
യുവബിസ്
നികുതി ജാലകം
കൃഷിയും വ്യവസായവും
മാർകറ്റ് സ്കാൻ
ടെക്നോ ട്രെന്റ്സ്
സക്സസ് സ്റ്റോറികൾ

വ്യവസായകേരളം, ഡോക്യുമെന്റേഷൻ സെന്റർ, ഡി.ഐ.സി. ബിൽഡിങ്, വെള്ളയമ്പലം, തിരുവനന്തപുരം - 695 033
ഫോൺ: 0471 2322789, ഇമെയിൽ- vyavasayakeralam@gmail.com, വെബ്സൈറ്റ്- www.keralaindustry.org

Regn.No.KL/TV(N)/183/2016-2018
Volume 48 Issue 10
March 2016

# Vyavasaya Keralam
MONTHLY

₹ 30
R.N.I 29441/77
Date of publication-2nd March 2016




## പരസ്യനിരക്ക്

| | കളർ | ബ്ലാക് & വൈറ്റ് |
|---|---|---|
| ബാക്ക് കവർ | 15,000 രൂപ | |
| ഫ്രണ്ട് കവർ ഇൻസൈഡ് | 10,000 രൂപ | |
| ബാക്ക് കവർ ഇൻസൈഡ് | 9,000 രൂപ | |
| ഇൻസൈഡ് ഫുൾപേജ് | 8,000 രൂപ | 5,000 രൂപ |
| ഇൻസൈഡ് ഹാഫ്പേജ് | 4,000 രൂപ | 2,500 രൂപ |
| ഇൻസൈഡ് ക്വാർട്ടർപേജ് | 2,500 രൂപ | 1,500 രൂപ |



"K-Bip, Vyavasayakeralam" എന്ന പേരിൽ തിരുവനന്തപുരത്ത് മാറാവുന്ന ഡി.ഡി/ചെക്ക് ആയി പരസ്യത്തിന്റെ ചാർജും നിങ്ങളുടെ വാർഷിക വരിസംഖ്യയും അയക്കേണ്ട വിലാസം

എഡിറ്റർ
വ്യവസായകേരളം
ഡോക്യുമെന്റേഷൻ സെന്റർ
ഡി.ഐ.സി. ബിൽഡിങ്, വെള്ളയമ്പലം
തിരുവനന്തപുരം – 695 033
ഫോൺ: 0471 2322789

Email: vyavasayakeralam@gmail.com

Printed and Published by the Kerala Bureau of Industrial Promotion (K-Bip)
on behalf of the Director of Industries & Commerce, Govt. of Kerala, Vikasbhavan, Thiruvananthapuram.
Printed at Akshara Offset, Thiruvananthapuram., Plot No. 53, I.D.A., Veli, Titanium P.O., Thiruvananthapuram 21
Editor: V.P. Aswathy